When his father died in 1935, Menon visited his house. In 1929, Menon changed Commonwealth League into India League and accepted the unpaid post of its secretary. He retained this position until 1947. In otherwords, Menon was the unofficial representative of the Indian national movement until he became the official representative of the independent India.

Menon made India League very popular in London. He brought into it all British sympathisers of Indian freedom and secured their moral support. Through the influence of Menon, the M.P.s who were the members of the League, raised the Indian issues in the British Parliament. Menon also organized Press propaganda. Frequently he was seen at Hyde Park lecturing against British wickedness in India. Whenever Chamberlain or Churchill spoke disparagingly about Gandhiji or about the Indian national movement, Krishna Menon boldly answered back from a soap-box in Hyde-Park, and in the letters-to-the-editor columns of British newspapers. For nineteen years since 1928 Krishna Menon has been working on with the zealousness of a missionary for the Indian cause and he has been staying in a shabby little room.

With all his degrees and with his all-round popularities in London, he could have earned a lot of money either as a lawyer or in any other position. But his first interest has been Indian independence.

Menon was the only Indian who had made a name for himself in the British political life. He joined the British Labour Party and on the Labour Party ticket he was elected to the Borough Council of St. Pancras, London, in 1934. He had served continuously as a Borough Councillor until August 1947. At the Borough his special interests were education and public libraries, and he is remembered as the best chairman of the Libraries Committee that St. Pancras ever had. For his outstanding work, Menon became one of the two men ever given Freedom of the Borough. The other: George Bernard Shaw.

Menon undertook the editorship of the "Twentieth Century Library". It was Krishna Menon, who started paper-back books in England, known

as Pelican Books. He was the founder and first editor of this series.

In 1938, the Scottish manufacturing city of Dundee chose Menon as its prospective Labour candidate for the House of Commons, but the Labour Party headquarters rejected Menon.

Krishna Menon, throughout his long political career has been consistently loyal to the Indian National Congress and, more particularly, to its progressive ideology as expounded and symbolized by Nehru. He has always been associated with progressive, democratic forces and personalities in national and international affairs. Menon has an enviable record of distinguished service the independent India—as High Commissioner in the United Kingdom, as leader of Indian delegation to the United Nations and various international peace conferences, and as Defence Minister. In every capacity he has acted with dignity, efficiency and patriotic concern for national as well as international honour and interests.

Kerala, his birth-place, India, his mother country and the world, where he lived, can be proud of Krishna Menon who lived for humanity.

Singapore Kerala Association can be proud of the great privilege it had in receiving at its premises this greatest Malayalee the history has ever seen.

*With the Compliments*

*of*

**LIBERTY MERCHANDISING CO. (PTE.) LTD.**

**358, TANJONG KATONG ROAD**
**SINGAPORE-15**

**TEL: 466976, 401489** • **CABLE: FIRSTCLASS**

*Wholesalers and Distributors of:—*

Wall to wall carpets, wall paper, curtain and furnishing fabric.

*Indentors of:—*

Textiles, Laminated Plastic Sheets, Acoustic Ceiling Tiles and Partition Boards, All kinds of Imported Furniture and PVC Leather Clothes.

# Gems From Confucius

**(Compiled by—S. M. NIRUPAMA NAIR)**

I am not born a wise man. I am merely in love with ancient studies and work very hard to learn them.

* * * *

A man who has committed a mistake and does not correct it, is committing another mistake.

* * * *

When you find a person worthy to talk to and fail to talk to him, you have missed your man. When you find a man unworthy to talk to and you talk to him you have wasted your words. A wise man neither misses his man nor misses his words.

* * * *

When you see a good man by to emulate his example and when you see a bad man search yourself for his faults.

* * * *

Do not worry about people not knowing you, but strive so that you may be worthy knowing.

* * * *

A gentleman is ashamed that his words are better than his deeds.

* * * *

The character of the ruler is like wind, and the character of the common people is like grass. The grass bends in the direction of the wind.

* * * *

Men are born pretty much alike, but through their habits they gradually grow further and further apart from each other.

* * * *

To know what you know and know what you don't know is the characteristic of one who knows.

# Prayer, Personal or National

By M. G. M.

THE Prayers are of many kinds. There are prayers of worship to God, Prayers for help, protection, success, happy married life, health and wealth. Finally the prayer of petition for the punishment of enemies.

Once Lilian was going to have a wonderful Holiday with her friends and a special boy-friend. It was to be the best holiday she had ever had. She planned first of all to spend a week in the beauties of the vally of Kashmir and then to spend another week in the boat. From there she wanted to spend a week in Simla and Dargeeling, two towns she had longed all her life to visit. Day and night she thus prayed for her happiness.

But the holiday was anything but marvellous when the actual time came. It was not that there was anything wrong with the holiday itself. Lilian simply allowed herself to be upset by small disappointments.

First of all she had expected cool breeze and beautiful sunshine for the whole week in Kashmir. But the first five days brought only wind and rain. On the fourth day another trouble arose. Lilian's boy-friend was ill for two days. She had to stay in the room and look after him. She was extremely annoyed that she was being robbed of her good two days. Thus she became moody for the rest of the holiday.

A great pity that such a lovely holiday should be spoiled by minor adversities. She is one of those kind who just can't take disappointments. From the childhood her parents had given way to all her wants. Now at the age of 25, she reacts like a child when she cannot have just what she wants. She cursed herself and God and even stopped praying.

Eversince I became an adult I stopped praying for my own wants. I spend some quiet times reading through the verses from the chapters of Psalms of the bible. Composed by different authors over a long period of time, the prayers were collected and used by the people of Israel in their worship, and eventually this collection was included in their scriptures. The beauty there are the prayers of praise and worships, the prayers for the people, the nation and country. It is mainly the prayers representing the needs and feelings of all the people and the country as a whole.

On the national day of our Republic I attended a special church service which started with the National Anthem. It continued with the songs psalms, the unusual words and figurative expressions help create and sustain a national atmosphere and loyalty.

If you can gain control over yourself in this way, instead of praying for personal benefits, you will be able to bring an unselfish effective worship in private devotion as well as for our National Republic of Singapore.

# CULTURAL COMMITTEE



*K.V. Shreedharan, Mr. Achutan Nair, Mr. S.r. Chandran, Mr. M. Vasudevan (Convenor) Mr. Kurup.*



***Executive Committee in session.***



*President welcoming Minister. Left standing Mr. V. Simon.*



*Republican day V. Pt welcoming Hon. Minister Lee Chiaw Meng*



*Mrs. M. Pereira garlanding the minister.*



*Minister addressing the gathering Republican day.*



***Republic day Celebration***
***Hon. Minister chats with Mr. Elias Pereira, Second from left is Ex. President Mr. G. Raman.***



***A view of Republican day Celebration***
***Extreme left is Mr. M.P.D. Nair L.L.B. our legal advisor.***



***Minister with President others from left***
***Mr. Gopalakrishnan, Mr. C.S. Balan (Convenor). Mr. Vasudevan.***



***Republican day Celebration***
***The minister with guests . Extreme left. Mr. V. Simon sports Secretary.***



***The Hon. Minister with president Mr. Mathews.***
***Others from Left: Mr. Antony, Treasurer Mr. K.S. Pillai, Mr. Gopalakrishnan Mr. Balan & Mr. Vasudevan Vice-President.***



*President, Mr. K.T. Samuel & Mr. V. Simon at V.I.P. gate.*



*Our Patron Mr. Elias Pereira addressing on Republic 10th Anniversary Celebration.*



*The audiance at the reception for Mr. Ramu Kariyat.*



*Minister chats with Russian Ambassador, Mr. Elias Pereira and the lady is ambassador's wife.*

*Mr. G. Raman & The Minister.*





*Republican day*
*Air India Asst. Manager & Mrs. P. Ram.*

*Mrs. Paras Ram with BHC guest.*





*The Official s' race at Onam Sports.*

*A section of Judges at Onam Sports.*





*Egg & Spoon Race at Onam Sports.*




*Sitting from left:- (Onam Sports held at Farrer Park) Patron Mr. Elias Pereira, Mr. MPD Nair, Mrs. Mary Elias Pereira, Mrs. Antony & M.G. Mathews (President).*



*A view of gathering at Onam Sports.*



*The crowd watching the events at Onam Sports.*


*Tug of war event at Onam Sports.*


*An event at Onam Sports.*


*Musical Chair at Onam Sports.*


*Sack Race at Onam Sports.*


*An event at Onam Sports.*


*An event at Onam Sports.*



*The M.C. Mr. Achutan Nair with Recorders at Onam Sports. From left: Mrs. Eapan, Miss Santa Balakrishnan & Mrs. Karan.*



*The president Mr. M.G. Mathews, having a consultation with M.C. Mr. Achutan Nair at Onam Sports.*



*The President, Mrs. D. Malheuir, Mrs. Mary Pereira, Mrs. Antony & Mrs. K.T. Samuel at Onam Sports.*



*Standing with cap on head is our sports secretary Mr. Simon Sitting from left: Mr. Pereira, Mr. MPD Nair, Mrs. Pereira, Mrs. Antony & Mr. K.T. Samuel.*



*The prizes display at Onam Sports.*



*Master Georgeson Mathews*



*Carrom Tournament*



*Carrom Match*



*Carrom Tournament*



*Carrom Tournament*

## OUR DANCE CLASS



*L-R: Chitra, Chinmaya, Shanta, Anita, Shaima*



*Mrs. K.O. George, Mrs. Gopalakrishnan, Mrs. (Dr.) Mary Varghese at Reception on 10th Anniversary Republican Day.*



*Mrs. Raman wife of St. Times reporter Mr. P.M. Raman chats with Mr. Achuthan Nair & Mr. S.R. Chandran. Republic 10th Anniversary*



*Our Mandarin Teacher Miss Chan.*

*Our Mandarin Class in Progress.*





*Our Malayalam Class in Progress.*


*Mr. Ramu Kariyat addressing the gathering at our Association.*


*Reception for Mr. Ramu Kariyat*



*Rejina Anthony (Ammukutty Amma), K.R. Krishnan (SUB Inspector), P.V. Panickar (Thilakan) and Vijayan (Police Constable)*



*Geetha Rosper Alphonsa (Leela Vathi), Rejina Anthony, (Ammukutty Amma), Stephen Pereira (Judge Krishnan Thamby) and G.P. Ravi (Raja Sekaran Nair)*



# OUR DRAMA ACTORS

*Nimmi (Ammu)*
*G.P. Ravi (Raja Sekaran Nair)*

*K.J. Nair (Sahasra-Namam)*
*G.P. Revi (Raja Sekaran Nair)*





*K.P.A. Baker (Sekara Paniker)*
*Mrs. Sarojini Chandran (Pattalam Bhavani)*



The Presentation of Prizes by Mrs. Mary Elias Pereira at Onam Sports





# the world's finest washer

**GENERAL ELECTRIC**

* Giant 18 lbs (8.1 Kg) capacity
* Permanent Press / Poly-Knit Cycle with automatic cool-down spray helps prevent wrinkles caused by spinning
* Famous 'Filter-Flo' washing system effectively traps fluff and serves as a detergent dispenser
* Exclusive Mini-Basket caters for small loads up to 2½ lbs (1.1 Kg) saves time and up to 70% electricity



MODEL WA 8062

*Available from all leading electrical dealers.*

**EQUATRON** SINGAPORE · 60 ORCHARD ROAD TEL. **363122**

A Member of the Inchcape Group

# Unrivalled Bonus in the Business

## available from asia life



### 38 PER 1000 ASSURED

This is the basic reversionary bonus on all our participating policies for the year 1974. It's the highest bonus declared in Singapore, Malaysia and Brunei.

### ADDITIONAL TERMINAL BONUS

In addition to reversionary bonus, terminal bonus will be payable on participating policies becoming maturity or death claims during the year 1975.

### MATURITY CLAIMS:

25% of Attached Bonuses on policies for terms 15 and more years.
10% of Attached Bonuses on policies for terms 10 to 14 years.

### DEATH CLAIMS:

25% of Attached Bonuses on policies in force for 25 years or over.
10% of Attached Bonuses on policies in force for 15 to 24 years.

## You may now earn a bonus of up to 47.50 Per 1000 Sum Assured on most Asia Life participating policies



**asia life**
**ASSURANCE SOCIETY LTD.**

Head Office: Asia Insurance Building,
Finalayson Green, Singapore 1.
Principal Office in Malaysia:
Asia Insurance Building,
No. 2, Jalan Raja Chulan,
Kuala Lumpur, 05-02.
Branches and Agencies throughout
Singapore, Malaysia and Brunei.



# ഓണാശംസകൾ!

ഓണം കേരളത്തിന്റെ ദേശീയോത്സവമാണ്. മലയാളികളുടെ ഒരു സുപ്രധാന സുദിനം. കഴിഞ്ഞുപോയ ഒരു നല്ല കാലത്തെപ്പററിയുള്ള സ്മരണയും, നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളും മൊട്ടിടുന്ന ഒരു സുമുഹൂർത്തം. കേരളത്തിന്റെ മണ്ണിന്റെ മക്കളുടേതായ ഈ തിരുവോണം കേരളീയർ ചെന്നെത്തിയിടത്തെല്ലാം അനുഗമിച്ചിട്ടുണ്ട്, സിംഗപ്പൂർ മലയാളികളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഇതു് വാസ്തവമാണ്.

കാലത്തിന്റെ ആഹ്വാനങ്ങളും, കലയുടെ സന്ദേശങ്ങളും, ബഹുവർഗ്ഗസമുദായത്തിന്റെ ആരോഗ്യപരമായ വളർച്ചയും, ശാസ്ത്രീയനേട്ടങ്ങളുടെ ഉൽഘോഷങ്ങളും ഓണോപഹാരത്തിലൂടെ സിംഗപ്പൂർ കേരളാ അസോസിയേഷൻ മുഴക്കിയിട്ടുണ്ട്. കലാമൂല്യവും സംസ്കാരവും ഉന്നതനിലവാരത്തിൽ പ്രതിഫലിപ്പിക്കുവാനുള്ള ഞങ്ങളുടെ യത്നങ്ങൾ വിജയിച്ചിട്ടുണ്ടെന്നും ഞങ്ങൾ അഭിമാനിക്കുന്നു.

വിളവെടുപ്പുകഴിഞ്ഞു് കേരളത്തിന്റെ സന്താനങ്ങൾക്കുവേണ്ടി ഒരുക്കുന്ന ഒരു വിശ്രമവേള കൂടിയാണ് ഓണം. പ്രകൃതി അതിന്റെ പുതിയ ഉടയാടയുടെ ശബളിമ കാട്ടിനിൽക്കുന്നു. രാത്രിയും പകലും മനോഭിരാമമായ മാതൃഭൂമിയെ അതിന്റെ പ്രിയപ്പെട്ട സന്തതികൾ കൺകുളിർക്കെ കാണട്ടെ എന്നു കരുതിയാവാം, പ്രകൃതിതന്നെ രാത്രിപകലായി മാററുന്ന പാലൊളി നിലാവുകൊണ്ടു് ഓണക്കാലത്തെ അനുഗ്രഹിക്കുന്നതു്. ഇത്ര ഹൃദയാകർഷകമായ പ്രകൃതി കേരളക്കരയിൽ മററൊരിക്കലും പ്രത്യക്ഷപ്പെടാറില്ല. ഈ നിലാവു പരന്ന ദിവസങ്ങൾ—അതേ അത്യാനന്ദകരമായ ഓണക്കാഴ്ചകൾ നമ്മുടെ സ്മൃതിപഥത്തിൽ മങ്ങാതെ നിഴലിക്കുന്നു.

ഓണം ദേശീയ ഉത്സവമാണെന്നതു ഇന്നും കവിസങ്കല്പത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. അതുകൊണ്ടായില്ല. എല്ലാ വീടുകളിലും ഓണനിലാവ് പരക്കണം. എല്ലാ പിഞ്ചു ഓമനകളുടെയും കണ്ഠങ്ങളിൽനിന്നും വിശ്വവശ്യമായ ഓണപ്പാട്ടുയരണം. അന്നേ ഓണം ദേശീയോത്സവമാകൂ!

നിങ്ങൾക്കെല്ലാം ഈ പൊന്നോണപ്പുലരിയിൽ എന്റെ ഹൃദയംഗമമായ ഓണാശംസകൾ!

എ. എം. റഷീദ്
ജനറൽ സെക്രട്ടറി
സിംഗപ്പൂർ കേരളാ അസോസിയേഷൻ

# x യഹോവയുടെ ശബ്ദം



യഹോവയുടെ ശബ്ദം
ധ്വനിപ്പൂ വെള്ളത്തിന്മേൽ
മഹത്വത്തിന്റെ ദൈവം
മേഘനിർഘോഷങ്ങളാൽ
പ്രതിധ്വനിപ്പിച്ചും കൊ–
ണ്ടനന്തമാകും വാരാ–
ന്നിധിമേൽതേജസ്സോടെ
വാണരുളുന്നു ഭംഗ്യാ.

യഹോവയുടെ ശബ്ദം
ശക്തിയിൽ മുഴങ്ങുന്നു;
യഹോവയുടെ ശബ്ദം
മേന്മയിൽ മുഴങ്ങുന്നു.

യഹോവാശബ്ദം ദേവ–
ദാരുകൾ തകർക്കുന്നു;
'ലബനോനി'ലെ ദേവ
ദാരുകൾ തകർക്കുന്നു.

അവയെ കാളക്കുട്ടി
പോലവൻ തുള്ളിക്കുന്നു;
ലബാനോൻ സീര്യോനദ്രി
കാട്ടിക്കുട്ടിയേയുംപോൽ.
യഹോവയുടെ ശബ്ദം
തീജ്വാല ചിതറുന്നു,
യഹോവയുടെ ശബ്ദം
മരുഭൂമിയെപ്പാരം
കാതരമാക്കിടുന്നു;
യഹോവ നടുക്കുന്നു
'കാദേശെ'ന്നതാം മഹാ
മണലാരണ്യത്തെയും.
യഹോവയുടെ ശബ്ദം
കേഴമാൻ പേടകളെ
പ്രസവിക്കു മാറാക്കി;
അതു തോലുരിക്കുന്നു
ഗഹനങ്ങളെ, തിരു–
മന്ദിരം തന്നിലെല്ലാം
മഹത്വം തന്നെയെന്നു്
ചൊൽകയും ചെയ്തീടുന്നു.
ജലപ്രളയത്തിന്മേൽ
യഹോവ വസിക്കുന്നു;
വിലസീടുന്നു മഹാ
രാജാവായവനെന്നും.
യഹോവ നൽകും ശക്തി
തൻ ജനങ്ങൾക്കു്, അനു–
ഗ്രഹിച്ചേകിടും ശാന്തി
തന്നുടെ ജനതക്കും.

—ജോസഫ് ചെറുവത്തൂർ.

x ഉടനെ പ്രസിദ്ധപ്പെടുത്തുന്ന "വിശുദ്ധ കാവ്യ സങ്കീർത്തനങ്ങൾ" എന്ന മഹാകാവ്യത്തിൽനിന്നു്.

അനുഭവം

# ഞാൻ മറക്കാത്ത തിരുവോണം

—By എം. ജി. മാത്യൂസ്—

ആയിരത്തി തൊള്ളായിരത്തി നാല്പത്തെട്ടിലെ (കൊല്ലവർഷം 1123–ലെ) ഉത്രാടദിവസം. ഞാൻ സന്നിപാതജ്വരം പിടിപെട്ട് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കിടക്കുകയാണ്. ചിങ്ങമാസത്തിലെ സുഗന്ധങ്ങൾ നിറഞ്ഞ മന്ദമാരുതൻ ആശുപത്രി വാർഡിൽകൂടി വീശികൊണ്ടിരുന്നു. ഞാൻകിടന്ന വാർഡിൽ എന്നെപ്പോലെ രോഗബാധിതരായ ഇരുപതുപേരുണ്ടായിരുന്നു. വിദഗ്ധനും ജനസമ്മതനുമായ ഡോക്ടർ അച്യുതൻനായരും ഒരു സ്റ്റാഫ് നേഴ്സും രണ്ടു നേഴ്സുമാരും ഞങ്ങളെ രോഗത്തിന്റെ പിടിയിൽനിന്നു രക്ഷിക്കാൻ ആത്മാർത്ഥമായി മല്ലിടുകയായിരുന്നു. അന്ന് ഒരുപക്ഷേ വൈദ്യശാസ്ത്രം ഇന്നത്തോളം പുരോഗമിച്ചിരുന്നില്ല. ഞാൻ ആശുപത്രിയിലായിട്ട് 68 ദിവസമായിരിക്കുന്നു.

തിരുവോണമെത്തിക്കഴിഞ്ഞു. ആ മഹോത്സവത്തെപ്പററിയുള്ള സംസാരമാണ്, സന്ദർശകർക്കും രോഗികൾക്കും കാതിനും മനസ്സിനും ഇമ്പം പകരുന്ന വർത്തമാനം.

എനിക്ക് നേരെ എതിർവശത്ത് കിടക്കുന്നത് 51 വയസ്സ് പ്രായമുള്ള കഴിത്തറ ശ്രീമാൻ പരമേശ്വരൻനായർ എന്ന കുബേരനും കരപ്രമാണിയുമാണ്. എല്ലാ ദിവസവും സന്ദർശന സമയങ്ങളിൽ അദ്ദേഹത്തെ കാണാൻ വരുന്നവർക്ക് കയ്യുംകണക്കുമില്ല. ഇതിനകം ദിവസവും വന്നുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ മകൻ രാമൻകുട്ടി എന്റെ ഒരു മിത്രമായിക്കഴിഞ്ഞു.

എന്റെ നാടും വീടും 75 മൈൽ അകലെയാണ്. അതുകൊണ്ട് എന്നെ കാണാൻ സാധാരണ ആരും വരാറില്ല. ഉററവരാരെങ്കിലും വല്ലപ്പോഴുമൊരിക്കൽ വരും. ഓണമവധി ആയതിനാൽ ഒരാഴ്ചത്തേക്ക് എന്റെ അമ്മ തിരുവനന്തപുരത്ത് ഒരു ബന്ധുവിന്റെ വീട്ടിൽ വന്നെത്തിയിട്ടുണ്ട്.

എന്റെ എതിർ കിടക്കയുടെ ചുററും അന്നത്തെ ദിവസവും സന്ദർശകരുടെ തിക്കം തീരക്കമായി. ഞാൻ കണ്ണുമിഴിച്ച് മേല്പോട്ടു നോക്കി കിടക്കയാണ്. എന്റെ മനസ്സ് ജന്മദേശമായ തിരുവാറന്മുളയിലേക്ക് പാഞ്ഞെത്തിക്കഴിഞ്ഞു. ഉത്രാടദിവസം. ബാല്യകാല ഓർമ്മകൾ മനസ്സിലേക്ക് ഇരച്ചുകയറി. തിരുവോണ നാളുകളിൽ കൂട്ടുകാരുമായി ഓണപ്പന്ത് കളിച്ചതും, ഊഞ്ഞാലാടിയതും, സഹപാഠികളുടെ വീടുകളിൽപോയി തുമ്പിതുള്ളൽ കണ്ടതും, ഓണസദ്യ ഉണ്ടതും, അടപ്രഥമൻ കുടിച്ചതും, ഉച്ചതിരിഞ്ഞ് സ്ഫടികജലം നിറഞ്ഞൊഴുകുന്ന പമ്പയാററിന്റെ നടുക്കയത്തിൽ അലങ്കരിച്ച ത്രിവർണ്ണപതാകകൾ പാറിപ്പറപ്പിക്കുന്ന കളിവള്ളങ്ങൾ നിരനിരയായി....

"പറഞ്ഞതങ്ങനെതന്നെ, പാതിരാവായല്ലോ പതി" ഇത്യാദി പാട്ടുകളുടെ ശീലിനൊത്ത് തുഴഞ്ഞ്, കുതിച്ച്കുതിച്ച്, ഒഴുക്കിനെതിരെ കിഴക്കോട്ട് പായുന്നതും മററമെല്ലാം എന്റെ മനസ്സിൽകൂടെ ഒരു വർണ്ണചലച്ചിത്രംപോലെ മിന്നിമറഞ്ഞുകൊണ്ടിരുന്നു.

ഒരു നേഴ്സ് മരുന്നു തരാനായി അടുത്തുവന്നു തൊട്ടുവിളിച്ചപ്പോൾ സങ്കല്പചിത്രങ്ങൾ കണ്ടുകൊണ്ടിരുന്ന തിരശ്ശീല പൊട്ടിത്തകർന്ന് നിലത്തുവീണ പ്രതീതിയുളവായി.

രോഗികളെ പരിശോധിക്കുകയായിരുന്ന ഡാക്ടർ അച്യുതൻ നായർ, കരപ്രമാണിയുടെ അടുക്കലെത്തി. പരിശോധന കഴിഞ്ഞ് രോഗിയോടു പറഞ്ഞു "രോഗത്തിന് അല്പം കുറവു കാണുന്നുണ്ട്, അതിനാൽ പാൽചേർത്ത് അല്പം കഞ്ഞി വേണമെങ്കിൽ നാളെ കഴിക്കാം. നാളെ തിരുവോണമാണല്ലോ."

ഈ വാക്കുകൾ കേൾക്കുകയായിരുന്ന ഞാൻ മനസ്സാ സ്വയം ശപിച്ചു. എന്റെ പനി ഒന്നു കുറയുന്നില്ലല്ലോ, തിരുവോണത്തിന്റെ പേരിൽ സ്വല്പം പാൽകഞ്ഞി എനിക്കും

ക്കാമായിരുന്നു. ഇച്ഛാഭംഗം കാരണമായിരിക്കണം, രണ്ടുതുള്ളി കണ്ണുനീർ എൻെറ കവിളുകളിലൂടെ ഒഴുകി. എന്തൊരു കൊതി!! നെല്ലരി വക ഉള്ളിൽ പോയിട്ട് മാസങ്ങളാം തന്നെ കഴിഞ്ഞിരിക്കുന്നു. ഞാൻ എല്ലാ ദൈവങ്ങളേയും വിളിച്ചു ഉള്ളിൽ കരഞ്ഞുകൊണ്ടിരുന്നു.

ഡാക്ടർ എൻെറ അരികിലെത്തി പരിശോധിച്ചശേഷം കഞ്ഞികുടിക്കാനുള്ള അനുവാദം (കഞ്ഞിപ്പാസ്സ്") എനിക്കും നൽകി. ഹൊ! മനസ്സ് തുള്ളിച്ചാടി. എൻെറ അമ്മ ഒന്നു വേഗം വന്നെങ്കിൽ എന്നാശിച്ച് വാതിലിലേക്ക് നോക്കി കിടപ്പായി.

പരമേശ്വരൻനായരുടെ ഭാര്യ കടന്നുവരുന്നു. അവർ ഭർത്താവിൻെറ അരികിൽ വന്നിരുന്ന് വ്യസനസമേതം പറഞ്ഞു, ഗൃഹനായകൻ ഇല്ലാതെ തിരുവോണദിവസം കഴിച്ചുകൂട്ടണമല്ലോഎന്ന്, തനിക്ക് പനി വളരെ കുറവുണ്ടെന്നും അതിനാൽ എന്തും കഴിക്കാമെന്നും ഡോക്ടർ പറഞ്ഞതായി പരമേശ്വരൻനായർ ഭാര്യയെ അറിയിച്ചു.

ഇതു കേട്ടമാത്രയിൽ ഭാര്യക്കുണ്ടായ സന്തോഷത്തിനതിരില്ല. "അങ്ങനെയാണെങ്കിൽ ഓണം എല്ലാം നാളെ ഇങ്ങു കൊണ്ടുവരാം." ഭാര്യ അറിയിച്ചു.

മി. നായരുടെ വിശപ്പ് നാളെവരെ കാത്തിരിക്കാൻ അനുവദിച്ചില്ല. അദ്ദേഹം ഭാര്യയോടു പറഞ്ഞു "എടി അതു നാളെയല്ലേ; ഇപ്പോൾ വിശക്കുന്നതിനു വേഗംപോയി ചോറും കറിയും, മറക്കാതെ കുറെ കാളനും കൊണ്ടുവരിക."

ഭർത്താവിൻെറ ആജ്ഞ ശിരസ്സാവഹിച്ച് അവർ ഉടനെ പുറത്തേക്കുപോയി. ഏകദേശം ഒന്നരമണിക്കൂറിനുള്ളിൽ ടിഫിൻ ക്യാരിയറുമായി കാറിൽ മടങ്ങിയെത്തി. ഇതിനകം എൻെറ അമ്മയും എത്തിക്കഴിഞ്ഞിരുന്നു. എൻെറ വീട് തിരുവനന്തപുരത്തുനിന്നും വളരെ ദൂരെ ആയതിനാൽ ഭക്ഷണകാര്യത്തിൽ അമ്മയെ ബുദ്ധിമുട്ടിക്കുന്നതിന് എനിക്ക് പ്രയാസംതോന്നി. എങ്കിലും പാൽകഞ്ഞിക്കുള്ള കൊതി എന്നെ പ്രേരിപ്പിച്ചു. പനി കുറവുണ്ടെന്നും, പാൽകഞ്ഞി കുടിക്കാമെന്ന് ഡോക്ടർ പറഞ്ഞിരിക്കയാണെന്നും, സ്വല്പം പാൽകഞ്ഞി പാളയത്ത് കടയിൽനിന്നും തിരുവോണ ദിവസമായ നാളെ വാങ്ങിക്കൊണ്ടു വരണമെന്നും ഞാൻ അമ്മയോട് അപേക്ഷിച്ചു. എൻെറ അവശതയിൽ കനിവുതോന്നിയ അമ്മ "ശരി" എന്ന് ഉറപ്പുനൽകിപ്പോയി.

വിസിററിംഗ് സമയം കഴിഞ്ഞിരുന്നതിനാൽ സന്ദർശകരെല്ലാം വാർഡിൽനിന്നും യാത്രയായി. പരമേശ്വരൻനായരുടെ പത്നിയും തിരിച്ചുപോയി. കുറേ കഴിഞ്ഞ് സ്വല്പം ബാർലി വെള്ളം കുടിച്ചശേഷം ഞാൻ നിമിഷങ്ങൾ എണ്ണിഎണ്ണി കിടന്ന് ഉറങ്ങിപ്പോയി.

പർപ്പടകം, കട ച്ചുപൊട്ടിക്കുന്ന ശബ്ദം കേട്ട് ഞാൻഉണർന്നു കണ്ണുതുറന്നപ്പോൾഞാൻ കണ്ടത് കട്ടിലിൽ ഇരുന്ന് ഊണു കഴിക്കുന്ന പരമേശ്വരൻനായരെയാണ്. കൊതികാരണം ഞാൻ കണ്ണടയ്ക്കാതെ നായരുടെ വായിൽ നോക്കി കിടന്നു. നാവിലൂടെ ഊറിയ നീര് ഞാൻ കുടിച്ചിറക്കി. ഇടവിടാതെ നോക്കിക്കിടക്കുന്ന എന്നെ ഊണിൽ പങ്കുചേരാൻ നായർ ക്ഷണിച്ചു.

"കുഞ്ഞേ, വിശക്കുന്നില്ലേ? ഇച്ചിരി ചോറ് ഉണ്ണുന്നോ, നല്ല കാളനുണ്ട്." കൊതി വളരെയുണ്ടെങ്കിലും പനിയുടെ ഭയംനിമിത്തം ഞാൻ വേണ്ടാ എന്ന് ആംഗ്യംകാണിച്ചു. ഏതാനും മിനിട്ടിനുള്ളിൽ അവശനായ ഞാൻ വീണ്ടും ഉറക്കത്തിലായി.

പൊന്നിൻ തിരുവോണപ്പാട്ടുകൾഅടുത്തുള്ള കടകളിലെ ഉച്ചഭാഷണികളിൽനിന്നും കേട്ട് ഞാൻ ഉണർന്നു. തിരുവോണദിവസംവന്നല്ലോ എന്ന്വിചാരിച്ച്എൻെറമുന്നിലെകിടക്കയിലേക്ക് നോക്കി. പരമേശ്വരൻനായർ നല്ല ഉറക്കമാണ്–എന്തിന്, വിളിച്ചുണർത്തുന്നത് എന്നു വിചാരിച്ചു.

അന്നു രാവിലെ ഡോക്ടർ വന്നില്ല. ഓണസദ്യയും മററും കഴിഞ്ഞ് രണ്ടു മണിയോടുകൂടി അദ്ദേഹം വന്നു. കൂർക്കംവലിച്ചുറങ്ങുന്ന പരമേശ്വരൻനായരെ അദ്ദേഹംതൊട്ടുനോക്കി. പനി വളരെ കൂടിയിരിക്കുന്നു. കാരണമറിയാതെ കുഴങ്ങിയ ഡോക്ടർ എൻെറ മുഖത്തേക്കു നോക്കി. എന്നിൽനിന്നും ഒരു വിദഗ്ദ്ധാഭിപ്രായം ആരായുന്നതുപോലെയുള്ള ഒരു ചോദ്യമാണ് ഞാൻ ആ നോട്ടത്തിൽ കണ്ടത്.

ഞാൻ സൈഡ് ടേബിൾ ചൂണ്ടിക്കാണിച്ചു. അടുക്കു പാത്രത്തിൽ വറുത്ത എണ്ണയുടെ അവശേഷം കണ്ട ഡോക്ടർ കുപിതനായി,

ചെറുകഥ

# സദാചാരം ഒരു പ്രദർശനവസ്തു.....

—കെ. എസ്. കെ. കഴിമ്പ്രം—

ആൾത്തിരക്കേറിയ പട്ടണത്തിലൂടെ കാറോടിച്ചു പോയപ്പോൾ ഒരു ചിന്ത മാത്രമായിരുന്നു മനസ്സിലുണ്ടായിരുന്നത്. ഈ യാത്ര ആരും അറിയരുതേയെന്ന്. അടുത്ത ദിവസം ആഫീസിൽ വരാൻ അല്പം താമസിക്കുമെന്നു മാത്രം. ചീഫ് ക്ലാർക്കിനോട് അത്യാവശ്യമായ ട്രങ്ക് കാളുകൾ വല്ലതും വന്നെങ്കിൽ, നാളെ ഉച്ചതിരിഞ്ഞു തിരിച്ചു വിളിച്ചേക്കാമെന്നു പറയാൻ ശട്ടംകെട്ടി; സൗകര്യമായി. നാളെ മുതൽ "നോ വർക്ക്"...ആഫീസിൽ വന്നിട്ടു ജോലി ചെയ്യാതിരിക്കുക. അതും വേണ്ടിവന്നു. ബോണസിനുവേണ്ടിയുള്ള സമരം ഇന്നു കാലത്താരംഭിച്ചു കഴിഞ്ഞു...,

ഇന്ന് "ഇല്ലത്തു നിന്നിറങ്ങിത്തിരിച്ചു, അമ്മാത്ത് എത്തിയിട്ടില്ല." എന്നായിരിക്കുന്നു സ്ഥിതി.

വാസ്തവത്തിൽ എത്രയെത്ര ആഗ്രഹങ്ങളാണ് ചുററുപാടുകളുടെ സമ്മർദ്ദത്താൽ 'ഷെലരാവോ' ചെയ്യപ്പെട്ടു മനസ്സിൽ കിടക്കുന്നത്. അല്പം നേരത്തെ ആഫീസിൽ നിന്നിറങ്ങിയപ്പോൾ ഭാര്യയേയും കുഞ്ഞിനേയും കാണാൻ നാട്ടിൽ പോകുകയായിരിക്കുമെന്ന് പുതുതായിവന്ന സ്റ്റെനൊഗ്രാഫർ മറിയാമ്മ വിചാരിച്ചിരിക്കും. മായി. അവൾ കണ്ടതിനേക്കാൾ കൂടുതൽ പത്തു വർഷം ലോകത്തിൻെറ നിറംമാററം കണ്ടതല്ലേ? സുന്ദരിയായ ഒരു യുവതി തനിക്കുവേണ്ടി കാത്തുനിൽക്കുമ്പോൾ, സദാചാരം ആർട്ടുഗ്യാലറിയിലെ ഒരു പ്രദർശനവസ്തുവായിത്തീർന്നിരിക്കുന്ന ഇക്കാലത്ത്, അതിനു മനുഷ്യനുണ്ടാക്കിയ അതിർ വരമ്പുകൾ തകരേണ്ടിയിരിക്കുന്നു....

"ഓ! അവളെ ദാമ്പത്യത്തിൻെറ മതിൽക്കെട്ടിനകത്ത് കെട്ടിയിട്ടു കഴിഞ്ഞു...."

"അവൾക്കൊരവിഹിതബന്ധം പാടില്ല,..."

അത്ഭുതത്തോടെ ആലോചിക്കുകയായി

---

പാത്രം തട്ടിത്തെറിപ്പിച്ചു. നേഴ്സിനോട് എന്തൊ മന്ത്രിച്ചിട്ട് തലകുനിച്ച് നിശ്ശബ്ദനായി ഇറങ്ങിപ്പോയി. ഉടനെ നേഴ്സ് ഒരു മരുന്ന് കുത്തിവച്ചുകൊടുത്തു. പത്തു മിനിട്ടിനകം വീണ്ടും ഒന്നുകൂടി കുത്തിവച്ചു. അപ്പോഴും പരമേശ്വരൻനായർ പ്രജ്ഞയററ മട്ടിൽ ഗാഢനിദ്രയിലാണ്. എൻെറ ഉള്ളിൽ ഭയവും സങ്കടവും അതോടുകൂടി ശരീരമാകെ ഒരു വിറയലുമുണ്ടായി. അടുത്ത് എന്തു സംഭവിക്കാൻ പോകുന്നു എന്നുള്ള ചിന്തയിൽ ഞാൻ കിടക്കയാണ്.

പരമേശ്വരൻനായരുടെ ഭാര്യയും മകൻ രാമൻകുട്ടിയും പ്രത്യേക അനുവാദം വാങ്ങി മൂന്നര മണിയോടുകൂടി വാർഡിലെത്തി. രണ്ടുകുട്ട് അവർ തൂക്കിപ്പിടിച്ചിട്ടുണ്ടായിരുന്നു. ഓണ ഭക്ഷണപദാർത്ഥങ്ങളായിരിക്കും. വന്നപാടേ "അച്ഛാ" എന്ന് ശബ്ദമുയർത്തി രാമൻകുട്ടി വിളിച്ചു. വിളികേൾക്കാത്ത കാരണം തൊട്ടുവിളിച്ചു. അടുക്കുപാത്രം അയാളുടെ കയ്യിൽനിന്നും താഴെ വീണു. പിന്നെ അവിടെ കൂട്ടക്കരച്ചിലായിരുന്നു. ആളുകൾ തിങ്ങിക്കൂടിക്കൊണ്ടിരുന്നു.

വൈകിട്ടു സന്ദർശനസമയത്ത് എൻെറ അമ്മ കൊണ്ടുവന്ന പാൽകഞ്ഞി എനിക്ക് കുടിക്കാൻ കഴിഞ്ഞില്ല, മനസ്സും തോന്നിയില്ല.

എല്ലാ തിരുവോണ നാളിലും ഈ ദാരുണസംഭവം എൻെറ സ്മരണയിലെത്താറുണ്ട്. പ്രത്യേകിച്ച് ഏങ്ങിഏങ്ങി കരഞ്ഞുകൊണ്ടിരുന്ന രാമൻകുട്ടിയെ എനിക്ക് മറക്കാൻവയ്യാ. അദ്ദേഹം തിരുവോണത്തിനെങ്കിലും എന്നെ ഒന്നു ഓർക്കുമോ!

വായനക്കാരായ നിങ്ങൾ എന്തു പറയുന്നു?

---

രുന്നു. മനസ്സിന്റെ മാത്രം പ്രചോദനത്തിനു വഴങ്ങി, തന്നെ കാണാൻ ഒരു യുവതി തയ്യാറായി നിൽക്കുന്നു. നീ മിടുക്കിയാണ്.

ആരുടെയൊക്കെ കണ്ണുകളെയാണ് നീ തെററിക്കാൻ പോകുന്നത്? ജീവിതത്തിലെന്തൊക്കെ മാററങ്ങളുണ്ടായാലും ഒരു രാത്രി തനിക്കുവേണ്ടി അവൾ ചിലവാക്കാമെന്നേററിരിക്കുന്നു. സുഖകരമായൊരാലസ്യത്തോടെ ആ രാത്രി തയ്യാറെടുത്തു നിൽക്കുകയാണ്...പട്ടണത്തിലെ ബസ്സ്സ്റ്റാന്റിന്റെ അടുത്തുകാണുന്ന 'വിദേശ മദ്യങ്ങൾ' വില്പന നടത്തുന്ന ഷാപ്പിനരികിൽ കാർ പാർക്കു ചെയ്തു.

അകത്തുചെന്നു മാനേജരോടു പറഞ്ഞു:

"VAT 69" ഒരു ബോട്ടിൽ.."

അയാൾ ഭദ്രമായി പൊതിഞ്ഞുതന്നു.

അതു കാറു തുറന്നു പിൻസീററിൽവച്ചിരുന്ന സൂട്ട്കേസിൽ തിരുകിക്കയററി വച്ചപ്പോൾ ട്രഷറിയിൽനിന്നു മാറിക്കിട്ടേണ്ട ടി.എ.ബില്ലുകളെപ്പററി ഓർക്കുകയായിരുന്നു.. ,പുതിയ അംബാസിഡർ കാറിന്റെഫ്റണ്ട്സീററിൽ ഗൗരവത്തിലുള്ള ഇരുത്തം കാണുമ്പോൾ അവൾ ചിരിച്ചുകൊണ്ടു പറഞ്ഞേക്കും.

"ഇപ്പോൾ ഗമ മുഴുവനും ആയി..." അവളോടു ബേക്ക്സീററിൽ കയറിക്കൊള്ളാൻ പറയണം. വല്ല കുരുത്തം കെട്ടവരും കണ്ടുപിടിച്ചാൽ ആകെ തകരാറിലാകും.

അല്പം ആലോചിച്ചപ്പോൾ മനസ്സിന്റെ സംശയങ്ങൾ അസ്ഥാനത്താണെന്നു തോന്നി. കാരണം സുന്ദരിയായ ഒരു യുവതി പിറകിലത്തെ സീററിലുള്ളപ്പോൾ കാർ ഓടിക്കുന്നവനെ ആരു ശ്രദ്ധിക്കാൻ. ഒരു പക്ഷെ അവൾ ഡോർ തുറന്നു ഫ്റണ്ടു സീററിൽ തന്റെ ഇടത്തുഭാഗത്തുചേർന്നിരുന്നാലോ?...പിന്നെയാകെ കുഴപ്പത്തിലായി. മൂന്നു മാസം ട്യൂഷൻ പഠിപ്പിച്ചിരുന്ന കാര്യങ്ങൾ അവൾ മറന്നിരിക്കില്ല. ആദ്യത്തെ ഒരാഴ്ച അവളുടെ അമ്മ ട്യൂഷൻ മുറിക്കു ചുററും സെക്യൂരിററിക്കാവൽതന്നെ നടത്തിയിരുന്നു. എഴുതിക്കൊണ്ടിരുന്ന പേന തറയിൽ വീണാൽ മതി 'സർപ്രൈസ് ചെക്ക്'' തുടങ്ങുകയായി. ഗൗരവത്തിലുള്ള തന്റെ ഭാവവും ഇരുപ്പും കാണുന്നതോടെ ബന്ധങ്ങൾ അയയുകയായി.....

അവളുടെ അമ്മയ്ക്കു് തന്നെമനസ്സിലാക്കാൻ സാധിച്ചില്ല.

അല്ലെങ്കിൽ ശരിയല്ലേ. ആർക്കും ആരേയും മനസ്സിലാക്കാനാവില്ല.

"മാലതി, നീ ജയിക്കണം, അച്ഛനപെൻഷനായില്ലേ..."

നാട്ടിലെ പ്രൈമറി സ്കൂൾ അദ്ധ്യാപകനായിരുന്നു അവളുടെ അച്ഛൻ. നല്ലൊരു മനുഷ്യനായിരുന്നു. എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചിരുന്ന തന്നെ ഒരു ബുദ്ധിരാക്ഷസനായി അദ്ദേഹം വിചാരിച്ചിരുന്നു. അതുകൊണ്ടാണല്ലോ മകൾക്കു് ട്യൂഷൻ കൊടുക്കാൻ തന്നോടു പറഞ്ഞത്.

പെട്ടെന്നെങ്ങനെയാണ് സമ്മതം മൂളുക

"ധാരാളം വായിക്കാനുണ്ട്..."

"കണക്കു മാത്രം ആഴ്ചയിൽ രണ്ടോ മൂന്നോ മണിക്കൂർ പറഞ്ഞുകൊടുത്തിൽമതി.."

വലിയൊരുപകാരമാണ് താൻ ചെയ്യുന്നതെന്നു ആ മനുഷ്യൻ കരുതി. കാണുമ്പോഴൊക്കെ എന്തു സ്നേഹപ്രകടനമാണെന്നോ?

അന്നു മനസ്സിൽ കരുതിയതാണ്; കണക്കു പഠിപ്പിക്കുകയൊക്കെചെയ്യാം. പക്ഷെ എന്റെ കണക്കു കൂട്ടലുകൾ തെററരുത്.

കോളേജ് ബ്യൂട്ടിയായിരുന്ന റാണി ചന്ദ്രയെ സ്വപ്നം കണ്ടുനടക്കുന്ന കാലം. വർക്കു ഷോപ്പിൽനിന്നു് സൂപ്രണ്ടിന്റെ കണ്ണുതെററിച്ച് നാലു മണിയാകുമ്പോൾ പുറത്തിറങ്ങാനായിരുന്നു ശ്രദ്ധ,

കോളേജടച്ച നാട്ടിലെത്തിയപ്പോൾ ബസ്സ് സ്റ്റാണ്ടിൽ കാത്തുനിന്നിരുന്ന ബാഹുലേയനോടു ചോദിച്ചു: "ഇത്തവണ മാലതി പാസായോ...."

ചോദിച്ചപ്പോഴും പാസാവുമെന്നു പ്രതീക്ഷയില്ല. പക്ഷെ അവൾ അത്തവണ പാസായി.

അവളുടെ അച്ഛനെ കണ്ടപ്പോൾ പറഞ്ഞു:

"വലിയ സന്തോഷം. മാലതി ഇത്തവണ പാസ്സായല്ലോ...." കഴിഞ്ഞ തവണ താൻ പഠിപ്പിച്ചതൊക്കെ ഇത്തവണ ചോദിച്ചപോലും, അതാണത്രേ അവൾ പാസ്സായത്"....

അതിന്റെ പേരിൽ മാലതിയെ ഒന്നു അനുമോദിക്കണമല്ലോ....അവളുടെ വീട്ടിൽ പോകാൻ അവസരവുമായി.

തനിക്കഭിമുഖമായിട്ടിരുന്ന ടീപ്പോയി

ൽ അവൾ കാപ്പി കൊണ്ടുവന്നു വച്ചപ്പോൾ ആരും കേൾക്കാതെ പതുക്കെ പറഞ്ഞു: "ഇതൊന്നും പോരാ...."

അവൾ ഊറിഊറി ചിരിച്ചു. കഴിഞ്ഞ തവണ കണ്ടപ്പോഴുണ്ടായ സംഭവം ഓർക്കുകയാവാം....

"അമ്മയും അനിയനും ഇപ്പോൾ സിനിമയ്ക്കൊന്നും പോകാറില്ലേ?...."

"രാജേട്ടൻ പോയതിൽപ്പിന്നെ രണ്ടു ദിവസം അമ്മ ഇവിടില്ലായിരുന്നു...."

"മണ്ടിപ്പെണ്ണേ, നീ അതൊന്നറിയിക്കണ്ടെ." എന്നു പറയണമെന്നു തോന്നി. അവളുടെ അമ്മയുടെ കണ്ണുകളെ കബളിപ്പിക്കാൻ കിട്ടിയ അവസരം പാഴായതോർത്തപ്പോൾ നിരാശതോന്നി. മുമ്പൊരിക്കൽ ഭാഗ്യത്തിനു അങ്ങനെയൊരവസരം കിട്ടിയെന്നേയുള്ളു.

അന്നു കൈകൾ ബലമായി പിടിച്ചു തന്നോടു ചേർത്തുനിർത്തിയപ്പോൾ മാലതി പ്രതിഷേധിച്ചില്ല; അവൾ കുതറിമാറിയില്ല. ഫലവത്തായ മനസ്സ്, പ്രതീക്ഷിക്കാത്ത വിജയത്തിൽ ആനന്ദംകൊള്ളുകയായിരുന്നു.

നിമിഷങ്ങൾ നീണ്ടുനിന്ന ആനന്ദം, അനുഭൂതിയുടെ മണ്ഡലങ്ങളിലേക്കു വ്യാപിച്ചപ്പോൾ പറഞ്ഞു:

"ഇതൊക്കെ നിന്റെ അച്ഛൻ കാണണം."

"എന്തായിപ്പറയുന്നതു്....കണക്കായി...."

ആർക്കുവേണ്ടിയും കാത്തുനിൽക്കാത്ത അവസരങ്ങൾ പലപ്പോഴും കടന്നുപോയി. "എന്നെ വിവാഹം കഴിക്കണം" അങ്ങനെയൊരിക്കലും അവൾ പറഞ്ഞില്ല. എഞ്ചിനീയറായ തന്റെ കണക്കുകൂട്ടലുകൾ തെററിക്കൂടാ. (വിവാഹം എന്ന വാക്കു് താൻ ഒരിക്കൽപോലും ഉച്ചരിച്ചിട്ടില്ല....) ധനികനായ അമ്മാവന്റെ മകളെ വിവാഹംചെയ്യുമ്പോഴും അവളുടെ സ്വത്തിലായിരുന്നു ശ്രദ്ധ. ഓഹരിക്കുവേണ്ടി ഒടുവിൽ വഴക്കുകൂടാനൊന്നുംവയ്യ. അതുകൊണ്ടു് ആദ്യംതന്നെ എല്ലാം തിരിച്ചു് എഴുതിവാങ്ങി....

തിരക്കൊഴിഞ്ഞ റോഡുകടന്നു് പട്ടണത്തിലേക്കു പ്രവേശിക്കുന്ന മെയിൻറോഡിലുള്ള മുൻസിപ്പ്കോടതിയുടെ നടയിലെത്തിയപ്പോൾ രണ്ടാഴ്ചമുമ്പു് മാലതിയെക്കണ്ട കാര്യം ഓർത്തു.

"ഉം....ഇവിടെ....?"

"എനിക്കു താലൂക്കാഫീസിലൊരു ജോലി കിട്ടി....മൂന്നു മാസത്തേയ്ക്കു്...."

മാലതിയെക്കണ്ടപ്പോൾ മനസ്സിൽ മറഞ്ഞുകിടന്ന ഒരനുഭൂതി ഉടലെടുക്കുകയായിരുന്നു. പഴയരാജേട്ടനല്ല.മാലതിയെവീണ്ടും കാണുന്നതു്; എങ്കിൽതന്നെയെന്തു്?

ഒന്നിനും ഒരിക്കലും പരിഭവിക്കുന്ന സ്വഭാവം അവൾക്കില്ലല്ലോ....

രണ്ടു കൊല്ലത്തിനിടയിൽ രണ്ടു കുഞ്ഞുങ്ങളുടെ അച്ഛനായി.

സതിമോളും സതീഷും.

കുഞ്ഞുങ്ങളുടെ സൗഖ്യത്തെപ്പററി അവളന്വേഷിച്ചു. ഇടയ്ക്കു പറഞ്ഞു:

"രാജേട്ടനു് അൽപം ക്ഷീണം തോന്നുന്നുണ്ടു്...."

"ജോലി ഇതായിപ്പോയില്ലേ, ആഫീസും ഫീൽഡും ആയി കഴിയുന്നു...."

സംസാരത്തിനിടയിൽ അവളെ ശ്രദ്ധിക്കുകയായിരുന്നു. രണ്ടു കൊല്ലത്തിനു മുമ്പു് കണ്ടതിലും സുന്ദരിയായി അവൾ മാറിയിരിക്കുന്നു. അല്പം തടിച്ചിട്ടുണ്ടു്.

പഴുത്ത വെററിലയുടെ സ്വർണ്ണഛവി കലർന്ന നിറം, ഇടത്തെ കൺപുരികത്തിന്നു മീതെവച്ചു് പകുത്തിട്ട മുടി, കൊച്ചു നീർച്ചുഴിപോലെ ചുരുണ്ടുകിടക്കുന്ന ലോലമായ അളകങ്ങൾ, പിന്നിലെ നിമ്നോന്നതങ്ങൾക്കനുസൃതമായി കാൽമുട്ടുവരെ നീണ്ടുകിടക്കുന്ന, കരിനീലനിറത്തിൽ തിളങ്ങുന്ന മെടഞ്ഞിട്ട മുടി, കറുത്ത പുരികങ്ങളോടുകൂടിയ വലിയ നിഷ്കളങ്കമായ കണ്ണുകൾ, മനസ്സിലേയ്ക്കാണ്ടിറങ്ങുന്ന നോട്ടം.

"മാലതി ഇനി എന്നു് വീട്ടിൽ പോകുന്നു?....

"അടുത്തമാസം ആദ്യം ഒന്നു പോകണം...." അവൾ പറഞ്ഞു.

അവൾ യാത്രപറഞ്ഞു് ലോഡ്ജിലേയ്ക്കു മടങ്ങുമ്പോൾ തോന്നി: മാലതിയെ ഇനി കാണുകയൊന്നുംവേണ്ട. അതു കുഴപ്പത്തിലേയ്ക്കായിരിക്കും വഴിതെളിക്കുക.

മനസ്സിൽ ആരോ മന്ത്രിച്ചു: മൂന്നുമാസം മാത്രമല്ലേ മാലതി ഇവിടെ കാണുകയുള്ളു. പ

ററിയ അവസരം....

അവളുടെ ആഫീസിലേയ്ക്ക് എഴുതിയയച്ചപ്പോഴും മറുപടി പ്രതീക്ഷിച്ചതല്ല. ഭാര്യയും കുട്ടികളുമുള്ള രാജേട്ടനു് അവളെന്തിന്ന മറുപടിയെഴുതണം?

പക്ഷെ മാലതി എഴുതി—"രാജേട്ടൻ പറഞ്ഞപോലെ കാണാം. ചേട്ടനും കുഞ്ഞുങ്ങൾക്കും സുഖംതന്നെയല്ലേ?"

മാലതിയുടെ എഴുത്ത് മേശപ്പുറത്തിരുന്നു പുഞ്ചിരിച്ചു. അപ്പോൾ ക്രൂരമായ ഒരാനന്ദത്തോടെ ഓർത്തു: ജീവിതത്തിലെന്തൊക്കെ മാററങ്ങളുണ്ടായാലും ഒരു രാത്രി അവൾ തനിക്കുവേണ്ടി ചിലവാക്കാമെന്നേററതാണല്ലോ. ആയിരത്തൊന്നു രാവുകളുടെ കഥ പറയാൻ വെമ്പുന്ന ഒരു രാത്രി....മാററങ്ങളുണ്ടായതു് തനിക്കാണു്. എങ്കിലും ഇടരാത്രി തൻേറതാണു്....

നഗരം പുരോഗമിക്കുകയാണു്. ഓട്ടോറിക്ഷാക്കാരേയും, ടാക്സിക്കാരേയും, പകൽ സദാചാരക്കാരേയുംകൊണ്ടു് തെരുവീഥികൾ നിറയുന്നു. അവളുടെ ലോഡ്ജിൻെറ നടപ്പാത ചെന്നവസാനിക്കുന്ന മെയിൻറോഡിലെത്താൻ രണ്ടു മൈൽകൂടിയുണ്ടു്. ചെറിയ മഴ ചാററലിൽ കാറിൻെറ വൈപ്പർ ചലിപ്പിച്ചു. റോഡിൻെറ വലതുവശത്തു കാണുന്ന റെസ്റ്റ് ഹൗസ്സിൻെറ മുമ്പിൽ കാറുകൾ പാർക്കുചെയ്തിട്ടുണ്ടായിരുന്നു. ട്രാൻസ്ഫറായി വന്ന അവസരത്തിൽ ഒരാഴ്ച അവിടെ താമസിച്ചിട്ടുണ്ടു്....൨ം നമ്പർ ലെവൻ. താമസ സൗകര്യങ്ങളൊക്കെ ശരിയാക്കിത്തന്നതും കൺട്രാക്ടറാണു്. അയാൾ എന്നോടൊന്നിച്ച സംസാരിച്ചിരിയ്ക്കുവാൻ സമ്മാനിച്ച പെൺകുട്ടിയെവിടെ! 'ശ്രീലത'യെന്നായിരുന്നു അവളുടെ പേർ....അതോ 'സുജാത'യെന്നോ? സുന്ദരിയായ അവൾക്കു് മുടി അല്പം കുറവായിരുന്നു. തലനാരിഴകൾ വീണുകിടന്നബെഡ്ഡ്ഷീററു്വിരിച്ചുതന്നപ്പോൾ മനസ്സിനെ പിടിച്ചുനിറുത്തിക്കൊണ്ടു് ആരോടെന്നില്ലാതെ പറഞ്ഞു:

"ഇതാവർത്തിക്കരുതു്."

ആവർത്തിച്ചു, പലപ്പോഴും!

ചിന്തകൾ അനിയന്ത്രിതമായപ്പോൾ കുലിൽ കല്ലിടുന്ന കൺട്രാക്ടറുടെ സേവനമനസ്ഥിതിയായിരുന്നുതോന്നിയതു്.

മാലതിയുടെ ലോഡ്ജ് അടുത്തുകഴിഞ്ഞു. അവൾ കാത്തുനിൽക്കാതിരിക്കില്ല. പരസ്പരം ചേർന്നുനിന്ന ചൂടു് അവളനുഭവിച്ചതാണു്. പലപ്പോഴും അടുക്കളയിൽ ജോലിചെയ്തിരുന്ന വേലക്കാരിയെ പേടിച്ചാണെങ്കിലും...

കാറിൻെറ സ്പീഡൊന്നു കുറച്ചു. പുറത്തേയ്ക്കു നോക്കി. ഇറങ്ങി അന്വേഷിക്കുവാൻ ധൈര്യമുണ്ടായില്ല; പരിചയമുള്ള ആരെങ്കിലും കണ്ടാലോ? അവൾ മറന്നുകാണുമോ? അതോ മറുപടിയെഴുതാഞ്ഞിട്ടു് പരിഭവിച്ചതാണൊ?

കുറച്ചുദൂരം സ്പീഡ്കുറച്ചു കാർ വിട്ടു....ചാററൽ മഴയുള്ളതുകൊണ്ടു് റോഡ് വിജനമായിരുന്നു.

മെയിൻ റോഡിലേയ്ക്കു കയറുന്നതിനു തൊട്ടുമുമ്പുള്ള ബസ്സ്സ്റ്റാൻറിൽ മാലതി നിൽക്കുന്നു; ഒരു എയർബാഗു് തോളിലൂടെ തൂക്കിയിട്ടിട്ടുണ്ടു്. അവൾ ചിരിക്കാൻശ്രമിച്ചു.

"കേറിക്കോളൂ...."

ഇരുന്ന ഇരുപ്പിൽ തിരിഞ്ഞു് കാറിൻെറ പിറകിലത്തെ ഡോർ തുറന്നുകൊടുത്തു. അവൾ കയറിയിരുന്നു.

"ലോഡ്ജിൻെറ മുമ്പിൽ നിൽക്കുമെന്നാണു് വിചാരിച്ചതു്. അവിടെ നോക്കിയപ്പോൾ കണ്ടില്ല..."

"വല്ലവരും സംശയിച്ചാലോ.... ഞാൻ മാറിനിൽക്കുകയായിരുന്നു....."

അവളെ അനുമോദിച്ചുകൊണ്ടു പറഞ്ഞു "നീ മിടുക്കിതന്നെ...."

അവൾ കുനിഞ്ഞിരുന്നു.

മനസ്സിൽ കണക്കുകൂട്ടുകയായിരുന്നു: എട്ടു മണി കഴിയുമ്പോൾ അവിടെ എത്തും. ആ സമയത്തു് ആരും അത്ര പെട്ടെന്നു കണ്ടെന്നുവരില്ല. ആരെങ്കിലും കണ്ടാൽ ഒരു പച്ചക്കള്ളം പറയണം. മാലതി ഒരു കസിനാണു്. ഇവിടെ കോൺവെൻറിൽ നെഴ്സറിയിൽ ജോലികിട്ടി. പുതിയ സ്ഥലമല്ലേ, അതുകൊണ്ടു് ഞാൻകൂടെ വന്നു. ജോലിക്കയയ്ക്കാമെന്നു വിചാരിച്ചതല്ല. കോൺവെൻറായതുകൊണ്ടു് ഞാനും സമ്മതിച്ചു....

വിശ്വസിക്കാതിരിക്കാൻ പററുമോ?

ഫോർത്ത് ഗീയറിൽ പായുന്ന കാറി

ന്റെ സ്പീഡോ മീററിലേക്കു നോക്കി മാലതി പറഞ്ഞു;

"ധൃതികൂട്ടണ്ട....എങ്ങനെയായാലും അധികം വൈകുന്നതിനുമുമ്പ് എത്തും."

അകലെ കാണുന്ന മൈതാനിയിൽ ഒരു പൊതുയോഗത്തിന്റെ സംരംഭങ്ങൾ നടക്കുകയാണ്....നേതാവ് എത്തിക്കഴിഞ്ഞിട്ടില്ല. ഞരമ്പുരോഗികളുടെ ഒരു ഘോഷയാത്ര പന്തവുംപിടിച്ചു മുന്നേറുന്നു....

തിരക്കിട്ട നഗരജീവിതത്തിന്റെ വ്യഗ്രതയിൽ അവകാശങ്ങൾ പിടിച്ചുപററാനുള്ള ശ്രമമാണ് എവിടേയും....

"എത്തിക്കഴിഞ്ഞു...."

റോഡിന്റെ വലതുവശത്തു കാണുന്ന തിയേററിന്റെ വിളിച്ചറിയിക്കുന്ന ചുവന്ന അക്ഷരങ്ങൾ കണ്ടപ്പോൾ തോന്നി; റൂമെടുത്തിട്ട് സെക്കൻഡ് ഷോയ്ക്കു പോയാലെന്തെന്ന്.

വേണ്ട....പരിചയക്കാർ ആരെങ്കിലും കണ്ടാലോ? ടി–ബി. യുടെ മുമ്പിൽ കാർ പാർക്കുചെയ്തപ്പോൾ, പ്രതീക്ഷയിലും കവിഞ്ഞ ആത്മവിശ്വാസമാണ് തോന്നിയത്.

നേരെ ചെന്ന് മാനേജരോടു പറഞ്ഞു: "ഡബിൾ റൂം....അററാച്ച്ഡ്...." മാനേജർ ബോയിയെ വിളിച്ചു, റൂമിന്റെ താക്കോലേല്പിച്ചു. തുറന്നുകൊടുക്കുവാൻ പറഞ്ഞു. മാലതി നിഴൽപോലെ തന്നെ പിന്തുടരുന്നുണ്ടായിരുന്നു. റൂമിലെത്തിയപ്പോൾ ബോയിയോടു പറഞ്ഞു: "രണ്ടു കപ്പ് ചായ കൊണ്ടുവാ...."

കുറച്ചുകഴിഞ്ഞ് അവൻ ചായയും തടിച്ച പുസ്തകവുമായി തിരിച്ചുവന്നു. പുസ്തകത്തിൽ പേരും ഉദ്യോഗവും എഴുതിച്ചേർത്തു—

യാത്രോദ്ദേശം; ഡൊമസ്റ്റിക്ക്....

ഡബിൾ ഓർ സിംഗിൾ: വിത്ത് ഫാമിലി.

അത്ഭുതത്തോടെ ഓർത്തു: ഒരു മാസം പബ്ളിക്ക് ഹെൽത്തിൽ ആയിരുന്നപ്പോൾ ഇവിടായിരുന്നു താമസിച്ചിരുന്നത്; റൂം നമ്പർ ടൂവിൽ....സിമൻറിന്റെ പായംതേച്ച സുന്ദരമായ ട്രാവലേഴ്സ് ബംഗ്ലാവ്....എല്ലാ സൗകര്യവുമുണ്ട്. സിനിമ കാണാനാണെങ്കിൽ അടുത്തുതന്നെ തിയേററർ....അപ്സ്റ്റെയറിൽനിന്നു നോക്കിയാൽ വയനാടൻ ചിത്രങ്ങളുടെ രൂപഭംഗി ഇഷ്ടംപോലെ ആസ്വദിക്കാം....സുന്ദരമായ ഒരു ഭൂപ്രകൃതി.

ഇവിടത്തെ ലോഡ്ജുകളിലും, ടി.ബിയിലും പകലൊക്കെ മുറികൾ ഒഴിഞ്ഞുകിടക്കും. രാത്രിയായാൽ എല്ലാ മുറികളിലും ഫാമിലിയുമൊത്ത് ആളുകൾ വരും....കോയമ്പത്തൂർനിന്നും, മംഗലാപുരത്തുനിന്നും തമിഴ് പെൺകിടാങ്ങളേയും, കൊങ്ങിണി യുവതികളേയുംകൊണ്ട് മലയാളി ചെറുപ്പക്കാർ വരുന്നു. ലോഡ്ജ്–ടി.ബി–രജിസ്റ്ററിൽ എഴുതുന്നു: "കുടുംബസമേതം". മാനേജർക്ക് കാര്യം മനസ്സിലാകും, എങ്കിലും അയാൾ മൗനം ദീക്ഷിക്കും. കാരണം ഏതാനും മണിക്കൂറുകൾ അവിടെ താമസസൗകര്യം കൊടുത്താൽ, അല്പം വെള്ളം ചിലവാകുന്നതൊഴിച്ചാൽ വലിയ നഷ്ടമൊന്നും വരാനില്ല. പതിനഞ്ചും ഇരുപതും രൂപാ വാങ്ങാമല്ലോ....

തന്റെ കാര്യത്തിൽ മാനേജർക്ക് സംശയങ്ങളൊന്നും തന്നെയില്ല. അതുകൊണ്ടു വാടകയും മിതമായിരുന്നു.

രജിസ്റ്ററുംകൊണ്ട് ബോയി മടങ്ങിയപ്പോൾ വിളിച്ചുപറഞ്ഞു:

"രണ്ടുപേർക്ക് മീൽസ്...."

° ° ° ° °

അങ്ങനെ ഒരു രാത്രി വിടരുന്നു....മാലതീ, നീയാഗ്രഹിച്ച ഒരു രാത്രി....മാംസത്തിനുവേണ്ടിയുള്ള അവിശുദ്ധമായ കൂട്ടുകെട്ടല്ല. മാംസത്തിനു വില പറഞ്ഞിട്ടില്ല ഇവിടെ.

അവളുടെ അന്തഃകരണത്തിന്റെ പ്രചോദനം മാത്രം....

ഒരു നിമിഷം ആലോചിച്ചിരുന്നു: രാജേട്ടൻ ഭാര്യയും കുഞ്ഞുങ്ങളും ഉള്ള ആളാണ്.... അവൾക്ക് ഉപദേശിക്കാമായിരുന്നില്ലേ?

ഊണു കഴിച്ചുകൊണ്ടിരുന്നപ്പോൾ വാററ് 69 സ്കോച്ച് വിസ്കി കുപ്പി തുറന്നു ഗ്ലാസ്സിലൊഴിച്ചു. അല്പം 'കാലി' ഓറഞ്ചും കലത്തി മോന്തിക്കുടിച്ചപ്പോഴും അവൾ ഒന്നും ചോദിച്ചില്ല....

മേശമേൽ ഇരുന്ന ഒഴിഞ്ഞ സിഗററ് പാക്കററ് അലക്ഷ്യമായി കൈയിലെടുത്ത്

അവൾ ചോദിച്ചു:

"രാജേട്ടൻ ഇതൊക്കെ മറക്കില്ലേ...."

മറക്കില്ല എന്നു പറയാൻ ധൈര്യമില്ല. എങ്കിലും അവളുടെ സമ ധാനത്തിനുവേണ്ടി പറഞ്ഞു:

"മാലതി, നീയായിരിക്കും ആദ്യം മറക്കുക...."

"അങ്ങനെയൊരു കാലമുണ്ടാവില്ല." അവൾ ദീർഘമായി നിശ്വസിച്ചു. ശരീരത്തിന്റെ തളർച്ച ആ നിശ്വാസത്തിൽ വ്യക്തമായിരുന്നു. ഇരുട്ടിന്റെ ആവരണമിട്ട നിശബ്ദയാമങ്ങൾ കടന്നുപോയി....

രാത്രി വണ്ടികൾ പാളങ്ങളെ തകർത്തു പാഞ്ഞുപോയി. ലോഹം ലോഹത്തിൽ കൂട്ടിയുരസിയുണ്ടാകുന്ന ശബ്ദം.

മനസ്സിന്റെ ദുർബ്ബലതയിൽ ചിന്തിച്ചുപോയി. ഒരിക്കൽക്കൂടി....അഴിഞ്ഞുലഞ്ഞ വസ്ത്രങ്ങൾ നേരെയാക്കിയിട്ടുകൊണ്ട് അവൾ പറഞ്ഞു:

"നന്നേ ക്ഷീണമുണ്ട്."

പിറേറദിവസം ക്ഷീണിച്ച മകൾ സുഖക്കേടുപിടിച്ചു കിടക്കുന്ന അമ്മയെ കാണുവാനെത്തുമ്പോൾ അവർ ചോദിക്കും:

"എടീ....മോളേ! നിനക്കെന്തുപററി?"

സകല ശക്തികളും വീണ്ടെടുത്തു അവൾ പറഞ്ഞേക്കും:

രാത്രി ഒരു പോളകണ്ണടച്ചില്ല... തീവണ്ടിയിൽ നല്ല തിരക്കായിരുന്നു.

പ്രഭാതത്തിന്റെ നനുത്ത വെളിച്ചം. കിഴക്കു വെള്ള വീശിത്തുടങ്ങി. ജനാലകൾ മലക്കെ തുറന്നു വെളിയിലേയ്ക്കു നോക്കിനിന്നു.

അമ്പലത്തിൽ നിർമ്മാല്യം തൊഴുതു പെൺകുട്ടികൾ മടങ്ങുകയാണ്.

തിങ്കളാഴ്ച നോയ്മ്പുകാരികൾ!

തണുത്ത കാററടിച്ചപ്പോൾ തിരിച്ചുചെന്നു കട്ടിലിലിരുന്നു.

അവൾ തളർന്നുറങ്ങുകയാണ്....വിളിക്കാതിരിക്കാൻ നിവർത്തിയില്ല.

"മാലതി, എണീക്ക്."

അവൾ കണ്ണു തുറന്നു.

"ഇനി എനിയ്ക്കു വയ്യാ രാജേട്ടാ."

"അതിനല്ലാ വിളിച്ചതു്. നേരം നല്ല മാതിരി വെളുത്തു. കുളിക്കാനൊന്നും നേരമില്ല. ആറുമണിക്കു് വണ്ടിയുണ്ടു്."

ഉടുത്തൊരുങ്ങി വിസിററിംഗ് റൂമിൽ വന്നിരുന്നു. ആവി പറക്കുന്ന ചായ കുടിക്കുമ്പോൾ ആലിലപോലെ അവൾ വിറയ്ക്കുന്നുണ്ടായിരുന്നു.

റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ വണ്ടി പുറപ്പെടാൻ ഏതാനും മിനുട്ടുകളേയുള്ളു. ലേഡീസിന്റെ സെക്കൻറ് ക്ലാസ്സ്കമ്പാർട്ടുമെൻറിന്റെ അകത്തു് ജനലിൽ കൈ ചേർത്തു നിൽക്കുമ്പോൾ ആരും അറിയപ്പെടാത്ത യാത്രയിൽ ആനന്ദം തോന്നി.

"ഓണത്തിനു വരുമ്പോൾ ഒരു കാഞ്ചീപുരം സാരി വാങ്ങിക്കൊണ്ടു വരാം."

"ഓ....ഒന്നുംവേണ്ട." അവൾമൊഴിഞ്ഞു.

"രാജേട്ടനു് ക്ഷീണമുണ്ടു്. നല്ലവണ്ണം ശരീരം നോക്കണം."

വെള്ളയുടുപ്പിട്ട ഗാർഡ് പച്ചക്കൊടി കാണിച്ചപ്പോൾ വണ്ടി പോകാൻ ഒരുങ്ങുകയായി. ഒഴിഞ്ഞ കമ്പാർട്ടുമെൻറിന്റെ ജനലിലൂടെ കൈ പുറത്തുകാണിച്ച്, ക്ഷീണിച്ച പുഞ്ചിരിയുമായി അവൾ 'ടാററാ' പറഞ്ഞു.

വണ്ടി ഒരു നീണ്ട ചൂളംവിളിയോടെ മുന്നോട്ടു കുതിച്ചുപാഞ്ഞു.

# പോത്തേര എഴുത്തച്ഛൻ

## പഴയ സ്മരണകളുടെ ഏടുകളിൽനിന്നു്

—കെ. എൻ. നായർ—

കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ പണ്ഡിതാഗ്രേസരന്മാരിൽ ചിലരെയെങ്കിലും ചിലപ്പോഴം ഇന്നത്തെ യുവസാഹിത്യകാരന്മാരെ ഓർമ്മിപ്പിക്കുന്നതു നന്നായിരിക്കും, വിസ്മയത്തോടുകൂടി നമ്മുടെ പ്രശംസക്കു അവർ അർഹരായിത്തീരുന്നു. അവരുടെ അമാനുഷിക പ്രാഭവം നമ്മെ അത്ഭുതപ്പെടുത്തും. കലാസമ്പൂർണ്ണമായ കൃതികളുടെരചയിതാവു് ആരെന്നറിയാതെ അവ പാടിവരുന്നു. ദിവ്യനായ പോത്തേര എഴുത്തച്ഛനെയും അദ്ദേഹത്തിൻെറ കൃതികളെയും കലാസമ്പന്നതയെയും വിസ്തരിച്ചുകൊണ്ടുള്ള ലേഖനങ്ങളും വിവരണങ്ങളും അധികമൊന്നും ഈ ലേഖകൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഒരു പക്ഷെ, പാടത്തിറങ്ങിനെല്ലു തിന്നുന്ന പശുവിനെ അടിക്കാൻ സ്ഥലം കാണാതെ മർമ്മശാസ്ത്രത്തിൻെറ മറുകാകണ്ട നമ്പൂതിരി കുഴങ്ങിയപ്പോഴം അദ്ദേഹത്തിൻെറ ഒരുപണിക്കാരന്നു് ഒരു വലിയ മടലെടുത്തു് അതിൻെറ നടുപ്പുറത്തു് പ്രഹരിക്കുവാൻ യാതൊരു സംശയവും തോന്നിയില്ലല്ലോ. അങ്ങിനെ ഒന്നായി മാത്രം എൻെറ ഈ ഉദ്യമത്തെ കരുതിയാൽമതി.

ഉത്തര കേരളത്തിൽ കണ്ണൂർ ഡിസ്ത്രിക്ടിൽ തളിപ്പറമ്പു് താലൂക്കിൻെറ ഏറെക്കുറെ വടക്കെ അററത്തു് 'പടപ്പെങ്ങാട്ടു്' എന്ന ദേശത്തു് പേരും പെരുമയുമില്ലാത്ത ഒരു ക്ഷേത്രമുണ്ടായിരുന്നു. പൂജയും, പൂജാരിയുമില്ലാത്ത ക്ഷേത്രം. ആ ക്ഷേത്രത്തിലെ പ്രതിഷ്ഠ എന്തായിരുന്നുവെന്നു് ആ ഭാഗത്തുള്ളവർക്കുതന്നെ കേട്ടു കേൾവിപോലുമുണ്ടായിരുന്നില്ലത്രെ. ഒരു ദിവസം ദിവ്യനായ പോത്തേര എഴുത്തച്ഛൻ ആ വഴി പോകയായിരുന്നു. ക്ഷേത്രസന്നിധിയിൽ എത്തി. തൻെറ കയ്യിലുണ്ടായിരുന്ന ഓലക്കെട്ടു കാടു് കയറിപ്പടർന്ന ക്ഷേത്രമുററത്തു്വെച്ചു് അടച്ചുകിടന്ന ക്ഷേത്രത്തിൻെറ മുൻഭാഗത്തു് ശ്രീകോവിലിന്നു്നേരെ നോക്കിക്കൊണ്ടു് ഒരു ശ്ലോകം ചൊല്ലി:

"നാഥെബലപദപങ്കജം മനസീമെതോ—
നീടുവാൻ കൈതൊഴാം
പാലാമാഴികടഞ്ഞനാളുഴറിനോരമ്മെജഗ—
ന്മോഹിനി
ട്രലോകെശതസോമതാപസവരൻ—
നിർമ്മിച്ചു സന്താനമെ
സമ്പത്താശ്രുതരേണമസ്പ്രനമിതെവമ്പാർന്ന
സോമെശ്വരി."

ഉടനെ ഒരു അശരീരികേട്ടു. "അകാരണമായി എൻെറ പേർ വിളിക്കാൻ പ്രേരിപ്പിച്ച ധിക്കാരത്തിനു് പ്രതികാരമായി ഞാനിതാ കണ്ഠമാല സമ്മാനിക്കുന്നു" അതിന്നു എഴുത്തച്ഛൻെറ പ്രതികരണം: "അങ്ങിനെ കണ്ഠമാല ഉണ്ടാവുന്നതായാൽ അതിനെ ഞാൻ ആയുധമില്ലാതെ അറുക്കും." എന്നു പറഞ്ഞുംകൊണ്ടു് തൻെറ കെട്ടുമേന്തി എഴുത്തച്ഛൻ യാത്രയായി

പോത്തേര എഴുത്തച്ഛൻ തുഞ്ചത്താചാര്യൻെറ സമകാലീനനായിരുന്നു തുഞ്ചത്താചാര്യൻ 8-ാം ശതകത്തിലായിരുന്നു ജീവിച്ചതെന്നു മഹാകവി ഉള്ളൂർ സമ്മതിക്കുന്നുണ്ടു്. ഒരാൾ തിരൂരിന്നടുത്താണു് ജീവിച്ചതെങ്കിൽ മററെ ആൾ തളിപ്പറമ്പിന്നു സുമാർ 12 നാഴിക വടക്കായിരുന്നുവത്രെ. കേരളത്തിനു് സ്വപ്നേപി മറക്കാൻ കഴിയാത്ത രണ്ടു എഴുത്തച്ഛന്മാർക്കും അവരുടെ ദിവ്യത്വംകൊണ്ടു് പരസ്പരം ഏറെക്കുറെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുവത്രെ. അവർ അന്യോന്യം കാണുവാൻ നിശ്ച

യിച്ചു. ആയതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്തു. ഉത്തര കേരളത്തിൽ ഇന്നത്തെ തളിപ്പറമ്പുതാലൂക്കിൽ 'തൃച്ചംബരത്തുത്സവം' വളരെ പേരുകേട്ട ഉത്സവമാണ്. ഇന്നും നമുക്കു സുപരിചിതമാണല്ലൊ കഥകളിയുടെ സമാപനം കുറിക്കുന്ന ശ്ലോകം:–

"ഉദയഗിരി ചുകന്നു, ഭാനുബിംബം
വിളങ്ങീ
നളിനമുകുളജാലെ മന്ദഹാസം തുടങ്ങീ
പനിമതിമറവായി ശംഖനാദം മുഴങ്ങീ
ഉണരുകകണികാൺമാൻ നിർമ്മല തൃച്ചം
ബരേശാ"

തൃച്ചംബരേശൻ, ശ്രീകൃഷ്ണഭഗവാനല്ലാതെ വേറെ ആരും അല്ലതന്നെ. പൊതുനിരത്തിന്മേൽ (പബ്ളിക്ക് റോഡ്) രാത്രി എതാണ്ട് ഒരു മണി മുതൽ നാലു മണിക്കും മദ്ധ്യേ ബലരാമനും ശ്രീകൃഷ്ണനും അവരുടെ നൃത്തലീല കൊണ്ടാടുന്നതാണ് തൃച്ചംബരത്തുത്സവം. കുംഭമാസം 22–ാം തീയതി മുതൽ മീനം രണ്ടാം തീയതിവരെ 'പൂക്കോത്തനട'എന്ന പ്രസിദ്ധി ആർജ്ജിച്ച നിരത്തിന്മേൽ വെച്ചാണ് നൃത്തവും, ആട്ടവും, ഓട്ടവും കൊല്ലന്തോറും കൊണ്ടാടുന്നതു്. എമ്പ്രാന്തിരിമാർ വിഗ്രഹങ്ങൾ ശിരസ്സിലേന്തി വാദ്യഘോഷത്തിന്നനുസരിച്ച് താളത്തിൽ തുള്ളിക്കൊണ്ടുള്ള നൃത്തം. ഭക്തിനിർഭരതയുടെയും കലാസുഭഗതയുടെയും സമ്പൂർണ്ണസമ്മേളനം. ബഹുജന ശ്രദ്ധയാകർഷിക്കുന്ന ഈ എഴുന്നള്ളത്ത് പുകളാർന്ന ഒരുത്സവമാണെന്നു പറയാം. കാലസ്ഥിതികൊണ്ട് ആഘോഷങ്ങൾക്കു ഊനംതട്ടിയിട്ടുണ്ടെങ്കിലും ആരാധനാപരമായ ഭാവത്തിനു കുറവുവന്നിട്ടില്ല. പൂക്കോത്തനട പൂക്കോത്ത എന്ന ഇല്ലത്തിന്റെ അങ്കണമാണ്. ആ അങ്കണത്തിൽകൂടിയാണ് പിന്നീട് പൊതുനിരത്തുവന്നതു്. അങ്ങിനെ തൃച്ചംബരത്തുത്സവം കഴിയുന്ന മീനം 2–ാംനു-യത്തെ മഹോത്സവത്തിനു രണ്ടു എഴുത്തച്ഛന്മാരും വന്നുചേരാമെന്നും പൂക്കോത്തനടയിൽവെച്ചു കാണാമെന്നുമായിരുന്നു ഉദ്ദേശിച്ചിരുന്നതു്. എന്നാൽ രണ്ടുപേരും അവിടെ നിശ്ചയിച്ച ദിവസം ഉത്സവത്തിനു എത്തിച്ചേർന്നുവെങ്കിലും ജനബാഹുല്യംകൊണ്ടു വടക്കുനിന്നു തെക്കോട്ടു പോകുവാനും തെക്കുനിന്നു വടക്കോട്ടു നീങ്ങാനും കഴിയാതെ മടങ്ങിപോകേണ്ടിവന്നുവെന്നാണ് ഐതിഹ്യം.

1930–നു മുമ്പാണെന്നു തോന്നുന്നു, തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഒരു മാസികയിൽ മൂർക്കോത്ത്കുമാരൻ എഴുതിയ ഒരു ലേഖനത്തിൽ വായിച്ച സംഗതികൾ ആധാരമാക്കി എഴുതുന്നതാണ് എൻെറ ഈ വിവരങ്ങൾ. മൺമറഞ്ഞ കുമാരൻ മാസ്റ്ററവർകളുടെ ലേഖനത്തിന് വേറെയും ഉദ്ദേശമുണ്ടായിരുന്നു. ആയതു പിന്നീടു രേഖപ്പെടുത്താം.

ഇനി നമുക്ക് പോത്തേര എഴുത്തച്ഛൻ കടയുമായി പടപ്പെങ്ങാട്ടു സോമേശ്വരി ക്ഷേത്രത്തിൽനിന്നു യാത്രയായി എന്നു പറഞ്ഞുവെച്ച ഭാഗം തുടരാം. എഴുത്തച്ഛൻ കുറച്ചുദൂരം പോയപ്പോഴെക്കും കണ്ടമാല പുറത്തേക്കു വന്നു കഴിഞ്ഞു. ആയുധമില്ലാതെ അതിനെ അറുക്കമെന്നു ശപഥം ചെയ്ത ആ മഹാൻ അവിടെനിന്നു കുറെ തെക്കു പടിഞ്ഞാറ് കുപ്പംപുഴയുടെ കരയെ ലക്ഷ്യംവെച്ചുംകൊണ്ടു നടക്കുകയായിരുന്നു. കുപ്പംപുഴ പഴയങ്ങാടിപ്പുഴയുടെ ഉപശാഖയാണെന്നു പറയാം. പഴയങ്ങാടിപുഴ അറബിക്കടലിൽ ചെന്നുചേരുന്നു. കുപ്പംപുഴയുടെ കര ചില സ്ഥലങ്ങളിൽ മനുഷ്യസഞ്ചാരത്തിനു അതിദുർഘടമായിരുന്നുവത്രെ. ചില സ്ഥലങ്ങളിൽ കരയിടുക്കു ആഴമേറിയതും ഭയാനകവുമായിരുന്നു. എഴുത്തച്ഛൻ തൻെറ ഉദ്ദേശവും സൌകര്യവും മുൻനിർത്തി പുഴക്കരയിൽ ഒരു സ്ഥലം കണ്ടുപിടിക്കട്ടെ. വലിയ വൃക്ഷങ്ങളെക്കൊണ്ടു നിബിഡവുംജനസഞ്ചാരയോഗ്യമല്ലാത്തതുമായ കര. വൃക്ഷങ്ങളുടെ ശാഖകൾ ഉറപ്പുള്ളവയും പുഴയിലേക്കു ചാഞ്ഞുകിടക്കുന്നവയുമായിരുന്നു. വൃക്ഷശാഖകളുടെ ചുവട്ടിൽ ആഴമേറിയ പുഴക്കര. വൃക്ഷങ്ങളിൽ ഉറപ്പുള്ള കാട്ടുവള്ളികൾ വേണ്ടത്ര ചുറഞ്ഞുപിരിഞ്ഞു പടർന്നു പിടിച്ചിരുന്നു. എഴുത്തച്ഛൻ തൻെറ ഓലക്കുട ഒരു സ്ഥലത്തുവെച്ച് പാട്ടുപെട്ട് തൻെറ ഉദ്ദേശനിർവ്വഹണത്തിനു കഴിവുള്ള ഒരു വൃക്ഷത്തിന്മേൽ പറ്റിപ്പിടിച്ചു കയറി തൂങ്ങികിടക്കുന്ന വള്ളികളിൽ 101 എണ്ണം കരസ്ഥമാക്കി അവയെക്കൊണ്ട് ഒരു ഉറി ഉണ്ടാക്കി അതിൽ ഇരിപ്പിടം ഉറപ്പിച്ചു. സൂര്യഭഗവാനെ ധ്യാനിച്ച്, ഭഗവാനെ ആ

പാദചൂഡം വർണ്ണിച്ചുകൊണ്ടു ശ്ലോകങ്ങൾ രചിക്കുവാൻ തുടങ്ങി. ഓരോ ശ്ലോകവും പൂർണ്ണമായാൽ ഉറിയുടെ ഓരോ തണ്ടും മുറിക്കുകയായിരുന്നു തന്റെ പതിവ്,

എഴുത്തച്ഛൻ ക്രമപ്രകാരം സൂര്യഭഗവാനെ പ്രസാദിപ്പിക്കുവാനുള്ള 100 ശ്ലോകങ്ങളും രചിച്ചുകഴിഞ്ഞു. അങ്ങിനെ ഉറിയുടെ 100 തണ്ടും അറുത്തുകഴിഞ്ഞുവെന്നു എടുത്തുപറയേണ്ടതില്ലല്ലൊ. അവസാനം ശേഷിച്ച ഒരേ ഒരു തണ്ടിൽ എഴുത്തച്ഛൻ തൂങ്ങിപററികഴിയുകയാണ്. വന്യമായ ശാന്തത വാനത്തോളം വ്യാപിച്ചുകിടന്നിരുന്നു. വായുവിനുപോലും ഒരു വിറങ്ങലിപ്പ്. 101-ാമത്തെ ശ്ലോകം പൂർത്തിയായാൽ അവിടെ ഉണ്ടാവാൻപോകുന്ന ഭയങ്കരവും ഉൽക്കണ്ഠാജനകവുമായ സംഭവത്തിന്റെ വെളിച്ചത്തിൽ പക്ഷികൾ മരങ്ങളുടെ പൊത്തിൽനിന്നു പുറത്തുവന്നു; പാമ്പുകളും മററുള്ള ഇഴജന്തുക്കളും മാളങ്ങളിൽനിന്നു വെളിയിൽ വന്നു അത്യാഹിതത്തിന്റെ സൂചനകൾ മുഴക്കുമാറ് ഓരോ വിധത്തിൽ ശബ്ദിക്കുവാൻ തുടങ്ങി. പതിയിരിക്കുന്ന അപകടം. 101-ാമത്തെ ശ്ലോകം പൂർത്തിയായി. ഏകാവലംബമായ 101-ാമത്തെ വള്ളിയും അറ്റു. എന്നാൽ അഗാധമായ പുഴയിലെ വെള്ളത്തിൽ വീഴുന്നതിനു മുമ്പായി സൂര്യഭഗവാൻ പ്രത്യക്ഷപ്പെടുകയും എഴുത്തച്ഛനെ താങ്ങിപിടിക്കയുംചെയ്തുവത്രെ. എന്താണു വരം വേണ്ടതെന്നു ചോദിച്ചപ്പോൾ കണ്ഠമാല ആയുധമില്ലാതെ അറുക്കുമെന്ന തന്റെ ശപഥം സാക്ഷാൽകരിക്കുകയാണ് തന്റെ ഉദ്ദേശമെന്ന് അറിയിച്ചു. സൂര്യഭഗവാൻ അഭീഷ്ടം നിറവേററി അപ്രത്യക്ഷനാവുകയുംചെയ്തുവെന്നാണ് ഐതിഹ്യം. എഴുത്തച്ഛൻ അഭീഷ്ടസിദ്ധിയിൽ സന്തോഷഭരിതനായി തന്റെ ഓലക്കുടയുമായി വീട്ടിലേക്ക് (പോത്തേരി) മടങ്ങി. വീട്ടിൽ എത്തി കുട മുററത്തുവെച്ച് അകത്തേയ്ക്കു പ്രവേശിച്ചു. കുറച്ചു കഴിഞ്ഞ് പുറത്തേയ്ക്കുവന്നപ്പോൾ തന്റെ ഓലക്കുട മുററത്തുനിന്നു നൃത്തംചെയ്യുകയായിരുന്നു. തന്റെ ദിവ്യത്വംകൊണ്ട് സോമേശ്വരി പ്രസാദിച്ചുവെന്നും തന്റെകൂടെതന്നെ എഴുന്നെള്ളിയിട്ടുണ്ടെന്നും മനസ്സിലായി. വീട്ടുപറമ്പിൽ ഒരു ക്ഷേത്രം നിർമ്മിച്ച് സോമേശ്വരിയെ അതിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇന്നും കപ്പംപുഴയ്ക്കു വളരെ അകലെയല്ലാത്ത പോത്തേരി പറമ്പിൽ സോമേശ്വരി ക്ഷേത്രം നിലനിൽക്കുന്നു.

എഴുത്തച്ഛൻ സൂര്യഭഗവാനെ സ്തുതിച്ചുകൊണ്ടു രചിച്ച 101 ശ്ലോകങ്ങളിൽ 2 ശ്ലോകങ്ങൾ മൂർക്കോത്തു കുമാരൻമാസ്റ്ററവർകൾക്ക് എങ്ങിനെയൊ ശേഖരിക്കുവാൻ കഴിഞ്ഞുവത്രെ. ആ 2 ശ്ലോകങ്ങൾ അദ്ദേഹം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ആവശ്യം ബാക്കി ശ്ലോകങ്ങൾ വല്ലവർക്കും വല്ലവിധത്തിലും കിട്ടിയിട്ടുണ്ടെങ്കിൽ പൊതുജനങ്ങളുടെയും പ്രത്യേകിച്ചു സാഹിത്യരസികന്മാരുടെയും ആവശ്യാർത്ഥം മാസികയിൽ അടുത്ത ലക്കത്തിലൊ അഥവാ സൌകര്യപ്പെടുമ്പോഴൊ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു. പിന്നീട് ആ ശ്ലോകങ്ങളെ സംബന്ധിച്ച യാതൊന്നുംതന്നെ ഈ ലേഖകന്റെ ശ്രദ്ധയിൽ പെട്ടില്ല.

ഈശ്വരനെ തന്റെ പ്രതിരൂപത്തിൽതന്നെ ആരാധിക്കപ്പെടുന്ന മനുഷ്യനിർമ്മിതങ്ങളായ ഈശ്വരികഭവനങ്ങളാണല്ലൊ ക്ഷേത്രങ്ങൾ. നമ്മുടെ നാട്ടിൽ അങ്ങോളമിങ്ങോളം അത്തരത്തിലുള്ള നിരവധി ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നതായികാണാം. കാലത്തിന്റെ അടിയൊഴുക്കിൽപെട്ട് ഏററവുമധികം വീർപ്പുമുട്ടികഴിയുന്ന ഒരു കാലത്ത് കലാസാംസ്കാരിക വളർച്ചയുടെ പ്രചോദനകേന്ദ്രങ്ങളും ദൈവീകസങ്കേതങ്ങളുമായ ക്ഷേത്രങ്ങളാണെന്ന വസ്തുത വേദനാജനകമായ ഒരു സത്യമാണ്. കേരളത്തിൽ പ്രത്യേകിച്ച് ഉത്തരഭാഗങ്ങളിൽ കലാസാംസ്കാരികരംഗത്ത് സരസമായ സ്വാധീനം ചെലുത്തിയിട്ടുള്ള ക്ഷേത്രങ്ങളെ ഇതു ബാധിച്ചുതുടങ്ങിയിട്ടുണ്ടെന്നു നിസ്സംശയം പറയാം. പോത്തേര എഴുത്തച്ഛന്റെ സോമേശ്വരി ക്ഷേത്രത്തിന്നും അതിന്റെ പ്രാചീനമായ ഗാംഭീര്യം നിലനിർത്തിക്കൊണ്ടുപോരാൻ ഇന്നു പൊതുജനങ്ങളുടെ പ്രത്യേകിച്ച് ഭക്തജനങ്ങളുടെ അകമഴിഞ്ഞ സഹായസഹകരണം ഉണ്ടായെ മതിയാവൂ.

---

# ഓണം—മലയാളികളുടെ മഹോത്സവം

—ആദം, ചൊവ്വ—

**ഓണം** കേരളീയരുടെ മഹോത്സവമാണ്. കേരളീയരുടേതു എന്നു പറയുമ്പോൾ കേരളത്തിൽ ജീവിക്കുന്നവരുടേതു മാത്രമല്ല കേരളത്തിനു പുറത്തു് ലോകത്തെവിടെയും ജീവിക്കുന്ന മലയാളികളുടെ ഒരുത്സവമാണതു്. മലയാളികളുടെ ഉത്സവം എന്ന വിശേഷണം ഓണത്തിനു് നൽകാമെങ്കിൽ അതു ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ ആഘോഷം എന്നു കരുതാൻ തരമില്ല.

ഓണാഘോഷത്തിനു പിന്നിലുള്ള ഐതിഹ്യം ഒരു മതവിഭാഗത്തിന്റെ മഹോത്സവമായി അതിനെ തരംതാഴ്ത്തുന്നുണ്ട്. നാമിന്നു വിശ്വസിച്ചുപോരുന്ന ഐതിഹ്യം ശരിയാണെങ്കിൽ, ഓണാഘോഷത്തോടനുബന്ധിച്ച് ചില സ്ഥലങ്ങളിൽ ദൃശ്യമാകുന്ന മതപരമായ ചടങ്ങുകൾ അംഗീകരിക്കാമെങ്കിൽ, തീർച്ചയായും ഓണം ഹൈന്ദവാഘോഷമാണെന്നു് നമുക്കു് പറയേണ്ടിവരും. മലയാളികളുടെ ദേശീയോത്സവമാണ് ഓണമെന്നു് നാം പറയാറുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇന്നു പലേടങ്ങളിലും നടക്കുന്ന ചടങ്ങുകൾ ആഘോഷത്തിനു് ഒരു പ്രത്യേക മതത്തിന്റെ ഛായ നൽകുന്നുണ്ടു് എന്നു പറയാതെ നിർവാഹമില്ല. മതപരമായ ചടങ്ങുകളും ആരാധനകളും ആഘോഷത്തിന്റെ അവിഭാജ്യഘടകങ്ങളായോ അതിന്റെ സത്തയായോ അംഗീകരിക്കപ്പെടുമ്പോൾ തീർച്ചയായും ഓണം ഒരു മതാഘോഷമായി മാറുന്നു. മതഭേദം കൂടാതെ സർവരാലും ആഘോഷിക്കപ്പെടുന്നസവിശേഷകരമായ ഒരു ദേശീയോത്സവമാണ് ഓണമെന്നു് പറയപ്പെടുന്നുണ്ടെങ്കിലും കേരളത്തിന്റെ വിവിധഭാഗങ്ങളിൽ ജീവിക്കുന്ന നാനാജാതി മതസ്ഥർ ഒരേ വികാരത്തോടെ ഓണമാഘോഷിക്കാൻ താല്പര്യം കാണിക്കുന്നില്ല എന്നതും അതൊരു സാർവദേശീയ ഉത്സവമായി പരിഗണിക്കപ്പെടുന്നില്ല എന്നതും ഒരു സത്യമാണ്. ഇതിനു കാരണം ഓണത്തിനു് നൽകപ്പെട്ടിരിക്കുന്ന മതപരമായ പരിവേഷമാണെന്നു പറയേണ്ടിയിരിക്കുന്നു.

ഓണാഘോഷത്തിന്റെ പിന്നിലുള്ള ഐതിഹ്യം ഹൈന്ദവ മതവിശ്വാസവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നതു്. വിഷ്ണുവിന്റെ ദശാവതാരങ്ങളിലൊന്നായ വാമനൻ മഹാബലിയെ വഞ്ചിച്ചു കൊന്നതിന്റെയോ പാതാളത്തിലേക്കു ചവിട്ടി താഴ്ത്തിയതിന്റെയോ സ്മരണയായിട്ടാണ് ഓണമാഘോഷിക്കുന്നതെന്നു പറയുന്നു. അസുരചക്രവർത്തി മഹാബലി ആണ്ടിലൊരിക്കൽ തന്റെ പ്രജകളെ കാണാൻ വിഷ്ണുവിനോടൊത്തു എഴുന്നെള്ളുന്നു എന്നും നാം വിശ്വസിക്കുന്നു. ഓണത്തിന്റെ പിന്നിലുള്ള ഈ വിശ്വാസവും സങ്കല്പവും ഹൈന്ദവേതര വിഭാഗങ്ങൾക്കു് അംഗീകരിക്കാൻ പറ്റുന്നതല്ല. അത്തം മുതൽ വർണ്ണങ്ങളുള്ള പൂക്കൾ കൊണ്ടു് ശില്പരചന നടത്തുന്നതു് മാവേലിത്തമ്പുരാനെ പൂജിച്ചു് സൽക്കരിക്കാനാണെന്നു് പറയപ്പെടുന്നു. മാവേലിയുടെ അടുത്തുതന്നെ തൃക്കാക്കര അപ്പനേയും മണ്ണ്മെനഞ്ഞു പ്രതിഷ്ഠിച്ചു് പൂജിക്കുന്നുണ്ടു്. തൃക്കാക്കര അപ്പൻ വാമനനായി ജനിച്ച വിഷ്ണുതന്നെയാണ്. ഈ പൂജകൾക്കു പുറമെ ഓണത്തോടനുബന്ധിച്ച് കേരളത്തിലെ ക്ഷേത്രങ്ങളിൽ മുമ്പും ഇപ്പോഴും ആരാധനകളും ഉത്സവങ്ങളും നടത്താറുണ്ടു്. ഈ ചടങ്ങുകൾ ഓണത്തിനു് മതത്തിന്റെ പരിവേഷം ചാർത്തുന്നുണ്ടു്.

എന്നാൽ യഥാർത്ഥത്തിൽ ഓണം ഒരു ഹൈന്ദവാഘോഷമാണോ? വസ്തുതകൾ ശരിക്കും പരിശോധിച്ചാൽ ഓണം ഹിന്ദുമതത്തിന്റെ

മാത്രമായ ഒരാഘോഷമല്ലെന്നും അതു് എല്ലാതരം ജനതയുടെയും പൊതുവായ ഒരുആഘോഷമാണെന്നും കാണാൻ സാധിക്കും. കേരളത്തിൽ മേധാവിത്വം പുലർത്തിയിരുന്ന ഹൈന്ദവവിഭാഗം പണ്ടുമുതൽക്കു് ഓണമാഘോഷിച്ചപ്പോൾ വന്നുചേർന്നിരിക്കാനിടയുള്ള മതപരമായ ചടങ്ങുകളുടെ സ്വാധീനതകൊണ്ടു അതിന്നു് ഹൈന്ദവച്ഛായ ലഭിച്ചുപോയതായിരിക്കാമെന്നാണു് കരുതേണ്ടിയിരിക്കുന്നതു്. മതഭക്തരായ ഹിന്ദുക്കൾ ശരിക്കും വാമനനെ പൂജിക്കേണ്ടതിനു പകരം മഹാബലിയെയാണു് പൂജിക്കുന്നതു് എന്നതുകൊണ്ടും ഇതിഹാസങ്ങളിലും പുരാണങ്ങളിലും പല പ്രകാരത്തിലും സവിസ്തരം പ്രതിപാദിക്കുകയും ഹൈന്ദവവിശ്വാസങ്ങളിലവഗണിക്കാൻ പാടില്ലാത്ത സ്ഥാനമഹത്വം നേടിയതുമായ വാമനാവതാരത്തെ മുൻനിർത്തിയുള്ള ആഘോഷം ഇന്ത്യയിൽ വേറെയെവിടെയും ആഘോഷിക്കുന്ന രൂപത്തിൽ കാണാത്തതുകൊണ്ടും ഈ മഹാബലിയേയും വാമനനേയുംസംബന്ധിക്കുന്ന ഐതിഹ്യം പരശുരാമൻമഴുവെറിഞ്ഞു കേരളമുണ്ടാക്കി എന്നതുപോലുള്ള അനാസ്പദമായ കെട്ടുകഥയാവാനെവഴിയുള്ളു. അക്കാരണത്താൽ ആ ഐതിഹ്യവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്കു് യാതൊരു സ്ഥാനവുമുണ്ടാവാൻ പാടുള്ളതല്ല. അത്തരം സ്ഥാനം നൽകിക്കൊണ്ടുള്ള ഒരാഘോഷരീതി നിലനിൽക്കുന്നതു് ഒരു ദേശീയാഘോഷമാണെന്ന ധാരണയ്ക്കു് കളങ്കം ചാർത്താനേ സഹായിക്കൂ.

ഓണാഘോഷം മററു ചില യാഥാർത്ഥ്യങ്ങളാണു് സ്പഷ്ടീകരിക്കുന്നതു്. ലോകത്തിന്റെ പല ഭാഗങ്ങളിലും പണ്ടേയ്ക്കു് പണ്ടേ കൊയ്ത്തുകാലോത്സവങ്ങൾ സാഘോഷം കൊണ്ടാടാറുണ്ടു്. ഓണം അതേപോലുള്ള ഒരുത്സവമാവാനെ തരമുള്ളു. ഓണമാഘോഷിക്കുന്നകാലം ഈ കാര്യം വ്യക്തമാക്കുന്നുണ്ടു്. കേരളത്തിൽ കൊയ്ത്തു നടക്കുന്നതു് ഏതാണ്ടു് ചിങ്ങമാസത്തിലാണല്ലോ. മഴക്കാലത്തെ കഷ്ടപ്പാടുകളും നിരന്തരമായ അദ്ധ്വാനവും കഴിഞ്ഞശേഷം തങ്ങൾ വിയർപ്പു് ചിന്തി പണിയെടുത്ത പാടങ്ങളിൽ നിന്നു കൃഷി കൊയ്തെടുക്കുമ്പോഴുണ്ടാകുന്ന ഉത്സാഹത്തിമിർപ്പു്, കഷ്ടാരിഷ്ടതകൾ നീങ്ങി പൊതുവെ എല്ലാവർക്കും സമൃദ്ധി കൈവരുമ്പോഴുണ്ടാകുന്ന ആശ്വാസം എന്നിവ അവാച്യമായ ആനന്ദം സർവരിലും ഉണ്ടാക്കുന്നു ഒരു കൊയ്ത്തുകാലോത്സവമായി ഓണത്തെ പരിഗണിക്കുന്നതിൽ എന്താണു് തെററു്?

കൊയ്ത്തിന്റെ സമയം എന്നതിന്നു പുറമെ പൊന്നിൻ ചിങ്ങമാസത്തിൽ അന്തരീക്ഷത്തിലുണ്ടാകുന്ന മാററങ്ങളും മനുഷ്യന്റെ മനം മയക്കുന്ന സുപ്രധാനമായൊരു ഘടകമാണു്. കേരളത്തിന്റെ പ്രകൃതിക്കു് അവർണ്ണനീയമായ മനോഹാരിത കൈവരുന്ന കാലമാണു് വസന്തകാലം—അതായതു് ചിങ്ങമാസം. തോരാതെ പെയ്തിരുന്ന മഴനീങ്ങി മൂടിക്കെട്ടിയിരുന്ന ആകാശം തെളിഞ്ഞു് അന്തരീക്ഷത്തിനു് എന്തൊന്നില്ലാത്ത സൗന്ദര്യം കൈവരുന്ന കാലമാണതു്. പ്രകൃതി അവളുടെ രൂപസൗഭാഗ്യംകൊണ്ടു് മനുഷ്യ ഹൃദയങ്ങളെ മയക്കുന്നു. എങ്ങും തളിർത്തു് പൂത്തു് നിൽക്കുന്ന ചെടികളും മരങ്ങളും പൂക്കളും നയനാഭിരാമമായ കാഴ്ചകളാണു്. മനുഷ്യ മനസ്സുകളെ ഹരം പിടിപ്പിക്കുന്ന ഇത്തരമൊരു സവിശേഷകാലത്തു് അവർ ആഹ്ലാദത്തിമിർപ്പോടെ ഒരാഘോഷം സംഘടിപ്പിക്കുന്നതിൽ അത്ഭുതമില്ല. ഇതു് കേരളത്തിലെന്നല്ല ലോകത്തെവിടെയുമുള്ള മനുഷ്യന്റെ സഹജ പ്രേരണയുടെ ഒരു ഭാഗമാണു്. അതിനാൽ ഓണംപോലുള്ള ഒരു വസന്തോത്സവത്തിനു് പിന്നിൽ മററെന്തെങ്കിലും മതപരമായ പ്രേരണകൾ ഉണ്ടാകണമെന്നില്ല.

ഇനി മഹാബലിയുടെ ആഗമനത്തെക്കുറിച്ച സങ്കല്പത്തിന്റെ അടിസ്ഥാനത്തിലായാൽത്തന്നെയും ഓണാഘോഷം പലനിലക്കും നമ്മുടെ ഉൽക്കർഷത്തെ, നേരിട്ടല്ലെങ്കിലും, ത്വരിതമാക്കാൻ സഹായിക്കുന്നുണ്ടു്. ജനങ്ങൾക്കു സമൃദ്ധിയും ശാന്തിയും സംതൃപ്തിയും കൈവരുത്തുകയും സമത്വത്തിന്റെയും നീതിയുടെയും അടിസ്ഥാനത്തിൽ മഹത്തായ ഭരണം നടത്തുകയും ചെയ്തുവെന്നു സങ്കല്പിക്കപ്പെടുന്ന മഹാനായൊരു ചക്രവർത്തിയെക്കുറിച്ചുള്ള സ്മരണകളും, അത്തരത്തിലുള്ള ഒരു ഭരണ വ്യവസ്ഥയും നീതിനിഷ്ഠരായ ഭരണാധികാരികളും ഇവിടെ ഭാവിയിൽ ഉണ്ടാകണമെന്നുള്ള ആശ

# അമേരിക്കാ സഞ്ചാര ശൃംഖലയുടെ ഒടുവിലത്തെക്കണ്ണി - (സിംഗപ്പൂർ)

By Dr: K. M. GEORGE

നഷ്ടപ്പെട്ട മാല

എട്ടര മണിക്ക ഹോങ്ങ്കോങ്ങ് വിട്ട വിമാനം സിംഗപ്പൂരിൽ എത്തിയപ്പോഠം മണി പത്തേമുക്കാൽ (സിംഗപ്പൂർ സമയം) ആയി. രാത്രി യാത്രചെയ്യുന്നതുകൊണ്ട് ഒരു ഗുണമുണ്ട്. ദിവസങ്ങഠം നഷ്ടമാകാതെ പകൽ മുഴുവൻ സന്ദർശനങ്ങഠംക്കായി ഉപയോഗിക്കാം. 24-ാംതീയതി വേണ്ടവിധം ഉപയോഗിച്ചിട്ടാണ് ഹോങ്ങ്കോങ്ങ് വിട്ടത്. ഏതാനും മണിക്കുറുകഠംകൊണ്ട് ഏതാണ്ട് 1,800 മൈൽ അകലെയുള്ള സിങ്കപ്പൂരിൽ എത്തി. 28-ാംതീയതി രാത്രിയിലാണ് മദ്രാസിലേക്ക പോകുന്നത്, അങ്ങനെ നാലുദിവസം ആ പട്ടണത്തിൽ കിട്ടുമല്ലോ എന്നോർത്ത ഞാൻ സന്തോഷിച്ചു.

മററു പട്ടണങ്ങളെപ്പോലല്ല സിംഗപ്പൂർ. അവിടെ സ്നേഹിതരും ബന്ധുക്കളുമായി പലരുമുണ്ട്. അതു മലയാളികളുടെ ഒരു കേന്ദ്രമാണെന്നുതന്നെ പറയാം; ജനസംഖ്യാപ്രകാരമല്ലെന്നേയുള്ളു. എൻെറ ചില ബന്ധുക്കളെ ഞാൻ അറിയിച്ചിരുന്നതു് 25-ാംതീയതി രാത്രി എത്തുമെന്നാണ്. ഒരു ദിവസംമുമ്പേ ഹോങ്ങ്കോങ്ങ് വിടാൻ സാധിക്കമെന്ന് ഉറപ്പായതു് 24-ാംതീയതി രാവിലെ മാത്രമാണ്. അപ്പോഠംത്തന്നെ ഒരു ബന്ധുവിനെ കമ്പിമൂലം ആ വിവരം അറിയിക്കുകയുംചെയ്തു. പ്ലെയ്നിൽനിന്ന് ഇറങ്ങിയപ്പോഠം ഭാഗ്യവശാൽ ഏതാനും ബന്ധുക്കഠം അവിടെ ഹാജരുണ്ടായിരുന്നു. ഞാൻ നേരത്തെ എത്തിയതിൽ അവർക്ക് ഒരേസമയം സന്തോഷവും സന്താപവും ഉണ്ടായി. സന്താപകാരണമല്ലേ വിശദമാക്കേണ്ടതു്? സിംഗപ്പൂർ മലയാളികളുടെ വകയായി സർവ്വപടങ്ങുകളോടുംകൂടെയുള്ള ഒരു സ്വാഗതം എനിക്കവേണ്ടി അവർ 25-ാംതീയതി സംഘടിപ്പിച്ചിരുന്നു. എൻെറ കമ്പി ആ പരിപാടിയെ തകരാറിലാക്കി. കമ്പി കിട്ടിയശേഷം അറിയിക്കുവാനും ഒരുങ്ങുവാനുമുള്ള സമയവും ഉണ്ടായില്ല. സിങ്കപ്പൂർ മലയാളികഠംക്ക് ഒരു മലയാളസാഹിത്യകാരനെ യഥായോഗ്യം സ്വീകരിക്കുവാനുള്ള സന്ദർഭം നഷ്ടപ്പെട്ടുവെന്ന് അവർ. മൂന്നുനാലു പുഷ്പമാല്യങ്ങളും വികസിച്ച അനേകം മുഖകമലങ്ങളും നഷ്ടപ്പെട്ട എന്ന് എൻെറ ആത്മഗതം.

യാത്രകളും സന്ദർശനങ്ങളും അടുക്കിപ്പെറുക്കും കസ്റ്റംസ് പരിശോധനയുംകൊണ്ട് ഗ

---

യാഭിലാഷങ്ങളും അഭിലഷണീയംതന്നെ. കഴിഞ്ഞുപോയ കാലത്തിൻെറയും മനുഷ്യകുലത്തിൻെറയും മഹിത സ്മരണകഠം മനുഷ്യപുരോഗതിക്ക സഹായകരമായ ശക്തിയായി നിലനിൽക്കമെന്ന് പ്രസിദ്ധ മന:ശാസ്ത്രജ്ഞനായ ജങ്ങ് അഭിപ്രായപ്പെട്ടതു് ശരിയാണെങ്കിൽ മലയാളികളെ സംബന്ധിച്ചിടത്തോളം ജീവിതപുരോഗതിയുടെ മഹത്തായൊരു പ്രചോദകശക്തിയാവാൻ ഓണം പോലുള്ള ആഘോഷങ്ങഠംക്ക് സാധിക്കമെന്നുകരുതുന്നതിൽ തെററില്ല. ജീവിതം പൊതുവെ ക്ലേശകരവും ഭാരവുമായി തീർന്നിരിക്കുന്ന ഇന്നത്തേതുപോലുള്ള ഒരു കാലഘട്ടങ്ങിൽ നമ്മുടെ ആത്മക്ഷീണത്തെ തെല്ലനേരമെങ്കിലും വിസ്മരിക്കാനും പുതിയ ഉത്സാഹവും ചൈതന്യവും ആവേശവും ഉഠംക്കൊണ്ടുകൊണ്ട് ശക്തിനേടുവാനും ഇത്തരത്തിലുള്ള ആഘോഷങ്ങഠംക്ക കഴിയുമെന്ന കരുതാം,

---

ന്യമായി ക്ഷീണിതനും വിരസനുമായിത്തീർന്ന എനിക്ക് ബന്ധുക്കളുടേയും സ്നേഹിതരുടേയും ശീതളച്ഛായയിൽ ഒന്നു വിശ്രമിക്കാമല്ലോ എന്നായിരുന്നു സിങ്കപ്പൂരിനെക്കുറിച്ചുള്ള പ്രതീക്ഷ. ബഹളമൊന്നുംകൂടാതെ ശാന്തമായി വിശ്രമിക്കയും ഉന്മേഷം തോന്നുന്നതനുസരിച്ച ചില സന്ദർശനങ്ങൾ നടത്തുകയുംചെയ്താൽമതി എന്നു ഞാൻ നേരത്തേ നിശ്ചയിച്ചിരുന്നു. പക്ഷേ, എന്റെ പ്രതീക്ഷകളും നിശ്ചയങ്ങളും അമ്പേ തകർന്നുപോയി. ഞാൻ സിങ്കപ്പൂരിലെ മലയാളികളെ ശരിക്കു മനസ്സിലാക്കിയിരുന്നില്ല. അല്ലെങ്കിൽ അവർ എന്നെക്കുറിച്ച് എന്തു ധരിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കിയിരുന്നില്ല. ഏതെങ്കിലും ഒന്നോ രണ്ടോ വീടുകളിലെ അതിഥിയായി കഴിയാം എന്നു ഞാൻ ഗണിച്ചതു് ഒരു മൗഢ്യമായിരുന്നു. സിങ്കപ്പൂരിലെ മലയാളികളിൽ ഒരു നല്ല വിഭാഗം എന്റെ ആതിഥേയരാകാൻ താല്പര്യം പ്രദർശിപ്പിക്കുമ്പോൾ, ഒരൊഴിഞ്ഞ കോണിൽ ഒതുങ്ങിയിരിക്കാൻ എനിക്കു സാധിക്കുമോ?

## സ്വീകരണങ്ങളുടെ ബഹളം

സിംഗപ്പൂരിലെ ബ്രിട്ടീഷ് പ്രതിരോധ വകുപ്പിൽ ഒരു ഡിപ്ലോ എൻജിനീയറായ എം. ജി. മാത്യൂസ് എന്ന ബന്ധുവിന്റെ വീട്ടിലാണ് ഞാൻ താമസിച്ചിരുന്നത്—എന്നു വെച്ചാൽ രാത്രിയിൽ ഉറങ്ങിയതു്. ആകപ്പാടെയുള്ള മൂന്നര ദിവസത്തിന്റെ മുക്കാൽ ഭാഗവും സ്വീകരണങ്ങളും സൽക്കാരങ്ങളുമായി പ്പോകയാൽ താമസിച്ച വീട്ടിലെ ആതിഥേയിക്കു വേണ്ടതു സൽക്കരിക്കുന്നതു പോകട്ടെ, ശരിക്കൊന്നു സംസാരിക്കുവാൻ പോലും ചാൻസ് കിട്ടിയില്ലെന്ന് പരാതിയുണ്ടായി. പക്ഷേ, എല്ലാ സ്വീകരണങ്ങളും സൽക്കാരങ്ങളും മാത്യൂസിന്റെ സൂത്രധാരത്വത്തിൽ ആയിരുന്നതിനാൽ, പരാതിയുടെ വിചാരണയും ആ കോടതിയിലേക്കു തിരിച്ചുവിടാൻ എനിക്കു സാധിച്ചു.

എന്റെ അറിവും സമ്മതവും കൂടാതെയാണു സ്വീകരണങ്ങളെല്ലാം ഏർപ്പെടുത്തിയിരുന്നതു്. 25-ാംതീയതി രാത്രി മാത്രമേ എത്തുകയുള്ളൂ എന്നും 28-ാംതീയതി വൈകിട്ട സ്ഥലംവിടുമെന്നും ഉള്ള അറിയിപ്പിൻപ്രകാരം 26,27 എന്നീ തീയതികളിൽ എല്ലാം അവർ ഒതുക്കിക്കൊള്ളിച്ചു. അതിനാൽ 25-ാം തീയതി അല്പം ചില സന്ദർശനങ്ങൾ നടത്തുവാൻ സാധിച്ചു. 26-ാംതീയതി സിംഗപ്പൂർ കേരളാ അസോസിയേഷന്റെ സ്വീകരണമാണു് ഉറപ്പിച്ചിരിക്കുന്നതു്. അതിന്റെ പ്രസിഡണ്ടു് ശ്രീ സുരേന്ദ്രനാഥ് എന്നെ നേരത്തെ വന്നു കണ്ടു. വിപുലമായ ഒരു സ്വീകരണസമ്മേളനമാണു് അവർ സംഘടിപ്പിച്ചിരുന്നതു്. 27-ാംതീയതി മൂന്നു സ്വീകരണങ്ങൾ ഉണ്ടായിരുന്നു. 6.30-നു് കൈരളീകലാനിലയത്തിന്റെ സ്വീകരണം, 7.30-നു് ശ്രീനാരായണമിഷൻ സന്ദർശനം, 8.30-നു് നേവൽബേസിലുള്ള മലയാളികളുടെ സമ്മേളനം. അതിൽ ശ്രീനാരായണമിഷനിൽ പ്രസംഗിക്കേണ്ടി വന്നില്ല എന്നതു് എന്നെസംബന്ധിച്ചിടത്തോളം ഒരാശ്വാസമായിരുന്നു. അവിടത്തെ ആളുകളെ സംബന്ധിച്ചും അങ്ങനെ പറയാമെന്നു് തൽക്കാലം സമ്മതിക്കുക.

കേരളാ അസോസിയേഷനു് സ്വന്തമായി ആഫീസും ഒരു വലിയ ഹാളും ഉണ്ടു്. വളരെയധികം മലയാളികൾ ഈ സാംസ്കാരികസംഘടനയിൽ തൽപരരാണു്. മലയാളികൾ ധാരാളമുള്ള ബോംബെ, മദ്രാസ്, കൽക്കട്ട എന്നീ പട്ടണങ്ങളിൽ ലഭ്യമല്ലാത്ത ഒന്നു് ഇന്ത്യക്കു വെളിയിലുള്ള സിംഗപ്പൂർ പട്ടണത്തിൽ ഉണ്ടു്. അതു് ഒരു ദിനപ്പത്രമാണു്—'മലേഷ്യാ മലയാളി.' ആയിരക്കണക്കിനു മലയാളികളെ ബന്ധിച്ചുനിർത്തുന്ന ഒരു ശക്തിയാണു് ഈ ദിനപ്പത്രം. ഞാൻ ഈ പത്രത്തെക്കുറിച്ചു് ഇവിടെ എടുത്തു പറയുന്നതു കരുതിക്കൂട്ടിയാണു്. സ്വീകരണസമ്മേളനത്തിൽ എന്തൊക്കെയാണു ഞാൻ പറഞ്ഞതെന്നു് എനിക്കു നല്ല ഓർമ്മയില്ല. എന്റെ പ്രായമെത്തിയ പ്രാസംഗികന്മാർക്കു മറവിയെന്ന രോഗം കുറെയെല്ലാമുണ്ടെന്നാണു് എന്റെ വിശ്വാസം. 27-ാംതീയതിപ്രസിദ്ധപ്പെടുത്തിയ 'മലേഷ്യാ മലയാളി'യിലെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചാൽ എന്റെ കർത്തവ്യം ബുദ്ധിമുട്ടു കൂടാതെ നിറവേറാം.

'മൂലം മറക്കാതിരിക്കുക, ഫലം മറച്ചാതി

രിക്കുക!' എന്ന വെണ്ടയ്ക്കാ തലക്കെട്ടിൻകീഴിൽ താഴെ ചേർക്കുന്ന വാചകങ്ങളും കണ്ടു: 'മറുനാടൻ മലയാളി സംഘടനയെ പരാമർശിച്ച് അദ്ദേഹം അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ ചില വസ്തുതകൾ നിരത്തിവെയ്ക്കുകയുണ്ടായി....'നാമൊക്കെ അഭിപ്രായമുള്ള ആളുകളാണ്. വ്യക്തിത്വമുള്ളവരാണ്. അതുകൊണ്ടു നമ്മുടെ ഇടപാടുകളിൽ പ്രശ്നങ്ങളും അലങ്കോലങ്ങളും തന്നെയും ഉണ്ടായെന്നുവരാം. എന്നാൽ അന്നേയും ഇത്തരം സാംസ്കാരികസംഘടനകൾ നിലനിൽക്കേണ്ടതാവശ്യമാണ്.

'ഏതു നാട്ടിൽ പോയാലും നമ്മുടെ മലയാളിത്തം ഇല്ലാതാകുന്നുണ്ടോ, മാതൃഭാഷയുമായുള്ള നമ്മുടെ ബന്ധത്തിനു ഗ്ലാനി തട്ടുന്നുണ്ടോ എന്നു് ചിന്തിക്കേണ്ടതാണ്.'

'നാൽ നൂററാണ്ടായി ഒരു മറുനാടൻ മലയ ളിയായി കഴിഞ്ഞുവരുന്ന ഡോക്ടർ ജോർജ്ജ് മറുനാടൻ മലയാളികളെ മൂന്നായി തരം തിരിച്ചു: 'ഒന്ന്, പററിക്കൂടിയ ചുററുപാടിൽ പരിപൂർണ്ണമായി ലയിച്ചു വ്യക്തിത്വം നഷ്ടപ്പെടുത്തുന്നവർ. രണ്ടു്, പൊങ്ങുതടി വെള്ളത്തിൽ എന്നതുപോലെ കൊള്ളുകയും കൊടുക്കുകയും ചെയ്യാതെ കഴിഞ്ഞുകൂടുന്നവർ. മൂന്ന്, വ്യക്തിത്വം നശിപ്പിക്കാതെ സ്വീകരിക്കാവുന്നതു സ്വീകരിക്കയും കൊടുക്കാവുന്നതു കൊടുക്കുകയും ചെയ്തു പറിച്ചുനട്ട ചെടിയെപ്പോലെ തഴച്ചു വളരുന്നവർ. ഇതിൽ ഏതു വിഭാഗത്തിലാണ് നാംപെടുന്നതെന്നു നമ്മളെല്ലാം സ്വയം ചിന്തിച്ചുനോക്കേണ്ടതാണ്.'

'ഒരു മണിക്കൂറിലേറെ നീണ്ടുനിന്ന സരസവും വിജ്ഞാനപ്രദവുമായ പ്രസംഗം ഡോക്ടർ ജോർജ്ജ് ഇങ്ങനെ ഉപസംഹരിച്ചു: മൂലം മറക്കാതിരിക്കുക, ഫലം മറക്കാതിരിക്കുക— ഇതാണു സിംഗപ്പൂർ മലയാളികളോട് എനിക്കു പറയാനുള്ളതു്. സിംഗപ്പൂർ മലയാളികൾ മൂലം മറക്കാത്ത കേരളീയരാണെന്നു ഞാൻ വിശ്വസിക്കുന്നു.'

അസോസിയേഷൻ പ്രസിഡണ്ട് അതിഥിയെ ഹാരമണിയിച്ചു സ്വീകരിക്കുകയും സ്വാഗതപ്രസംഗം മുഖേന പരിചയപ്പെടുത്തുകയും ചെയ്തു എന്നു തുടങ്ങി പല സാധാരണ അലുക്കുകളും ലേഖകന്റെ റിപ്പോർട്ടിൽ ഉണ്ടു്.

ഇനി അടുത്ത ദിവസത്തെ സ്വീകരണങ്ങളെക്കുറിച്ചു ചിലതു പറയാം. 'കൈരളീ കലാനിലയം' എന്ന പേരിൽ ഒരു സംഘടന സിംഗപ്പൂരിൽ ഏതാനും വർഷങ്ങളായി പ്രവർത്തിച്ചുവരുന്നു. കലാപ്രകടനങ്ങളിൽ, പ്രത്യേകിച്ചു നാടകസംവിധാനത്തിൽ, ശ്രദ്ധ കേന്ദ്രീകരിച്ചു പലതും പ്രവർത്തിച്ചിട്ടുള്ള ഒരു സംഘടനയാണ് ഇതു്. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ, ഹിദായത്തുൽ ഇസ്ലാം അസോസിയേഷൻ ഹാളിൽ സ്വീകരണോത്സുകരായ അനേകം മലയാളികൾ വന്നുചേർന്നു. വീണ്ടും ഞാൻ 'മലേഷ്യാ മലയാളി'യുടെ റിപ്പോർട്ടിനെ അവലംബിക്കുകയാണ്.

ശ്രീ. നെഹറുവിന്റെ സ്മരണയ്ക്കായി (തീയതി മേയ് 27 ആണല്ലോ) സദസ്യർ എഴുന്നേററുനിന്ന് ഒരു മിനിട്ടു മൗനം ആചരിച്ചുകൊണ്ടാണ് യോഗനടപടികൾ ആരംഭിച്ചതു്.

"മാന്യാതിഥിയെ ഹാരമണിയിച്ചുകൊണ്ടു് സ്വാഗതംചെയ്ത കലാനിലയം പ്രസിഡണ്ട് മി. ജോൺ ക്രിസോസ്റ്റം സിങ്കപ്പൂരിലെ മലയാള സാഹിത്യകാരന്മാർക്ക് അർഹിക്കുന്ന അംഗീകാരം കിട്ടുന്നില്ലെന്നും സാഹിത്യ അക്കാഡമിയുടെ ശ്രദ്ധ ഇങ്ങോട്ടു തിരിയേണ്ടതാണെന്നും പ്രസ്താവിക്കുകയുണ്ടായി." ഏതു വിഷയത്തെക്കുറിച്ചാണ് സംസാരിക്കേണ്ടതെന്നു് നിശ്ചയമില്ലാതിരുന്ന എനിക്ക് ഈ പ്രസ്താവന ഒരു കൗകര്യമായിത്തീർന്നു. വീണ്ടും റിപ്പോർട്ടിലേക്കു പോകാം.

"കേരളത്തേയും അതിന്റെ ഭാഷയേയും സംസ്കാരത്തേയും സിങ്കപ്പൂർ മലയാളികൾ വിസ്മരിച്ചിട്ടില്ലെന്നു കാണുന്നതിൽ താൻ അഭിമാനംകൊള്ളുന്നതായി അദ്ദേഹം പ്രസ്താവിച്ചു....ഒരു ലേഖനമോ, ഒരു കഥയോ, കവിതയോ ഏതെങ്കിലും പത്രത്തിൽ പ്രസിദ്ധീകരിച്ചാലുടനെ എല്ലാമായി എന്ന തോന്നലുണ്ടാകുന്ന ആരുംതന്നെ സാഹിത്യകാരനായിത്തീരാൻപോകുന്നില്ല. വളരെയധികം പണിപ്പെട്ടെങ്കിൽമാത്രമേ സാഹിത്യകാരനു് അംഗീകാരം ലഭിക്കുകയുള്ളൂ. പലപ്പോഴും അംഗീകാരം ലഭിച്ചതു വളരെക്കഴിഞ്ഞായിരിക്കും. മഹാകവി കുമാരനാശാനുപോലും ശരിക്ക് അം

ഗീകാരം ലഭിച്ചതു് മരണാനന്തരമാണു്. സാഹിത്യകാരനെ അംഗീകരിക്കേണ്ടതു പൊതുജനമാണു്. നല്ലതുപോലെ വായിക്കുക, ചിന്തിക്കുക, എഴുതുക — അംഗീകാരത്തെക്കുറിച്ചു വിസ്മരിക്കുക. നിരൂപകന്മാരോ സാഹിത്യസംഘടനകളോ വിചാരിച്ചാൽ ഒരു സാഹിത്യകാരനെ രൂപപ്പെടുത്തുവാനോ നശിപ്പിക്കുവാനോ കഴിയില്ല....നല്ല കൃതികൾ രചിച്ചാൽ പൊതുജനങ്ങളും തുടർന്നു സാഹിത്യ അക്കാഡമിപോലുള്ള സംഘടനകളും സാഹിത്യകാരനെ താനെ അംഗീകരിച്ചുകൊള്ളും. പണ്ടത്തെമാതിരി അധികകാലം അംഗീകാരത്തിനായി ഇന്നു സാഹിത്യകാരനു കാത്തിരിക്കേണ്ടിവരുന്നില്ല."

യോഗാനന്തരം കലാനിലയം ആഫീസും ഗ്രന്ഥശേഖരവും ഞാൻ സന്ദർശിച്ചു. അടുത്ത കാലത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പല മലയാളകൃതികളും അവിടെ കാണാൻ കഴിഞ്ഞുവെന്നതു് സന്തോഷകരമായ ഒരു കാര്യമാണു്.

ഞങ്ങൾ ഒട്ടും താമസിയാതെ ശ്രീനാരായണമിഷൻ വകയായിട്ടുള്ള ആഫീസും ഹാളും കാണുവാൻ പോയി. അതിന്റെ അധികൃതർ ഞങ്ങൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. ആയിരം പേർക്കു് ഇരിക്കാവുന്ന ഒരു ഹാൾ, ആഫീസുമുറികൾക്കായി വേണ്ടത്ര സൗകര്യങ്ങൾ—എല്ലാം ശുഭ്രമായും ആകർഷകമായും സൂക്ഷിച്ചിരിക്കുന്നു. സുന്ദരവും ശുദ്ധവുമായ അവിടത്തെ അന്തരീക്ഷം സ്വാമിജിയുടെ വിമലസുന്ദരമായ ജീവിതത്തിന്റെ പ്രതീകമാണല്ലോ എന്നു ഞാൻ ഓർത്തു. സന്ദർശകരുടെ ഡയറിയിൽ അഭിപ്രായം രേഖപ്പെടുത്തിക്കഴിഞ്ഞപ്പോൾ, നല്ല ഇളനീർകൊണ്ടുള്ള ഒരു ചെറിയ സൽക്കാരം.

ഞങ്ങൾ വീണ്ടും യാത്ര തുടർന്നു, നേവൽ ബേസിൽ ചെല്ലാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ക്യാമ്പിൽ പ്രവേശിക്കാനുള്ള ചടങ്ങുകൾ വേഗത്തിൽ കഴിഞ്ഞു. ഒരു വലിയ ജനക്കൂട്ടം എനിക്കുവേണ്ടി അവിടെ കാത്തിരിക്കുകയായിരുന്നു. അവിടെ 'കേരള ലൈബ്രറി' എന്ന പേരിൽ ഒരു സ്ഥാപനമുണ്ടു്. അതിന്റെ ആഭിമുഖ്യത്തിൽ നെഹറുവിനെ സ്മരിക്കുകയും എന്നെ സ്വീകരിക്കുകയും ചെയ്യുക എന്ന രണ്ടു കാര്യങ്ങൾക്കായിട്ടാണു് അത്രയും മലയാളികൾ കൂടിയിട്ടുള്ളതു്. അപ്പോൾ നെഹറുവിനെക്കുറിച്ചു് ഏതാനും വാക്കുകൾ സംസാരിക്കുന്നതു് ഉചിതമായിരിക്കുമെന്നു് എനിക്കു തോന്നി. പത്രലേഖകന്റെ തലക്കെട്ടു് 'നെഹറു ദിനം ലോകശിശുദിനമായി മാറും—ഡോക്ടർ കെ. എം. ജോർജ്ജ്' എന്നായിരുന്നു.

"ശ്രീ. ജവഹർലാൽ നെഹറുവിന്റെ ജന്മദിനം കുട്ടികളുടെ ദിനമായി ലോകം മുഴവൻ ആഘോഷിക്കുന്ന കാര്യത്തിൽ യുനെസ്കോ മുൻകൈ എടുത്തു പ്രവർത്തിച്ചുവരികയാണു് എന്നു ഡോക്ടർ കെ. എം. ജോർജ്ജ് പ്രസ്താവിച്ചിരിക്കുന്നു."

"....ലൈബ്രറി പ്രസിഡണ്ടു് മി. എസ്. പത്മനാഭൻ മാന്യാതിഥിയെ ഹാരമണിയിച്ചു സ്വീകരിച്ചു. ദേശീയഗാനത്തെത്തുടർന്നു് ശ്രീ. നെഹറുവിന്റെ സ്മരണയ്ക്കു മുന്നിൽ സദസ്യർ എഴുന്നേറ്റുനിന്നു് ഒരു മിനിട്ടു് മൗനം ആചരിച്ചു.

"രാഷ്ട്രീയം, സാമൂഹികം, സാംസ്കാരികം, കല, സാഹിത്യം, ചരിത്രം എന്നിങ്ങനെ വിവിധമണ്ഡലങ്ങളിൽ പ്രവർത്തിച്ച നെഹറു ഒരു സർവ്വകലാശാലാ വല്ലഭനായിരുന്നു എന്നു് മി. ജോർജ്ജ് ചൂണ്ടിക്കാട്ടി. ശ്രീ. നെഹറു ശരിക്കും ഒരു സാഹിത്യകാരൻ ആയിരുന്നു എന്നും അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനം ഒരു വ്യതിചലനമായിട്ടാണു് താൻ ഗണിക്കുന്നതെന്നും ഡോക്ടർ രാധാകൃഷ്ണൻ പറഞ്ഞതിനെ പ്രാസംഗികൻ അനുസ്മരിച്ചു.... സാഹിത്യ അക്കാദമിയുടെ പ്രസിഡണ്ടു് എന്ന നിലയിൽ നെഹറുവിന്റെ വിശിഷ്ടസേവനങ്ങളെക്കുറിച്ചും ഡോക്ടർ ജോർജ്ജ് വിശദീകരിച്ചു."

നേവൽബേസിലെ മലയാളികളുടെ അച്ചടക്കവും ശാന്തതയും എന്നെ പ്രത്യേകം ആകർഷിച്ചു. മി. എൻ. സദാശിവനും മി. മലയാളി മാധവനും നെഹറുവിനെപ്പററി ചുരുക്കമായി പ്രസംഗിച്ചു. ഒരു സായാഹ്നത്തിൽ രണ്ടും മൂന്നും പ്രസംഗങ്ങൾ ചെയ്യുക എന്റെ ആരോഗ്യത്തിനു് അത്ര പററിയതായിരുന്നി

# പ്രപഞ്ചത്തിലെ ഏററവുംവലിയ ഹാസ്യം

—പി. കെ. രാജരാജവർമ്മ—

പരിഷ്കൃത രാജ്യങ്ങൾ പടിഞ്ഞാറൻ രാജ്യങ്ങളാണ് എന്നാണല്ലോ നമ്മുടെ വിശ്വാസം. ആ പരിഷ്കാരത്തെയും സംസ്കാരത്തെയും തേടി നാം പടിഞ്ഞാറോട്ടു ഒരു യാത്രചെയ്യുന്നു എന്നു വിചാരിക്കുക. ഫലമെന്തായിരിക്കും? ഉദ്ദേശം 25000 മൈൽ പുരോഗമിച്ചു കഴിഞ്ഞാൽ നാം വീണ്ടും യാത്രയാരംഭിച്ച പരിസരങ്ങളിൽ എത്തിയിരിക്കുന്നതായി കാണും. പുരോഗമനം വേണ്ടെന്നുവെച്ച് നാം പിന്തിരിഞ്ഞു കിഴക്കോട്ടാണു പോകുന്നതെന്നുവെച്ചാലോ? ഫലം മേല്പടി തന്നെ.

ഭൂമിവിട്ട് നാം ആകാശത്തിലേക്കു പോയാലോ? വൈരക്കല്ലുകൾപോലെ തിളങ്ങുന്ന നക്ഷത്രങ്ങളുടെ ഇടയിൽ കളിച്ചു നടന്നു് കുറെ വൈരക്കല്ലുകൾ പെറുക്കികൊണ്ടുവരാമെന്നു തോന്നുന്നുണ്ടോ? ആ തോന്നൽ അസ്ഥാനത്താണ്. നമ്മുടെ ഏററവും പുരോഗമിച്ചിട്ടുള്ള വിമാനങ്ങളിലോ റോക്കററുകളിലോ പോലും

---

ല്ല. പക്ഷേ, സിങ്കപ്പൂർ മലയാളികളുടെ മധുരോദാരമായ സ്വീകരണം അവരുടെ കൃത്യമായ പ്രേരണയും എന്നെ വിധേയനാക്കി. അവിടെയുള്ള സാഹിത്യരസികന്മാരുടെ സഹവാസം എന്നെ ഉത്സാഹവാനാക്കുകയുംചെയ്തു. അക്കൂട്ടത്തിൽ സാഹിത്യമർമ്മജ്ഞനും ഒരു നല്ല എഴുത്തുകാരനുമായ മി. ജോർജ്ജ് നെറോയുടെ കാര്യം പ്രത്യേകം സ്മരണീയമാണ്.

## ഒടുവിലത്തെ ദിവസം

എന്നെ യാത്ര അയയ്ക്കാനായി ഒരു ചെറിയ സംഘം ആളുകൾ മി. മാത്യൂസിൻെറ ഭവനത്തിൽ എത്തി. അല്പം നേരത്തെ—ശരിക്കു പറഞ്ഞാൽ അഞ്ചു മണിക്ക്—എല്ലാവരും ഡിന്നർ കഴിച്ചു. ആറു മണിയോടുകൂടി ഞങ്ങൾ വിമാനത്താവളത്തിലേക്കു പോയി. മലയാളി സംഘടനകളിലെ ഉദ്യോഗസ്ഥരും, മററു സ്നേഹിതരും ബന്ധുക്കളുമായി ഒരു നല്ലകൂട്ടം ആളുകൾ എന്നെ യാത്രയാക്കുവാനായി അവിടെ നേരത്തെ എത്തിയിരിക്കുന്നതായി കണ്ടു. എയർ ഇന്ത്യാ വിമാനത്തിലാണ് മദ്രാസിലേക്കു പറക്കുന്നതു്. ഈ സർവ്വീസിൻെറ അവിടത്തെ മാനേജർ ഞാൻ ക്രിസ്ത്യൻ കാളേജിൽ ലക്ചററായിരിക്കുമ്പോൾ അവിടത്തെ ഒരു വിദ്യാർത്ഥിനേതാവായിരുന്ന മി. കെ. ചെറിയാൻ എന്ന ശ്രേഷ്ഠസുഹൃത്താണ്. അദ്ദേഹം തലേദിവസം എന്നെ ലഞ്ചിനു ക്ഷണിച്ചതു കൂടാതെ, യാത്ര സൗകര്യപ്രദമാക്കുന്നതിനു വേണ്ട എല്ലാ സഹായങ്ങളും ചെയ്തിരുന്നു. എല്ലാ ചിട്ടകളിലും ഒരു സൗഹൃദച്ഛായ അവിടത്തെ ഉദ്യോഗസ്ഥന്മാർ കലർത്തിയെന്നു തോന്നി. ഞാൻ ഓരോരുത്തരോടും നന്ദി പ്രകടിപ്പിച്ചു യാത്ര പറഞ്ഞു. മദ്രാസിൽ എത്തുവാൻ തിടുക്കമുണ്ടായിരുന്നുവെങ്കിലും സിങ്കപ്പൂർ വിടുവാൻ മടി തോന്നി. സിങ്കപ്പൂരിലെ സുഹൃത്തുക്കളെയെല്ലാംകൊണ്ടു് മദ്രാസിൽ എത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഏററവും സന്തുഷ്ടനായേനെ.

വിമാനത്തിൽ ഏതാണ്ട് നാലഞ്ചു മണിക്കൂർ കഴിച്ചുകൂട്ടിയെങ്കിലും മദ്രാസിൽ എത്തിയപ്പോൾ സമയം 9.30 മാത്രമേ ആയിട്ടുള്ളു. മീനംഭാഗത്തെ മണ്ണിൽ വിമാനം സ്പർശിച്ചപ്പോൾ ഞാൻ ദീർഘമായി ഒന്നു നിശ്വസിച്ചു. 1964 സെപ്തംബർ 15-ാംതിയതി ഏതൊരു സ്ഥലത്തുനിന്നു വിമാനം വായുവിലേക്കു് ഉയർന്നുവോ ആ സ്ഥലത്തുതന്നെ അതു ശാന്തമായി താണിറങ്ങി. എട്ടര മാസംമുമ്പ് ആരെല്ലാം വന്നു കൈ കുലുക്കിയും പുഞ്ചിരിച്ചും മിശ്രവികാരങ്ങൾ കണ്ണുകൾമുഖേന പ്രകടിപ്പിച്ചും യാത്രയാക്കിയോ, അവരെല്ലാംതന്നെ അവിടെ എത്തിയിട്ടുണ്ട്. എങ്കിലും ആകാംക്ഷയോടുകൂടി കാത്തുനിന്ന അവർക്കും പറന്നുവന്ന എനിക്കും മദ്ധ്യേ, നമ്മുടെ കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ മുക്കാൽ മണിക്കൂർ നേരത്തെ വിടവുണ്ടാക്കി. അങ്ങനെ സാമാന്യം ദീർഘമായ എൻെറ ലോകസഞ്ചാരം, അനുഭവസമ്പന്നവും ഉത്സാഹപ്രദവുമായ ആ നീണ്ട യാത്ര, അവസാനിച്ചു.

---

അവിടെ ചെല്ലാൻ സാധിക്കുകയില്ല. വെളിച്ചം തരുന്ന പ്രകാശ രശ്മി നമ്മുടെ ഒരു വർഷംകൊണ്ടു പായുന്ന ദൂരത്തിനു് ഒരു പ്രകാശ വർഷം (ലൈററ് ഇയർ) എന്നുപറയുന്നു. ഒരു ലൈററ് ഇയർ എന്നതു് 186000x60x60x24x365 മൈൽ ആണെന്നു് അർത്ഥം (അതായതു് അഞ്ചര ലക്ഷം കോടിയിൽ കൂടുതൽമൈൽ). ഈ വേഗതയിൽ ഭൂമിയിൽനിന്നു സൂര്യനിലെത്താൻ വെറും എട്ടുമിനിട്ടുമതി. പക്ഷെ ഒരു നക്ഷത്രത്തിലെത്താൻ വർഷങ്ങൾപോരാ, അനവധി പ്രകാശ വർഷങ്ങൾതന്നെ വേണം. ദൂരെ നിൽക്കുന്ന, മങ്ങിക്കാണുന്നതോ കാണാൻ കഴിയാത്തതോ ആയ നക്ഷത്രങ്ങളിൽ എത്തുവാൻ കോടിക്കണക്കിനു് പ്രകാശവർഷങ്ങൾ വേണം. ഇവയെല്ലാം കടന്നു്പിന്നെയും യാത്രചെയ്താലോ? നാം ഈ അണ്ഡകടാഹം ചുററിയിട്ടു പുറപ്പെട്ട പരിസരങ്ങളിൽ പിന്നെയും തിരിച്ചെത്തും, ആ കാലത്തു് നമ്മളോ, ഭൂമിയോ, സൂര്യനോ ഉണ്ടെന്നു സങ്കല്പിക്കാമെങ്കിൽ. ഈ അണ്ഡകടാഹത്തിനു് അപ്പുറത്തേക്കു പോയാൽ ഇമ്മാതിരി അനേകം അണ്ഡകടാഹങ്ങൾ ഉണ്ടത്രെ!

ഇമ്മാതിരിയുള്ള ഈ പ്രപഞ്ചം കോടികോടികണക്കിനു പ്രകാശവർഷങ്ങൾ വലുപ്പമുള്ളതാണു്. ഈ പ്രപഞ്ചത്തെ അടക്കുന്നതിനു ആഗ്രഹിക്കുന്ന മനുഷ്യന്റെ പരമായുസ്സോ വെറും 120 സാധാരണവർഷങ്ങളും! അനന്തമായ കാലത്തിൽ ഒരു നിമിഷം പോലും ഇല്ല! ഈ നൈമിഷിക ജീവിയുടെ, തേങ്ങയുടെ അത്ര വലുപ്പമുള്ള തലയിലെ ബുദ്ധികൊണ്ടു് പ്രപഞ്ചം മുഴുവൻ മനസ്സിലാക്കാമെന്നോ പ്രപഞ്ചത്തെ ഭരിക്കാമെന്നോ വിചാരിക്കുന്നതു് സർവാബദ്ധമല്ലെ?

ഈ പ്രപഞ്ച രഹസ്യത്തിന്റെ താക്കോൽ നമുക്കു കിട്ടുകയില്ലേ? ഇതേപ്പററി ജ്യോമട്രിയിലൂടെ സ്വല്പം ചിന്തിക്കാം. ജ്യോമട്രിയിൽ നാം പഠിക്കുന്നുണ്ടു്, ഒരു ബിന്ദു എന്നതിനു് നീളമോ വീതിയോ ഘനമോ ഇല്ല; ഒരു വരക്കു് നീളം മാത്രമേ ഉള്ളു, വീതിയോ ഘനമോ ഇല്ല; ഒരു സമതലത്തിനു നീളവും വീതിയും ഉണ്ടു്, ഘനമില്ല. ഒരു വസ്തുവിനു് നീളവും വീതിയും കനവും ഉണ്ടു്. ഇതു്മററൊരു വിധത്തിൽ പറഞ്ഞാൽ ബിന്ദുവിൽ അളവേ (dimension) ഇല്ല. വരക്കു് നീളം എന്ന ഒരു അളവും, സമതലത്തിനു് നീളം, വീതി എന്ന രണ്ടു അളവുകളും, വസ്തുവിനു്നീളം, വീതി, ഘനം എന്ന മൂന്നു അളവുകളും ഉണ്ടു്. നമ്മുടെ ലോകത്തിലെ സകലതിനും മൂന്നു അളവുകൾ ഉണ്ടു്, നമ്മുടേതു് ഒരു ത്രിമാന ലോകമാണു് (A world of 3 dimensions) വരയിലെ ഏകമാന ജീവിക്കു് അതിനെ തൊട്ടിരിക്കുന്ന രണ്ടു ബിന്ദുക്കളെ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ എന്നാൽ ദ്വിമാന ലോകമായ സമതലത്തിൽ കിടക്കുന്ന വരയിലെ എല്ലാ കാര്യങ്ങളും കാണാനും മനസ്സിലാക്കാനും ദ്വിമാന ജീവിക്കു കഴിയുന്നു. എന്നാൽ ദ്വിമാന ജീവിക്കു നീളവും വീതിയും അല്ലാതെ ഘനം എന്ന മൂന്നാമത്തെ അളവു് മനസ്സിലാവുകയില്ല. ത്രിമാന ജീവിയായ മനുഷ്യനോ മൃഗമോ ഒരു വിരൽകൊണ്ടു് ദ്വിമാന ലോകത്തിൽ തൊട്ടാൽ ആ സാധനം എന്താണെന്നും എവിടെനിന്നു വന്നുഎന്നും മനസ്സിലാവുകയില്ല. ആ വിരൽമാററിയാൽ, ശൂന്യതയിൽ നിന്നുവന്ന അതു് ശൂന്യതയിലേക്കു എങ്ങനെ പോയി എന്നു മനസ്സിലാക്കാൻ സാധിക്കാതെ അത്ഭുതപ്പെടും. ഒരു ത്രിമാന ജീവി ദ്വിമാന ലോകത്തിൽ വന്നതായിരിക്കും എന്നു് ഒരു ദ്വിമാന വിദ്വാൻ പറഞ്ഞാൽ അയാളെ അന്ധവിശ്വാസിയായ മഠയൻ എന്നു് ആ ജീവികൾ അവയുടെ യുക്തി ഉപയോഗിച്ചു് മുദ്ര അടിക്കും. ഇതുപോലെ ഒരു ചതുർമാന ലോകവും ജീവികളും ഉണ്ടായിക്കൂടെന്നില്ല. ജ്യോമട്രി അനുസരിച്ചു് ഉണ്ടാകാം. നമുക്കു് സമതലത്തിലെകാര്യങ്ങൾ ഒററനോട്ടത്തിൽ കാണാവുന്നതുപോലെ ചതുർമാനജീവിക്കു് നമ്മുടെ ലോകത്തിലെ സകലതും കാണാൻ സാധിക്കുമല്ലൊ. ഒരു ചതുർമാനൻ നമ്മുടെ ലോകത്തിൽവന്നു് ഇരിക്കുന്നു എന്നു വിചാരിക്കുക. നാം എന്തായിരിക്കും കാണുന്നതു്? എന്തോ ഒരു വലിയ സാധനം, എവിടെനിന്നു് എന്നറിയാതെ, നമ്മുടെ മുന്നിൽ വന്നിരിക്കുന്നു! പൂട്ടി ഇട്ടിരിക്കുന്ന ഇരുമ്പറക്കുള്ളിലും ഈ നാലാം മാനക്കാരനു് വരാം എന്നു് ഓർക്കണം. അയാൾ തിരിയെ ലോക

ചെറുകഥ

# നിഴൽ

സാറാ തോമസ്



കിടപ്പുമുറിയിലെ മങ്ങിയ നീല വെളിച്ചത്തിൽ അയാൾ അവളുടെ മുഖത്തേയ്ക്ക് ഉററു നോക്കിക്കൊണ്ടിരുന്നു. ഉറക്കത്തിലമർന്ന കവിൾപോളകളുടെ വീർപ്പ് ഇനിയും മാറിയിട്ടില്ല. കവിൾത്തടങ്ങളിൽ കണ്ണീർചാലുകൾ ഉണങ്ങിവരണ്ട അടയാളങ്ങൾ! ആ മുഖകാന്തിയെ വർദ്ധിപ്പിച്ചതുപോലെ—

കണ്ണുകൾ അലസമായി തെന്നിനീങ്ങി. യൗവനം നിറഞ്ഞു തുളുമ്പുന്ന തളിർമേനി—തൻെറ സ്പർശനമാത്രയിൽ ഉത്തേജിപ്പിക്കപ്പെട്ടിരുന്ന സ്ത്രീത്വത്തിൻെറ ലഹരി അവളുടെ മാദകത്വമാർന്ന അവയവങ്ങളിൽ മയങ്ങി കിടക്കുകയാണ്. എങ്കിലും ആ ദൃശ്യം അയാളുടെ ഞരമ്പുകളിൽ പിരിമുറുക്കം സൃഷ്ടിച്ചില്ല. ആലിലപോലെ ശരീരത്തോട് പററിച്ചേർന്ന അവളുടെ അടിവയററിൽ കണ്ണുകൾ തറച്ചുനിന്നു, താനറിയാതെ നെടുവീർപ്പുയർന്നു.

ദിവസങ്ങൾ നീണ്ടുനിന്ന വിവിധ പരിശോധനകളുടെ കുറിപ്പുകൾ അവഗാഢപൂർവ്വം നോക്കി തിട്ടപ്പെടുത്തി ഒരു തീരുമാനത്തിലെത്തിയ ഡോക്ടറുടെ കണ്ണുകളിലെ ആശ്ചര്യഭാവം! ന്യായാധിപൻെറ വിധികാത്തുനിൽ

---

ബോധം അപ്രത്യക്ഷമാവുന്നത് എങ്ങോട്ട്, എങ്ങനെ, എന്നു നമുക്കു മനസ്സിലാവുകയില്ല. ഇങ്ങനെ ഒരു സംഭവം കണ്ടതായി ഒരാൾ പറഞ്ഞാൽ യുക്തിവാദികൾ പരിഹസിക്കും. അതിനെ ഇല്യൂഷൻ, ഹല്യൂസിനേഷൻ എന്നൊക്കെ പറഞ്ഞ് തള്ളിക്കളയും. പക്ഷേ കണക്കുശാസ്ത്രപ്രകാരം അവ സംഭവ്യങ്ങളാണ്. കുട്ടിച്ചാത്തന്മാർ, യക്ഷികൾ, ഗന്ധർവന്മാർ, പിശാചുക്കൾ, ദേവന്മാർ മുതലായവ നാലോ, അഞ്ചോ, കൂടുതലോ മാനങ്ങളുള്ള ലോകത്തിലെ ജീവികൾ ആവാം. അറിഞ്ഞോ അറിയാതെയോ അവർ നമ്മുടെ ത്രിമാനലോകത്തിൽ സ്പർശിച്ചാൽ മേല്പറഞ്ഞ അനുഭവങ്ങൾ ഉണ്ടാകാം.

ഈ നാലാം മാനം എന്തെന്നു കണ്ടുപിടിച്ചാൽ മാത്രമേ നമ്മുടെ ത്രിമാനലോകത്തിൻെറ രഹസ്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളു: പ്രൊഫസർ ഈൻസ്റ്റിൻെറ അഭിപ്രായം നാലാം മാനം സമയം (കാലം) ആണെന്ന് ഒരിടത്തു വായിക്കുക ഉണ്ടായി. നാലാംമാനം മനസ്സ് ആണെന്നും മനസ്സിൻെറ അഭ്യാസത്തിലൂടെ നമുക്ക് നാലാംമാന ലോകത്തിൽ കടന്ന് നമ്മുടെ പ്രപഞ്ചരഹസ്യങ്ങൾ കരതലാമലകംപോലെ മനസ്സിലാക്കാമെന്നും യോഗികൾ വിശ്വസിക്കുന്നു.

നരേന്ദ്രൻ എന്ന യുവയുക്തിവാദി ശ്രീരാമകൃഷ്ണൻെറ സ്പർശനംകൊണ്ട് ഏതോ ബ്രഹ്മാനന്ദലോകത്തിലേയ്ക്കു ഉയർത്തപ്പെടുകയും പൂർണ്ണ ഈശ്വരവിശ്വാസിയും ഭക്തനും ആയിത്തീരുകയുംചെയ്ത സംഭവം സ്മരണീയമാണ്. അനന്തവും അനേക മാനങ്ങൾ ഉള്ളതുമായ ഈ പ്രപഞ്ചത്തെ മനസ്സിലാക്കുന്നതിനുള്ള ഏക ഉപകരണം തൻെറ തലക്കുടുക്ക ആണെന്നുള്ള മനുഷ്യൻെറ അഹങ്കാരമാണ് പ്രപഞ്ചത്തിലെ ഏററവും വലിയഹാസ്യംഎന്ന്തോന്നിപ്പോകുന്നു.

—0—

ക്കുന്ന കററവാളിയുടെ ഉത്കണ്ഠയായിരുന്നു നന്ദിനിയുടെ മുഖത്തു്—മനസ്സിൽ ഒരാളിക്കത്തൽ! ഡോക്ടറിനു് പറയാനുള്ളതു് എന്താണാവോ? "മി: വേണു, നിങ്ങൾക്കു് കുട്ടികൾ ഉണ്ടാകാത്തതു് ഒരത്ഭുതമാണു്! ക്ലിനിക്കലി ബോത്ത് ഓഫ് യു ആർ പെർഫെക്ട്‌ലി ഹെൽത്തി ആൻഡ് നോർമൽ! ഇതു് പ്രകൃതിയുടെ ഒരു ക്രൂരവിനോദമെന്നല്ലാതെ എന്താണു് പറയേണ്ടതു്! എനിക്കു് ഒന്നേ പറയാനുള്ളു—നിങ്ങൾക്കു് നിരാശപ്പെടേണ്ട കാര്യമില്ല—വിവാഹം കഴിഞ്ഞു് 5 വർഷങ്ങൾ കഴിഞ്ഞു എന്നു കരുതി! മിസിസ്സ് വേണുഗോപാൽ കാൻ കൺസീവ് എനി ഡേ—മേ ബി ആഫ്ടർ എ ഫ്യൂ മന്ത്സ് ഓർ ഇയേഴ്സ്!—എനിവേ ലെററ് അസ് ഹോപ്പ് ഫോർ ദി ബെസ്റ്റ്."

മുറിക്കു പുറത്തു കടന്നപ്പോൾ വിജയഭാവത്തിലാണു് നന്ദിനിയുടെമുഖത്തേക്കു നോക്കിയതു്. പക്ഷെ, താനാശിച്ച തെളിച്ചം അവിടെ കണ്ടില്ല. കാരണം ഉദ്ദേശിക്കാനുള്ളതെ ഉണ്ടായിരുന്നുള്ളു.

അവർക്കു് പ്രത്യേക കുഴപ്പങ്ങൾ ഒന്നും ഇല്ലെന്നു് ഗൈനക്കോളജിസ്റ്റ് അഭിപ്രായപ്പെട്ടതു മുതൽ മറെറാരു തരത്തിൽ പ്രത്യാശിക്കയായിരുന്നു. അവളുടെ കൂട്ടുകാരി ജയന്തിയുടെ ഭർത്താവിനെപ്പോലെ തനിക്കും മരുന്നുകൊണ്ടു് ഭേദമാകുന്ന എന്തെങ്കിലും ഹോർമോണൽ ഡിഫക്ട് മാത്രമായിരിക്കാം. ഒരു വിദഗ്ധനായ ഡോക്ടർ ചികിത്സിച്ചാൽ എല്ലാം ശരിയാകാനുള്ളതേയുള്ളു. ജയന്തി ഇന്നു് ഒരു കുഞ്ഞിന്റെ അമ്മയാണു്. അങ്ങിനെ അവളുടെ നിരന്തരമായ നിർബന്ധംകൊണ്ടു് മാത്രമാണു് ഈ പരിശോധനകൾക്കു് ഒക്കെ വിധേയനായതു്! എന്നിട്ടിപ്പോൾ ഡോക്ടറും നിസ്സഹായനായി കൈ മലർത്തുകയാണു്. ശാസ്ത്രത്തിനു് വ്യാഖ്യാനിക്കാനാവാത്ത പ്രകൃതിയുടെ വികൃതിയാണത്രെ!

നിശ്ശബ്ദരായി ഹോസ്പിററലിനു പുറത്തു കടന്നു. വീട്ടിലേക്കുള്ള നീണ്ട കാർയാത്രയിൽ തന്റെ തോളിൽ മുഖമമർത്തി അവൾ കരഞ്ഞുകൊണ്ടിരുന്നു. ആശ്വസിപ്പിക്കാനുള്ള മാർഗ്ഗം നിശ്ചയമുണ്ടായിരുന്നില്ല. ഡോക്ടറുടെ വാക്കുകൾ മനസ്സിൽ ഉത്തരം കിട്ടേണ്ട ഒരു കടംകഥപോലെ തികട്ടി തികട്ടി കിടന്നു—പ്രകൃതിക്കു് തങ്ങളോടു മാത്രം ഈ വൈകൃത്യത്തിനുള്ള കാരണം? മനസ്സിൽ അസ്വാസ്ഥ്യത്തിന്റെ നേരിയ ചലനങ്ങൾ! കരഞ്ഞു കരഞ്ഞു് നന്ദിനി സ്വയം ആശ്വാസം കണ്ടെത്തുമെന്നു് ആശ്വസിച്ചു.

രാത്രിയിൽ ഉറക്കറയിൽ തന്നോടു് പററിച്ചേർന്നു കിടന്നപ്പോൾ അവൾക്കു് അടക്കാൻ കഴിഞ്ഞില്ല—

ഞാ....ൻ ശപിക്കപ്പെട്ടവളാണു്—അതുകൊണ്ടല്ലെ വേണുവേട്ടൻ ഒരച്ഛനാകാൻ കഴിയാഞ്ഞതു്—എന്നെ....എന്നെ വേണുവേട്ടൻ വെറുത്തുപോകും....

സാന്ത്വനപൂർവ്വം അവളെ ചേർത്തുപിടിച്ചു് "എന്റെ മണ്ടിപ്പെണ്ണേ! എന്തു് വിഡ്ഢിത്തമാണീ പറയുന്നതു്—ഇത്ര നേരം മൗനമായിരുന്നതു് ഇങ്ങനെ വേണ്ടാത്തതൊക്കെ ചിന്തിച്ചാണോ—നോക്കു്— നിന്നെ കവിഞ്ഞു് എനിക്കീ ലോകത്തു് വിലപ്പെട്ടതായി ഒന്നും ഇല്ല—, പിന്നെ നിരാശപ്പെടേണ്ട കാര്യം എന്താണു്—ഡോക്ടർ പറഞ്ഞതു് നീ കേട്ടില്ലേ"

"എന്തോ, എനിക്കു് വിശ്വസിക്കാൻ ധൈര്യം പോരാ...."

ഉത്കണ്ഠയുടെ വിറപൂണ്ട സ്വരം!

"എന്നാൽ എനിക്കു് ഉറപ്പുണ്ടു്—നീ ഒരമ്മയാകും—ഒരു കുട്ടിയുടെയല്ല—അര ഡസൻ കുട്ടികളുടെ—എന്താ പോരെ!" പാവം നന്ദിനി തന്റെ ആശ്വാസ വചനങ്ങളിൽ തനിക്കു തന്നെ തോന്നിത്തുടങ്ങിയ അവിശ്വാസം മനസ്സിലാക്കിയില്ലായിരിക്കും.

ചുംബനങ്ങൾകൊണ്ടു് മുഖത്തെ നനവു് ഒപ്പിയെടുത്തപ്പോൾ തന്റെ കൈകളുടെ രക്ഷാവലയത്തിൽ അവൾ ഒന്നുകൂടി ഒതുങ്ങിച്ചേർന്നു കിടന്നു.

എപ്പോഴാണു് അവൾ ഉറങ്ങിയതു്? ഉറക്കവുമായി മല്ലടിച്ചു് തോൽവി സമ്മതിച്ച താനീ ചാരുകസേരയിൽ അഭയം പ്രാപിച്ചതും അറിഞ്ഞതേയില്ലല്ലോ—യാന്ത്രികമായ തന്റെ പരിലാളനകളിൽ ഒരു പക്ഷെ അവളുടെ മനസ്സ് സാന്ത്വനം കണ്ടെത്തിയിരിക്കും.

പൂവിന്റെ നൈർമല്യം ഉൾക്കൊള്ളുന്ന ഇളം മനസ്സ്—ചിങ്ങമാസത്തിലെ ആകാശം

പാലെ ഞൊടികളിൽ കാലുഷ്യങ്ങൾ വിട്ടകലും !

പക്ഷെ തൻെറ മനസ്സിൻെറ ലാഘവം നഷ്ടപ്പെട്ടിരിക്കുന്നു. ശപിക്കപ്പെട്ടതു് അവളോ താനോ? ഒരു പിതാവാകാനുള്ള കഴിവു് തനിക്കാണു് നിഷേധിക്കപ്പെട്ടിരിക്കുന്നതെങ്കിലോ? കാരണം?

അസുഖകരമായ ചിന്തകൾ, ബുദ്ധിയുടെ തെളിമയിൽ കടന്നാക്രമണമാണു്: തനിക്കു് കുഴപ്പമൊന്നുമില്ലെന്നു് ഡോക്ടർ പറഞ്ഞപ്പോൾ അനുഭവപ്പെട്ട ആത്മവിശ്വാസം ഞെട്ടററു വീണ പൂവുപോലെ മനസ്സിൻെറ ഒരു കോണിൽ തളർന്നുകിടന്നു

യുക്തിയുടെ ശക്തമായ വാദമുഖങ്ങളിൽ പഴുതുണ്ടാക്കി ചിന്തകൾ അന്ധവിശ്വാസങ്ങൾ കെട്ടുപിണഞ്ഞുകിടന്ന ബാല്യകാലത്തേക്കു കുതിച്ചു് പായുകയാണു്. മറവിയുടെ പിടിയിലമർന്നു തുടങ്ങിയ, അഗണ്യമെന്നു് ഇന്നോളം കരുതിത്തള്ളിയ സംഭവങ്ങൾക്കു് പെട്ടെന്നു് നിനച്ചിരിക്കാത്ത രൂപങ്ങളും അർത്ഥങ്ങളും കൈവന്നതുപോലെ—!

മനസ്സിൻെറ ബോധതലത്തിൽ ഓർമ്മയുടെ ആദ്യത്തെ മുദ്രണങ്ങൾ !

ഒരു കാലഘട്ടത്തിൻെറ പഴക്കമുള്ള തറവാടു്—തിട്ടു കെട്ടി മണൽ വിരിച്ചു് വിശാലമായ മുററം. തെക്കു പടിഞ്ഞാറു ഭാഗത്തെ കൽപ്പടികൾ ! പിറന്ന കാട്ടുചെടികൾക്കിടയിലൂടെ വളഞ്ഞുപോകുന്ന ചെമ്മൺപാത. പാതയുടെ അവസാനം പായലിൻെറ പച്ചനിറം പടർന്നുപിടിച്ച ഇടുങ്ങിയ കുളം—കുളത്തിൻെറ എതിർഭാഗത്തു് വൻമരങ്ങൾ പടർന്നു് പന്തലിച്ചു്കെട്ടുപിണഞ്ഞുകിടക്കുന്ന സർപ്പക്കാവു് !

നട്ടുച്ചക്കും ഇരുട്ടു പതിയിരിക്കുന്ന പാലമരച്ചോട്ടിൽ ഉണങ്ങിയ പാലപ്പൂക്കളുടെ രൂക്ഷഗന്ധം തങ്ങിനിൽക്കുന്ന കൽത്തറയിലെ ചിത്രകൂടപ്രതിഷ്ഠ. തൊട്ടടുത്തു് ഫണമുയർത്തി നിൽക്കുന്ന കരിനാഗം!

സന്ധ്യ, മഞ്ഞുംമുൻപുതന്നെ കുളിപ്പിച്ചു് കുറിവരച്ചു് തിരിവിളക്കുമായി വാവിലേക്കു് ആനയിക്കുന്ന അമ്മ. വിളക്കെണ്ണയൊലിച്ചിറങ്ങുന്ന കൽവിളക്കിൽ തിരി കൊളുത്തുമ്പോൾ മനസ്സിൽ ഭക്തിക്കു പകരം ഒരു തരം വീർപ്പുമുട്ടലാണു്. അങ്ങു് അകലെ ആൽത്തറയിൽ




കൂട്ടുകാരുടെ ആർപ്പാരം അപ്പോഴും കേൾക്കുന്നുണ്ടാവും. അവർ കളിച്ചു മറിഞ്ഞു് രസിക്കുകയാണ്. തനിക്കുമാത്രം ഈ ശിക്ഷ—

സർപ്പപ്രീതി നേടി രണ്ടു തലമുറകൾക്കു ശേഷം കുടുംബത്തു പിറന്ന ആൺതരിയാണ്. സർപ്പ ദൈവങ്ങളോടുള്ള ആദരവിനു് കോട്ടം വന്നുകൂടാ—തന്റെ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള അമ്മയുടെ വഴിപാടാണ്.

വൃശ്ചികമാസത്തിൽ ആയില്യ പൂജയ്ക്കു് മുൻപുള്ള ഒൻപതു ദിവസത്തെ വ്രതം! ഹേമന്തത്തിന്റെ കുളിരണിഞ്ഞ പ്രഭാതങ്ങളിൽ മതിവരാത്ത ഉറക്കത്തിന്റെ തലകറക്കവുമായി മഞ്ഞുതുള്ളികൾ വീണു് വിറങ്ങലിച്ച കുളത്തിലെ മുങ്ങിക്കുളി! കാവു് ശുചിയാക്കി, തുളസിയില കൊത്തുകൊണ്ടു് തീർത്ഥജലം തളിച്ചു് ശുദ്ധംവരുത്തി വീട്ടിൽ തിരിച്ചു് എത്തുമ്പോഴും തങ്കേച്ചിയും ലക്ഷ്മിയേച്ചിയും കറുത്ത കരിമ്പടത്തിനുള്ളിൽ ഗാഢനിദ്രയിലായിരിക്കും—അവർക്കു വറുത്ത മീൻകൂട്ടിച്ചോറു വിളമ്പുമ്പോൾ തനിക്കു് അടുക്കളയിൽ അയിണി പലകപ്പുറത്തു്; കളിച്ചു ശുദ്ധിയായി അമ്മ പാകംചെയ്ത ഉണക്കലരി ചോറും തൈരും! അച്ഛനു് രാവിലെ കാപ്പിയോടൊപ്പം അമ്മ പ്രത്യേകമായി പിഞ്ഞാണിപാത്രത്തിൽ വിളമ്പാറുള്ള മുട്ട പൊരിച്ചതിൽ തനിക്കു പതിവുള്ള പങ്കും അപ്പോൾ നിഷിദ്ധമാണ്!

അടിച്ചേൽപിക്കപ്പെട്ട വ്രതാനുഷ്ഠാനങ്ങളുടെ കയ്പുരസം ഉറഞ്ഞുകൂടിയ ദിവസങ്ങൾ! കാച്ചു മുതിർന്നപ്പോൾ ഉള്ളിൽ പൊന്തിയ അമർഷം അടക്കാൻ കഴിഞ്ഞില്ല.

"അമ്മേ! ഈപ്പണി എനിക്കിനി പററില്ല—"

ആരോ കേട്ടുകളയും എന്ന ഭയപ്പാടോടെയാണു് അമ്മ വായ് പൊത്തിയതു്! "അരുതു കുട്ടി! സർപ്പശാപം വരുത്തിവയ്ക്കരുതേ! കുടുംബത്തു് സന്തതി അററുപോയാൽ...."

തുടരാനുള്ള ധൈര്യം പോരാഞ്ഞതുപോലെ അമ്മ നിർത്തിക്കളഞ്ഞു. ആ മുഖത്തു് ദർശിച്ച സംഭ്രമവും ഭീതിയും കണ്ടപ്പോൾ എനിക്കൊരു ചുക്കും ഇല്ലെന്നു് ഉടനടി ചുണ്ടത്തെത്തിയ മറുപടി വിഴുങ്ങിക്കളഞ്ഞു.

അതിൽ പിന്നെ തന്റെ പ്രതിഷേധങ്ങൾ അമ്മയുടെ മുമ്പിൽ വെളിപ്പെട്ടത്തിയിട്ടില്ല. പക്ഷെ ഉള്ളിൽ അമർഷം പെരുകിവന്നതേയുള്ളു.

ദിവസങ്ങൾ കഴിഞ്ഞു. കടവിന്റെ തെക്കുള്ള ഇല്ലിക്കാടു് തെളിച്ചപ്പോൾ കുഞ്ഞിക്കോരൻ കൊന്നുകൂട്ടിയ പാമ്പുകളുടെ ശവശരീരങ്ങൾ കണ്ടതോടെ ചെറുപ്പത്തിൽ അടിച്ചേൽപിക്കപ്പെട്ട അന്ധവിശ്വാസങ്ങളുടെ ബന്ധനം അപ്പാടെ ഉലഞ്ഞു ചിതറി.

മനുഷ്യന്റെ കയ്യിൽനിസ്സഹായതയോടെ പിടഞ്ഞു മരിക്കുന്ന ജീവികൾ! ഇവയ്ക്കു് ദിവ്യത്വം കൽപിക്കുന്നതു് വിഡ്ഢിത്തമല്ലെങ്കിൽ പിന്നെ എന്താണു്? അതിൽപിന്നെ വ്രതാനുഷ്ഠാനങ്ങൾ അമ്മയെ ബോധിപ്പിക്കാൻ വേണ്ടിയുള്ളവമാത്രമായി.കരിങ്കല്ലിൽ കൊത്തിയ സർപ്പദൈവങ്ങളെ കബളിപ്പിക്കുകതന്നെ ചെയ്തു.

കാലുകൾ പോലും നനയ്ക്കാതെ തലയിൽ വെള്ളം ഒഴിച്ചു് കുളിച്ചെന്നു വരുത്തി, നോമ്പുകാലങ്ങളിൽ അങ്ങേതിലെ കരിംപൂച്ചയെ പഴിചാരി അടുക്കളയിൽ നിന്നും വറുത്ത മീനും മുട്ട പൊരിച്ചതും പലപ്പോഴും വിദഗ്ധമായി കടത്തി. ആയില്യത്തിനു് ആററിനക്കരെയുള്ള നാഗക്ഷേത്രത്തിൽ വഴിപാടിനായി കൊടുത്തയക്കാറുള്ള ചില്ലറ ഇബ്രാഹിംകാക്കായുടെ കടയിൽ പത്തിരിക്കും ഇറച്ചികറിയ്ക്കുമായി മാറി.

ആർക്കും ആർക്കും സംശയത്തിനു് ഇട നൽകാതെ, അമ്മയുടെ വിശ്വാസത്തിനു് പൂർണ്ണ സംതൃപ്തി നൽകിക്കൊണ്ടു് വിജയപൂർവം നടത്തിയ തന്ത്രങ്ങൾ!

ഇന്നു് അമ്മ ജീവിച്ചിരിപ്പില്ല. അമ്മയുടെ അസ്ഥിത്തറയിൽ വിളക്കുവെയ്ക്കാൻ ഉററവർ ആരും ഇല്ല. ദ്രവിച്ചുതുടങ്ങിയ തറവാടു് പൂട്ടിക്കിടക്കാൻ തുടങ്ങിയിട്ടു് വർഷങ്ങൾ പലതായിരിക്കുന്നു. സർപ്പക്കാവിലെ കെട്ടുപിണഞ്ഞു് ഇടതൂർന്നു വളർന്ന വൃക്ഷങ്ങൾക്കു് ഉണക്കു ബാധിച്ചു. ഇലകൾ കൊഴിഞ്ഞപ്പോൾ വിറകു വിലയ്ക്കു് വിൽക്കാൻ ഒട്ടും മനസും തോന്നിയില്ല. ഇരുട്ടു് പതിയിരിക്കുന്നു, പാലപ്പൂവിന്റെ സുഗന്ധം തങ്ങിനിൽക്കുന്ന പച്ച പരവതാനി നഷ്ടപ്പെട്ട, അനാഥമാ

യിത്തീർന്ന സർപ്പക്കാവ്. വെയിലും മഴയുമേറ്റ് ഇടിഞ്ഞു പൊളിഞ്ഞ കൽത്തറ—പൂപ്പൽ പിടിച്ച ചിത്രകൂടക്കല്ല്. എണ്ണമയം തീർത്തും വററി ഉണങ്ങിയ കൽവിളക്ക്. അതിന്റെ മുൻപിലായി ഫണമൊടിഞ്ഞ കരിനാഗം—തന്റെ കാഴ്ചപ്പാടിൽ ദിവ്യത്വം നഷ്ടപ്പെട്ട കൽത്തൂണുകൾ!—മനസ്സിന്റെ പുറംപോക്കിൽ മങ്ങി അവശേഷിക്കുന്ന ഓർമ്മകൾ! പെട്ടെന്ന്, വളരെ പെട്ടെന്ന് എന്തോ അത്ഭുതം സംഭവിച്ചതുപോലെ— ചിന്തകൾ അപ്പാടെ ഉലയുകയാണ്—മനസ്സിൽ അകാരണമായ ഭീതി–തലച്ചോറിൽ അമ്മയുടെ വാക്കുകളുടെ മുഴക്കം! ഒരു നൂററാണ്ടു കാലം തന്റെ കുടുംബത്തിന്റെ സംരക്ഷകരായി ആരാധിക്കപ്പെട്ട ദൈവങ്ങൾ–തന്റെ കാഴ്ചപ്പാടിൽ ദിവ്യത്വം നഷ്ടപ്പെട്ട കൽത്തൂൺകളായി മാറിയ ദൈവങ്ങൾ വീണ്ടും ഉയിർത്ത് എഴുന്നേൽക്കുകയാണോ? തന്നെ ശപിക്കാനുള്ള ശക്തി അവർക്ക് ഇനിയും അവശേഷിച്ചിരുപ്പുണ്ടെന്നോ പെട്ടെന്ന് കറക്കയന്ത്രത്തിലെന്നപോലെ ഉൾക്കണ്ണിന്റെ മുൻപിൽ കൽത്തൂണുകളുടെ പ്രദക്ഷിണം തന്നെയായി. ഞൊടിക്കിടയിൽ അവ ഭീമാകൃതിപൂണ്ട രൂപങ്ങളായി മാറി. പിന്നെ ഇരുട്ട് കടന്നാക്രമിച്ചതുപോലെ സർവ്വത്ര അന്ധകാരം! രംഗം വീണ്ടും തെളിഞ്ഞപ്പോൾ കൽത്തറയില്ല–ചിത്രകൂടക്കല്ലും കൽവിളക്കുമില്ല. ഫണമുയർത്തി നിൽക്കുന്ന കരിനാഗം മാത്രം! ജീവന്റെ ചൈതന്യം ആർജിച്ച കൽരൂപം! അഞ്ജനംപോലെ കറുത്ത് തിളങ്ങുന്ന ഉടൽ–കനൽക്കട്ടപോലെ ചുവന്ന വട്ടക്കണ്ണുകൾ! പുറത്തേയ്ക്ക് ചീററിവരുന്ന അററം പിളർന്നു കൂർത്ത നാവ്–! നന്ദിനിയുടെ തലയ്ക്കുമുകളിൽ പത്തിവിരിച്ചാടുകയാണ്.

ഭീതികൊണ്ട് മരവിച്ചുപോയി—കണ്ണുകൾ തുറിച്ചുതന്നെ നിന്നു. ചങ്കിനുള്ളിൽ ശ്വാസം തടഞ്ഞ് വീർപ്പുമുട്ടി. "എന്റെ നന്ദിനി നിരപരാധിയാണ് അവൾക്ക് ശാപമോക്ഷം നൽകൂ—തെററുചെയ്തത് ഞാനാണ്—ഞാൻ മാത്രം!" ഉറക്കെ ഉറക്കെ വിളിച്ചുപറയാൻ സർവ്വശക്തികളും സംഭരിച്ചു ശ്രമിച്ചിട്ടും പരാജയപ്പെടുകയാണ്! വയ്യാ—വയ്യാ—ശബ്ദനാളവും മരവിച്ചു എന്നോ!

തന്നിൽനിന്നും പുറപ്പെടുന്ന വികൃതസ്വരം കേട്ടാണ് ഞെട്ടി കണ്ണുകൾ തുറന്നത്. പരിഭ്രാന്തിയോടെ കണ്ണുകൾ നാലുപാടും പരതി. ഫണമുയർത്തിയാടുന്ന കരിനാഗം എവിടെ? നന്ദിനിയുടെ തലയ്ക്കൽ? കാൽക്കൽ? കട്ടിലിന്റെ ചുവട്ടിൽ?—അതോ കട്ടിലിൽ കൂടെ കെട്ടുപിണഞ്ഞോ? ഇല്ല, ഇല്ല ഒരിടത്തുമില്ല—തലച്ചോറിന്റെ ഭ്രമം മാറിത്തുടങ്ങി.– ഓഹ്–ഒന്നും സംഭവിച്ചില്ല–നന്ദിനി ഇപ്പോഴും സുഖനിദ്രയിലാണ്. താൻ മാത്രം ആകെ തളർന്ന് കൈകാൽ കുഴഞ്ഞ് നാവ് വരണ്ട് വിയർപ്പിൽ കുളിച്ച് ചാരുകസേരയിൽ കിടപ്പുണ്ട്. താൻ കണ്ടത് ഒരു പേടിസ്വപ്നം മാത്രമായിരുന്നോ! പേപിടിച്ച ചിന്തകളുടെ ലോകത്തുനിന്ന് എപ്പോഴാണ് ഉറക്കം തന്നെ പിടികൂടിയത്? അന്ധവിശ്വാസങ്ങളുടെ ഈ വിഷമവൃത്തത്തിൽ തന്നെ തളച്ചിടാൻ ശ്രമിച്ചത് ഏത് അദൃശ്യശക്തിയാണ്?

ക്രമേണ അയാളുടെ ശാസ്ത്രബോധം ഉണർവു പ്രാപിച്ചു, ബുദ്ധിയുടെ മഞ്ഞളിപ്പ് വിട്ടകന്നു. സ്വയം വ്യാഖ്യാനം കണ്ടെത്തുകയായി. കുട്ടിക്കാലത്ത് മനസ്സിൽനിന്ന് പിഴുതെറിഞ്ഞു എന്നു കരുതിയിരുന്ന അന്ധവിശ്വാസങ്ങളുടെ ഇനിയും ദ്രവിച്ചു നശിക്കാത്ത ബീജങ്ങൾ താളംതെററിയ ചിന്തകളുമായി ഉറക്കത്തിലേയ്ക്ക് വഴുതിവീണ തന്റെ മനസ്സിൽ പടർത്തിയ വിഭ്രാന്തിമാത്രം! അലങ്കോലപ്പെട്ടുകിടക്കുന്ന മനസ്സിനെ അടുക്കി പെറുക്കേണ്ടിയിരിക്കുന്നു. വൈകൃതരൂപംപൂണ്ട ബുദ്ധിയുടെ പ്രയാണങ്ങളിൽനിന്നുള്ള മോചനമാണ് ഇപ്പോൾ വേണ്ടത്. തന്റെ ചേതനകളെ കേന്ദ്രീകരിക്കാൻ ഒരു കാന്തവലയം!

പെട്ടെന്നു വലിച്ചെടുക്കപ്പെട്ടതുപോലെ കണ്ണുകൾ നന്ദിനിയിലേയ്ക്ക് തിരിഞ്ഞു. അവിടെ തറച്ചുനിന്നു. ഇപ്പോൾ ഒരു കൈ തലയ്ക്കു പുറകിലേയ്ക്കു ചേർത്ത് അവൾ തന്റെ നേരെ ചരിഞ്ഞുകിടക്കുകയാണ്. മുഖത്ത് മുൻപുണ്ടായിരുന്ന വിഷാദച്ഛായ മാറിയിരിക്കുന്നു. സ്വപ്നത്തിൽ മയങ്ങുന്ന അർദ്ധനിമീലിത നേത്രങ്ങൾ! ചുണ്ടുകളിൽ നേർത്ത പുഞ്ചിരി—

വിനോദഭാവന

# 'ഭർത്താവുദ്യോഗസ്ഥൻ'

(സി. മാധവൻപിള്ള)

ആണ്, അങ്ങിനെയുമുണ്ട് ഒരു ഉദ്യോഗസ്ഥൻ! 'ആരെടാ ഈ ജഗതല പ്രതാപൻ?' എന്നു നിങ്ങൾ അത്ഭുതപ്പെടുകയാണ്, അല്ലേ? റവന്യു ഉദ്യോഗസ്ഥന്മാരെപ്പററി കേട്ടിട്ടുണ്ട്. ഈ നാം പേച്ചിയും ആന മരതായും നിറഗർഭിണികളുടെ ജീവരക്തം ഊററിക്കുടിക്കുന്നതു പോലെ, മുറുക്കാൻ കച്ചവടക്കാരനേയും ബീഡി തെറുപ്പുകാരനേയും മാടക്കടക്കാരനേയും ഉറുഞ്ചിക്കുടിക്കുന്ന സെയിൽസ് ടാക്സ് ഉദ്യോഗസ്ഥനെ അറിയാം. അഴിമതി പ്രവരണോദ്യോഗസ്ഥനായ അഴിമതി നിരോധന ആഫീസറുടെ പരാക്രമങ്ങളെപ്പററി കേട്ടിട്ടുണ്ട്. മൂക്കററം മദ്യപിച്ചുകൊണ്ട് നല ഷ്മമുകളിൽ ഭൂമിയും പാദത്തിനടിയിൽ ആകാശവുമായി സഞ്ചരിച്ച് വ്യാജ വാററ് തൊണ്ടിസഹിതം കണ്ടുപിടിക്കുന്ന മദ്യനിരോധനോദ്യോഗസ്ഥന്റെ അത്യത്ഭുതകരമായ അപദാന ചരിത്രങ്ങൾ കേട്ടും കണ്ടും അനുഭവിച്ചും കോരിത്തരിച്ചിട്ടുണ്ട്. പക്ഷെ ഈ ഭർത്താവുദ്യോഗസ്ഥനെപ്പററി മാത്രം കേട്ടിട്ടില്ല, അല്ലേ? നിങ്ങൾ പരമശുദ്ധനാണ്, വെറും കൂപമണ്ഡൂകം, എന്നാൽ പറഞ്ഞുതരാം. കേട്ടോളൂ സർവ്വവ്യാപികളായ ഭർത്താവുദ്യോഗസ്ഥന്മാരെപ്പററി കേട്ടറിവില്ലാത്ത നിങ്ങൾ നാട്ടിൽ പ്രമാണികളോ മുഖ്യമന്ത്രിമാർ തന്നെയോ ആയിരുന്നാൽപോലും പരമ ശുംഭന്മാരാണെന്നു നാമിതാ തീർത്തുപറയുന്നു.

ഏതെങ്കിലും ഒരു സ്ത്രീയുടെയോ സ്ത്രീയുടെ ശാരീരിക ലക്ഷണങ്ങളുള്ള ഏതെങ്കിലും സത്വത്തിന്റെയോ 'ഭർത്തപിക'മായ ചുമതലകൾ നിർവ്വഹിക്കുന്ന ആളാണ് ഭർത്താവുദ്യോഗസ്ഥൻ. ഇവരെ പ്രധാനമായി നാലു വകുപ്പുകളായി വിഭജിക്കാം:--പ്യൂൺ ഉദ്യോഗസ്ഥന്മാർ, അഥവാ ചപ്രാസികൾ; എൻ.ജി.ഒ. ഭർത്താവുദ്യോഗസ്ഥന്മാർ; ഗസററഡ് ഓഫീസറന്മാർ; അമ്പലത്തെയും ദേവനേയും ഒന്നിച്ചുവിഴുങ്ങുന്ന സർവ്വസൈന്യാധിപന്മാർ അഥവാ, ഭർത്താവു ഗവർണ്ണറന്മാർ.

ഭർത്താവുദ്യോഗസ്ഥന്മാരിൽ ഏററവും താണപടിയിലുള്ള ചപ്രാസികളാണ് നാടക

---

ഒരു പക്ഷെ അവൾ ഒരു കുഞ്ഞോമനയെ സ്വപ്നംകാണുകയായിരിക്കും—വിവാഹം കഴിഞ്ഞുള്ള ആദ്യകാലങ്ങളിൽ അവളുടെ മനസ്സിൽ നിറഞ്ഞുനിന്ന "വേണുവേട്ടനെപ്പോലെ വട്ടമുഖവും തല നിറയെ ചുരുണ്ട മുടിയുമുള്ള ഒരു കുസൃതിക്കുട്ടൻ! ഡോക്ടർ പറഞ്ഞതുപോലെ ഇന്നോ, നാളെയോ ഒരു മാസം കഴിഞ്ഞോ, വർഷങ്ങൾ കഴിഞ്ഞോ അവൾ ഗർഭം ധരിച്ചേക്കാവുന്ന തങ്ങളുടെ അനർഘ സമ്പത്ത്!

വികലതയിൽ അമർന്ന മനസ്സിൽ പ്രത്യാശയുടെ പുതിയ ചലനങ്ങൾ മരവിച്ച ഹൃദയത്തിൽ വികാരത്തിന്റെ ഊഷ്മളത! സിരകളിൽ രക്തത്തിന്റെ വേലിയേററം!

സ്വപ്നഭംഗം നേരിട്ടതുപോലെ നന്ദിനി ചലിച്ചു. ആ അർദ്ധബോധാവസ്ഥയിൽ അവളുടെ കരങ്ങൾ തന്നെ തിരയുന്നതുപോലെ! കൈകാലുകൾക്ക് നവോന്മേഷം! അയാൾ വേഗം എണീററു.

ഉറക്കത്തിന്റെ ആലസ്യം തീർത്തുമാറാത്ത കണ്ണുകളിൽ ക്ഷീണവുമായി തന്നെ നോക്കി കിടക്കുന്ന നന്ദിനിയെ ആവേശത്തോടെ വാരി പുണർന്നപ്പോൾ മനസ്സിൽ ശുഭപ്രതീക്ഷ കൾ മാത്രമായിരുന്നു.

---

ക്കാരകളുടെ ഭർത്താവുദ്യോഗസ്ഥന്മാർ. ഇവരുടെ ശമ്പളസ്കെയിൽ സകല ചെലവും കഴിഞ്ഞ് 50 മുതൽ 100 വരെ. പതിവ് ടി.എ.യും ഉണ്ടായിരിക്കും. ഇവർക്ക് വാൽനക്ഷത്രം എന്നും ഒരു ബഹുമതിപ്പേരുണ്ട്. തന്നെ ഭർത്താവുദ്യോഗത്തിൽ നിയമിച്ചിരിക്കുന്ന നാടകക്കാരിയുടെ സാരി,ബ്ളൗസ്സുകൾ,സോപ്പ്, ചീപ്പ്, കണ്ണാടി, സെൻറും പൗഡറും ഉൾക്കൊള്ളുന്ന ട്രങ്കപെട്ടിയുടെ ചുമതലക്കാരനാണദ്ദേഹം. നാടകക്കാരി നാടക മാനേജരോടും മററു പ്രധാന നടീനടന്മാരോടുമൊന്നിച്ച് നേരത്തേ നാടകസ്ഥലത്തേക്കു പ്രയാണംചെയ്ത് ടി.ബി.യിലോ കാൺട്രാക്ടറുടെ വീട്ടിലോ താവളമടിച്ചുകൊള്ളും. നാടകം തുടങ്ങുന്നതിനു മുമ്പായി നടിയുടെ പണിയായുധങ്ങൾ ഉൾക്കൊള്ളുന്ന പെട്ടി സ്റ്റേജിൻെറ പിൻഭാഗത്തുള്ള ഗ്രീൻറൂമിൽ എത്തിച്ചുകൊടുക്കേണ്ട ചുമതല മാത്രമേ ഭർത്താവുദ്യോഗസ്ഥനുള്ളൂ. അതു കഴിഞ്ഞാൽ സുഖം. നാടകം കഴിയുന്നതുവരെ അവന് എവിടെ വേണമെങ്കിലും തികഞ്ഞ തലയെടുപ്പോടുകൂടിത്തന്നെ കറങ്ങിനടക്കാം.

അഞ്ചാറു മണിക്കൂർ അവൻ എങ്ങിനെ കഴിച്ചുകൂട്ടുമെന്നാണ് നിങ്ങളുടെ ചിന്ത, അല്ലേ? വേണ്ട, അങ്ങിനെ ചിന്തിച്ചു തല പുകയേണ്ട യാതൊരു കാര്യവുമില്ല. ഇവൻ പ്രായേണ തണ്ണിയടി വിദഗ്ദ്ധനാണ്. അല്ലെങ്കിൽ ഭാര്യ കഴിയുംവേഗം അവനെ ആ കലയിൽ പ്രവീണനാക്കിത്തീർത്തുകൊള്ളും. എന്തെന്നാൽ അതു അവളുടെ ആവശ്യമാണ്. ആ തണ്ണിയടയ്ക്കുള്ള സ്പെഷ്യൽ അലവൻസ് അവൾ ഭർത്താവുദ്യോഗസ്ഥൻെറ ഗ്രേഡും സർവ്വീസുമനുസരിച്ച് അവനു നിശ്ചയിച്ചിട്ടുമുണ്ട്. അതനുസരിച്ചുള്ള തുക അനുവദിച്ചു കിട്ടിയാലുടൻ അവൻ അതുംകൊണ്ട് ഒരിക്കലും വിട്ടുപിരിയാത്ത കറുത്ത കരയൻ നേര്യതു തലേക്കെട്ടുമായി അടുത്തുള്ള “അധ്യാത്മവിദ്യാലയ”ത്തിലേക്കു പ്രയാണം ചെയ്തുകൊള്ളും, ഏതു അസമയത്തായാലും ശരി, നാടകക്കാരിയുടെ ഭർത്താവുദ്യോഗസ്ഥനുവേണ്ടി ഏതു ഷാപ്പും തുറന്നുവച്ചിരിക്കും. അഥവാ, ഷാപ്പ് ആക്ട് ഉദ്യോഗസ്ഥന്മാരെകബളിപ്പിക്കാൻവേണ്ടി മുൻവശത്തെ വാതൽ അടച്ചിരുന്നാൽ തന്നെയും, പുറകുവശത്തുകൂടി ഗർഭഗൃഹത്തിലേക്കുള്ള ഗൂഢമാർഗ്ഗം അവനു് നല്ലവണ്ണം അറിയുകയും ചെയ്യാം. ആ പുണ്യസ്ഥലത്തുചെന്ന് രണ്ടു മൂന്നു കുപ്പിയുടെ പുറത്ത് അവൻ പതിവ്രതാശിരോമണിയായ സ്വപത്നിയുടെ വീരശൂരപരാക്രമങ്ങളും സൗന്ദര്യവർണ്ണനയുമായിരിക്കും. (ഇതു പലപ്പോഴും നാടകത്തിലെ ഉരുളൻ വാചകങ്ങൾതന്നെ ആയിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.) അങ്ങിനെ മണിക്കൂറുകൾ മുറയ്ക്കു തള്ളിനീക്കും. അതാണ് കർത്താവേ, സഹിക്കാൻ മേലാത്തതു്. എന്തെന്നാൽ അവളെപ്പററിയുള്ള രാമായണവും ഭാരതവും അഷ്ട, ദശ പുരാണങ്ങളും അമലോത്ഭവചരിതങ്ങളും കേട്ടുകേട്ട് ചെവി തഴമ്പിച്ചിട്ടുള്ളവരായിരിക്കും അവൻെറ ശ്രോതാക്കൾ. ഉള്ളുകൊണ്ടു ചിരിക്കയല്ലാതെ അവർ എന്തുചെയ്യും? ഈ സമയമത്രയും നാടകക്കൊട്ടകയിൽപതിവു പ്രോഗ്രാമനുസരിച്ചുള്ള കൈകൊട്ടും കൂക്കുവിളിയും എട്ടു ദിക്കും പൊട്ടുമാറു് നടക്കുകയായിരിക്കും. അപ്പോഴാണ് അവൻ തൻെറ വലതു കൈത്തണ്ടിൽ കാച്ചിലുകണ്ണിപോലെ വളർന്നിരിക്കുന്ന റിസ്റ്റ് വാച്ചിലേക്കു നോക്കുക, ആങ്, ഏതു ഭർത്താവുദ്യോഗസ്ഥനായാലുംശരി റിസ്റ്റ്‌വാച്ച് അവൻെറ ശരീരത്തിലെ ഒഴിച്ചുകൂടാത്ത ഘടകമാണ്. വാച്ചിൽ നോക്കി. ഷാപ്പിൽ സന്നിഹിതനായി മൂന്നുമണിക്കൂർ കഴിഞ്ഞിരിക്കുന്നു. ഇനി കൊട്ടകയിലേക്കു മടങ്ങാം. അവൻ മടങ്ങുന്നു. പമ്മിപ്പമ്മി കൊട്ടകയുടെ പിൻഭാഗമെത്തുമ്പോൾ നാടകം കഴിഞ്ഞില്ലെന്നറിഞ്ഞാൽ, അഥവാ, നാടകം കഴിഞ്ഞ് പ്രാണാധിക പ്രിയ തമയും മററു നാടകസെററും കമ്പനിവാനിൽ സ്ഥലംവിട്ടുകഴിഞ്ഞെന്നറിഞ്ഞാൽ ഒരിക്കൽകൂടി ഷാപ്പിലേക്കു വരണമെന്നല്ലേയുള്ളൂ? പണം ബാക്കിയുണ്ടല്ലോ.

അടുത്തതു് സിനിമാ നടികളുടെ ഭർത്താവുദ്യോഗസ്ഥന്മാരാണ്. വെറും ചപ്രാസികളായി സർവ്വീസിൽ പ്രവേശിക്കുന്ന ഇവർ പടിപടിയായി ഉയർന്ന് 150—200 സ്കെയിലിലുള്ള എൻ. ജി. ഒ. മാരും, അവിടവും കടന്ന് നാലക്കത്തുകകൾ വാങ്ങുന്ന ജി. ഒ. മാരും ഒ

ക്കെ ആയിത്തീരുന്നതും അസാധാരണമല്ല. അവിടവും കടന്ന് ചിലപ്പോൾ സമനിലയിലും അതിനുപരിയും എത്തിയെന്നും വരാം. പലച്ചിത്രത്തിൽ അഭിനയിക്കവേ പ്രണയബദ്ധരായിത്തീർന്ന് വിവാഹവേദി ആരോഹണം ചെയ്തവർ, ഡയറക്റ്ററും നടിയുമെന്ന ഗുരുശിഷ്യ ബന്ധത്തിൽ തുടങ്ങി ദമ്പതികളായവർ, ഡയറക്റ്ററുമായി ഇനിയും ഒളിച്ചുവയ്ക്കാൻ സാധിക്കാത്തവിധം പ്രേമബന്ധം പുലർത്തിക്കഴിഞ്ഞവർ—ഇവരെല്ലാം ഈ വകുപ്പിൽ ഉൾപ്പെടുന്നു. ഏതു വകുപ്പിലുൾപ്പെട്ടവരായാലും ശരി, ഇവരെ സംബന്ധിച്ചിടത്തോളം വിവാഹവും വിവാഹമോചനവും രാവുംപകലും പോലെയോ, മകരക്കൊയ്ത്തും കന്നിക്കൊയ്ത്തുംപോലെയോ ഇടവിട്ടിടവിട്ട് ഉണ്ടായിക്കൊണ്ടിരിക്കും. ഒരിക്കൽ ഒരു പെൺതാരവും ആൺതാരവും തമ്മിൽ ആകസ്മികമായി കണ്ടുമുട്ടി. രണ്ടുപേർക്കും പരസ്പരം ഏതോ പൂർവ്വകാല പരിചയം ഉള്ളതുപോലെ തോന്നി. ഒടുവിൽ പൂവൻകോഴി ഇപ്രകാരം ചോദിച്ചു—"ക്ഷമിക്കണം, എനിക്കു ഭവതിയെ നല്ല പൂർവ്വപരിചയം തോന്നുന്നു, നാം തമ്മിൽ എപ്പോഴെങ്കിലും ഭാര്യാഭർത്താക്കന്മാരായി ജീവിച്ചിട്ടുണ്ടോ."

തലപുകഞ്ഞാലോചിച്ച ശേഷം പിടക്കോഴി മറുപടി പറഞ്ഞു:—

"എനിക്കും അങ്ങനെ നല്ല മുഖപരിചയം തോന്നുന്നു. നാം തമ്മിൽ വിവാഹം നടത്തി കുറേക്കാലം ഭാര്യാ ഭർത്താക്കന്മാരായി ജീവിച്ചിരുന്നില്ലേ എന്നൊരു സംശയം. അതോ, അങ്ങിനെ ആലോചിച്ചിരുന്നേയുള്ളോ?"

ദമ്പതികളായ ഒരു ജോഡി സിനിമാതാരങ്ങൾ തങ്ങളിരുവരേയുംമൂന്നാമതൊരാൾക്കു പരിചയപ്പെടുത്തിക്കൊടുത്തതു് ഇപ്രകാരമായിരുന്നു:—

ആൺതാരം:—"ഇതാ, ഈ മഹതിയെ അറിയുകില്ലേ? അവരാണ് എന്റെ നാലാമത്തെ ഭാര്യ."

പെൺതാരവും ഒട്ടും വിട്ടില്ല. അവൾ പറഞ്ഞു:—"അതെ ഞങ്ങളുടെ വിവാഹം കഴിഞ്ഞ കൊല്ലമാണ് നടന്നതു്. എന്റെ അഞ്ചാമത്തെ ഭർത്താവാണദ്ദേഹം."

ഇങ്ങിനെ പല പല വിവാഹങ്ങളും കഴിഞ്ഞ്, അഥവാ വിവാഹത്തിലും വിവാഹമോചനത്തിലും റിക്കാർഡ് സൃഷ്ടിച്ച് ചോരയും നീരും വറ്റി, ആകർഷകമായ സർവ്വവും നഷ്ടപ്പെട്ട്, ചവച്ചു തുപ്പിയ കരിമ്പിൻചണ്ടിയായതിനുശേഷം പഴയ ചക്കിയും ചങ്കരനുമായി പുനർജ്ജന്മമെടുക്കുമ്പോൾ വീണ്ടും പഴയ ദാമ്പത്യത്തിൽ ഒന്നിച്ചു ചേർന്നു തികച്ചും അർഹമായ പെൻഷൻ ജീവിതം നയിക്കുന്നവരും ഇക്കൂട്ടത്തിൽ അപൂർവമല്ല.

ഇവരെ ഒക്കെക്കാൾ ഭയങ്കരനാണ് സർക്കാരുദ്യോഗസ്ഥയുടെ ഭർത്താവുദ്യോഗസ്ഥൻ ഭാര്യയുടെ പക്കൽനിന്നു കൊഴുത്ത ശമ്പളവും അലവൻസും യാത്രപ്പടിയും പററി അലസതാവിലസിത ജീവിതം നയിക്കുന്നവനാണവൻ. ആ സർക്കാരുദ്യോഗസ്ഥയുടെ മുഴുവൻ ശമ്പളവും വിഴുങ്ങി അവരെ ഭയങ്കര കടക്കാരിയാക്കി നിർബന്ധിത പിരിച്ചുവിടലും ശാശ്വതാപമാനവും അനുഭവിക്കുന്ന ഗുണം പിടിക്കാത്തവരുമുണ്ട് ഇക്കൂട്ടത്തിൽ. ഇവരിൽ തന്നെ ചില ഗസററഡ് ഭർത്താവുദ്യോഗസ്ഥന്മാരുണ്ട്. അച്ഛന്റെ അനന്തിരവളെയോ അമ്മാവന്റെ മകളെയോ ആയിരിക്കും ഇവൻ വിവാഹം കഴിച്ചിരിക്കുന്നതു്. അല്ലെങ്കിൽ അവനെയായിരിക്കും ആ ഉദ്യോഗസ്ഥ തന്റെ ഭർത്താവായി നിയമിച്ചിരിക്കുന്നതു്. ചെറുപ്പം മുതൽ ഒന്നിച്ച് ഒരേ വീട്ടിൽ വളർന്നവരായിരിക്കും. പോരെങ്കിൽ മുറപ്പെണ്ണും മുറച്ചെറുക്കനും. പെണ്ണു പഠിച്ചു ബിരുദം നേടി വലിയ ഉദ്യോഗസ്ഥയായിത്തീർന്നിരിക്കും. ആ സമയം അവനാകട്ടെ, അണ്ടി കളിച്ചും അടിപിടികൂട്ടിയും നടന്നിരിക്കും. എങ്കിലും ബാല്യസ്നേഹവും അവകാശവും പരിഗണിച്ച അവൻ സംവരണാടിസ്ഥാനത്തിൽ ഭർത്താവുദ്യോഗത്തിനു് അവകാശിയായിത്തീരുകയാണ്. അവന്റെ ശമ്പളം ഉദ്യോഗസ്ഥയുടെ വരുമാനമനുസരിച്ച് 200–50–400–ഓ അതിൽ കൂടുതലോ ആകാം. അതു ശരിക്കു പിടിച്ചു പററി സർവോദയതത്വമനുസരിച്ച് വേശ്യാലയങ്ങളിൽ മുടക്കുന്നവരും അപൂർവമല്ല. അവരോട് ദൈവം തന്നെ പകരം ചോദിക്കട്ടെ!

നിങ്ങൾ ഉദ്യോഗസ്ഥയെ കാണാൻ അ

വരുടെ വീട്ടിലേക്കു ചെല്ലുന്നു. പട്ടിയെ മിക്കവാറും പൂട്ടിയിട്ടിരിക്കയായിരിക്കും. എത്ര ശൗര്യമുള്ളവനായിരുന്നാലും ശരി, അവന്റെ ചങ്ങലവലയത്തിനുള്ളിൽ നാം അകപ്പെടാതിരുന്നാൽ മതി, കടികൊള്ളാതെ രക്ഷപ്പെടാം. പക്ഷെ ഭർത്താവുദ്യോഗസ്ഥന്റെ കാര്യം അതല്ല. അവനു ചങ്ങലയില്ല ആരും പൂട്ടിയിട്ടുമില്ല. പക്ഷെ അവൻ ആരെകണ്ടാലും കുരക്കും. തരം കിട്ടിയാൽ കടിക്കുകയും ചെയ്യും. പോരെങ്കിൽ സർവവ്യാപിയുമാണ്.

നമ്മൾ ഔദ്യോഗികമായ എന്തെങ്കിലും കാര്യം പ്രമാണിച്ചായിരിക്കും ഉദ്യോഗസ്ഥയെ കാണാൻ ചെല്ലുന്നത്. അല്ലെങ്കിൽ അല്പസ്വല്പം പ്രേമവുമായിട്ടായിരിക്കും. എന്തായാലും മുഴുവൻ വിവരവും അവനെ ധരിപ്പിച്ചല്ലാതെ അകത്തോട്ടു വിടുകയില്ല. അകത്തു കയറിയാലോ? അവൻ ഒപ്പമെത്തും, തന്റെ 'ഉദ്യോഗപ്പവ്വറ്' കാണിക്കാൻ. ഔദ്യോഗികകാര്യങ്ങൾ ചർച്ച ചെയ്യാൻ സാധിക്കുമോ? പ്രേമനിവേദനം യഥാസ്ഥാനത്തു സമർപ്പിക്കാനൊക്കുമോ? അങ്ങിനെനിങ്ങൾ വിഷമിക്കും. ഒടുവിൽ ഭാര്യ അവന്റെ നേരേ രൂക്ഷമായിട്ടൊരു നോട്ടം നോക്കും. അവിടെനിന്നു മാറിപ്പൊയ്ക്കൊള്ളണമെന്നുള്ള സുഗ്രീവാജ്ഞയാണത്. ഉടൻ വാലു ചുരുട്ടിക്കൊണ്ട് ആ ഭർത്താവു ഭേവുകക്കാരൻ അവിടെ നന്നു പലായനം ചെയ്യും. എന്നാൽ, എടാ ഭർത്താവു പട്ടീ! നിനക്കിതു നേരത്തെ ചെയ്യരുതായിരുന്നോ?

എന്നാൽ വേണ്ടാ, ആഫീസിൽ ചെന്നു കണ്ടുകളയാം, ഈ വീർത്ത തവള അവിടെ വന്നു ശല്യം ചെയ്കയില്ലല്ലോ എന്നു കരുതി നാം പതിനൊന്നു മണിയോടുകൂടി ആഫീസിലെത്തുന്നു, പക്ഷെ അരമണിക്കൂർ മുമ്പുതന്നെ നമ്മുടെ ഭർത്താവുദ്യോഗസ്ഥൻ അവന്റെ പൊട്ടാൻ വിങ്ങി നിൽക്കുന്ന കുടവയറുമായി പാറാവുകാരനായ ഡഫേദാരുടെ മുമ്പിൽ വേറൊരു പാറാവുകാരനായി നിൽക്കയാണ്. നമ്മെ കാണുമ്പോൾ അവന്റെ അമർഷം അനിർവചനീയമത്രെ. ആ മൂക്കിനു താഴെ, മേട്ടൂർ ഡാമിലെ ചീപ്പുപോലെ ഫിററു ചെയ്തിരിക്കുന്ന ആ രോമം കൊഴിഞ്ഞ മീശ തടകിക്കൊണ്ട് ഘനഭാവത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഒന്നു മാർച്ചുചെയ്യും. താൻ ഭർത്താവുദ്യോഗസ്ഥനാണെന്നും താൻ മുഖാന്തിരമല്ലാതെ തന്റെ ഭാര്യയെക്കൊണ്ട് ഒന്നും സാധിക്കയില്ലെന്നുമുള്ള മട്ടിൽ. നിങ്ങൾ നേരേ ഡഫേദാരുടെ മുമ്പിൽചെന്ന് നിങ്ങളുടെ ആഗമനോദ്ദേശമറിയിക്കുന്നു, അയാൾ കുറേക്കൂടി വകതിരിവുള്ളവനാണ്. എന്തെന്നാൽ അയാൾക്കു ഭർത്താവുദ്യോഗമല്ലല്ലോ. പോരെങ്കിൽ അല്പസ്വല്പം 'ടു ത്രീ'യിൽ നോട്ടവുമുണ്ട്. പക്ഷെ കാര്യം പറയുന്നതിനു മുമ്പുതന്നെ ഭർത്താവുദ്യോഗസ്ഥൻ വെപ്രാളംപിടിച്ചു പാഞ്ഞെത്തും. ആ ജന്തുവിനെ ഡഫേദാർക്കും കണ്ണുകീറിയിട്ടുണ്ടെങ്കിൽ കണ്ടുകൂടാ. എന്തെന്നാൽ പലപ്പോഴും തന്റെ അവകാശങ്ങളിൽ കൈവയ്ക്കുന്നവനാണവൻ. പക്ഷെ എന്തുചെയ്യും? സഹിക്കാതെ നിവൃത്തിയില്ല. തന്നെ കൊല്ലാനും തിന്നാനും അതുപോലെ, പ്രമോഷനാകുന്ന എവറസ്റ്റിന്റെ മുകളിൽ ആരോഹണം ചെയ്യിക്കുവാനും കഴിവുള്ള മേലുദ്യോഗസ്ഥയുടെ സാക്ഷാൽ ഭർത്താവുദ്യോഗസ്ഥൻ. പോരെങ്കിൽ, സന്ധ്യകഴിഞ്ഞ് ഷാപ്പിൽ സന്ധിക്കുമ്പോൾ തന്റെ ആജന്മമിത്രവും. അയാൾ മാറിക്കൊടുക്കുന്നു. ഭർത്താവുദ്യോഗസ്ഥൻ നേരേ ആഗതന്റെ സമീപംചെന്ന് പല്ലൻമീശ തടവിക്കൊണ്ട് ഏവം ഉവാച; (ഡഫേദാരോട്)

"ഉം, ഏതാ ഈ ദാരിദ്ര്യം? സമയവും സന്ദർഭവും നോക്കാതെ കേറിവന്നിരിക്കുന്നത്?"

ഡഫേദാർ തിരിഞ്ഞുനിന്നു പ്രത്യുവാച:—

"അദ്ദേഹം എന്തോ അത്യാവശ്യകാര്യം പ്രമാണിച്ച് കൊച്ചമ്മയെ കാണാൻ വന്നതാണ്."

"അതിനിപ്പോൾ സൗകര്യമില്ലെന്നു പറഞ്ഞേക്കു." തുടർന്ന്, അവസാന ഉത്തരവുപാസ്സാക്കികഴിഞ്ഞെന്ന മട്ടിൽ അവിടെനിന്നു ഗമയിലുള്ള ആ നടപ്പും.

അപ്പോൾ, അതല്ല നിങ്ങൾ ചെയ്യേണ്ടത്. പയ്യെ ഭർത്താവുദ്യോഗസ്ഥനുമായി അടുത്തുകൂടണം. പഞ്ചപുച്ഛമടക്കി പുറകേ എത്തണമെന്നർത്ഥം "സർ, എനിക്കു സർവ്വശ്രീ പല്ലശ്ശാരദ്ദേഹത്തിനെ ഒന്നു കാണണം. കൂട്ടത്തിൽ

മിസ്സസ്സ് വിചിത്രമുഖി പപ്പശ്ശാരെ ഒന്നു പരിചയപ്പെട്ടകയും വേണം. പപ്പശ്ശാരദ്ദേഹത്തിൻെറ പത്നിയെ. അതിനാണു് വന്നതു്."

"ഓഹോ അങ്ങിനെയോ?" അയാഠം തിരിഞ്ഞുനിന്നു നിങ്ങളെ അടിമുടി ഒന്നു നോക്കും.

"അപ്പോഠം സർവ്വശ്രീ പപ്പശ്ശാരദ്ദേഹത്തിനെ നിങ്ങഠം അറിയും, അല്ലേ?" ഒരു വിളഞ്ഞ ചോദ്യം അയാഠം ഇങ്ങോട്ടു ചുഴററി എറിയും. വിജൃംഭിതമായ അഭിമാനഗർവ്വിൻെറ ഒരു ജ്വലിക്കുന്ന കണ്ണമാണതു്. നിങ്ങളടെശരീരത്തിലെ കാണ്ടാമൃഗചർമ്മംപോലും കരിഞ്ഞുപോകും.

"അയ്യോ, അറിയുമെന്നോ? അദ്ദേഹത്തിനു് എത്ര വിവാഹ ആലോചനകഠം വന്നതാ. എല്ലാം തട്ടി എറിഞ്ഞു. ശ്രീമതി വിചിത്രമുഖിയാണെങ്കിൽ പതിദേവതാരാധികയാണു്. ശ്രീമാൻ പപ്പശ്ശാരദ്ദേഹത്തിനെയല്ലാതെ വിവാഹം കഴിക്കയില്ലെന്നു ദൃഢവ്രതമെടുത്തുകൊണ്ടു് ശ്രീപാർവ്വതിയെപ്പോലെ തപസ്സായിരുന്നു. പപ്പശ്ശാരുടെ മനസ്സിളകി, ഒടുവിൽ സമ്മതിച്ചു. നാട്ടുകാർ പറയുന്നതാ."

"പറയും പറയും." അയാളടെ അഭിമാനഗർവ്വ് പതഞ്ഞുപൊന്തുകയാണു്. "അപ്പോഠം, പപ്പശ്ശാരദ്ദേഹത്തിനെ നിങ്ങഠം നേരിൽ കണ്ടിട്ടില്ല, അല്ലേ?"

"ആ മഹാഭാഗ്യം ആജ്ജിക്കണമെന്നു കരുതിത്തന്നെയാണു് ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതു്."

"എന്നാൽ എൻെറ മായശിരോമണി! ഞാൻതന്നെയാണു് പപ്പശ്ശാരദ്ദേഹം."

നിങ്ങഠം അമ്പരപ്പു നടിച്ചുകൊണ്ടു് "കുലവെട്ടിടിന കറാറിവാഴപോലെ" നില്ക്കേണ്ട രംഗമാണതു്.

"അയ്യോ, അവിടുന്നു്....?"

"അതെ, ഞാൻതന്നെയാണു് വിചിത്രമുഖിയുടെ ഭർത്താവു്. ചെറുപ്പത്തിലെ തടിയൊക്കെ പോയി. പിന്നെ അർശസ്സിൻെറയും വാതത്തിൻെറയും അല്പാല്പം ഉപദ്രവം ഉണ്ടു്. ഹും, ഒരു ദിവസം എത്രപേരാ എന്നെ പരിചയപ്പെടാൻ വരുന്നതു്? എല്ലാ അവനും എൻെറ മിസ്സിസിനെകൊണ്ടു് ഓരോ കാര്യം സാധിക്കണം. ഞാൻ ആജ്ഞാപിച്ചാലല്ലാതെ അവഠം ഇരുന്ന ഇരുപ്പിൽനിന്നു അനങ്ങുകപോലുമില്ലതാനും."

"അതെയതെ; സംശയമില്ല, സംശയമില്ല."

തുടർന്നു് ഏതാനും സൂചനാവാക്യങ്ങളിൽ നിങ്ങഠം നിങ്ങളടെ ആഗമനോദ്ദേശം അവനെ അറിയിക്കുന്നു. "ഉം, വരു, ഞാൻതന്നെ നിങ്ങളെ വിചിത്രമുഖിയുമായി പരിചയപ്പെടുത്താമല്ലോ, അല്ലേ, നല്ല കാര്യമായി." അങ്ങിനെ അവൻ നിങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോകയുംചെയ്യുന്നു.

പക്ഷെ അതോടെ തീർന്നു അവൻെറ പ്രതാപപ്രകടനം മുഴുവൻ. ആ അല്പിറാണിയുടെ ഡർബാർ ഹാളിൽ ഡഫേദാരും ആഗതനും ഭർത്താവും തുല്യരാണു്. ഒററയ്ക്കിരിക്കുമ്പോഠം അവൻ ചിലപ്പോഠം അവളെ 'മൈഡിയർ!', 'ഡാർലിംഗ്!', 'സ്വീററ് ഹണി!' എന്നൊക്കെ വിളിക്കും. അവഠം അതുഒട്ടൊക്കെ സഹിക്കുകയുംചെയ്യും. മററുള്ളവർ വിളിക്കുന്നതു കേട്ടു് അവനും വിളിക്കുന്നു, അത്രേയുള്ളു. എന്നു കരുതി, മാന്യന്മാരാരെങ്കിലും ഇരിക്കുമ്പോഠം അവൻ ആ അമ്പലമൊന്നും എഴുന്നള്ളിക്കയില്ല കഴുത കസ്തൂരി ചുമക്കുന്നതുപോലെ അവൻ അവളെ മുതുകിലേററി ഘനഗാംഭീര്യത്തോടെ ചുമക്കുകയാണു്. പക്ഷെ കഴുതയാണോ കസ്തൂരിയുടെ സൗരഭ്യം ആസ്വദിക്കുന്നതു്?

ഭർത്താവുദ്യോഗം നമ്മുടെ നാട്ടിൻെറ കുത്തകയാണെന്നു കരുതേണ്ടാ. പാശ്ചാത്യദേശങ്ങളിലുമുണ്ടു് ഭർത്താവുദ്യോഗസ്ഥൻ. ഹബ്ബി ഓഫീസർ (Hubby Officer) എന്നാണു് അദ്ദേഹത്തിൻെറ ഉദ്യോഗപ്പേർ. നമ്മുടെ ഐ. എച്ച്. എസ്. (ഇന്ത്യൻ ഹസ്ബൻഡ്സ് സർവ്വീസ്) പോലെതന്നെ അവിടെയുമുണ്ടു് എച്ച്. ഓ. (ഹബ്ബി ഓഫീസർ) സർവ്വീസ്. കോടീശ്വരികളായ വിധവകഠം, വൃദ്ധകന്യകകഠം, മാറാരോഗങ്ങഠം പിടിപെട്ടിട്ടുള്ള പണക്കാരികഠം, നിത്യവന്ധ്യകഠം ഇവരാണു് ഇപ്രകാരം ഭർത്താവുദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു്. ഡ്യൂട്ടിമുറകഠം ഇന്ത്യൻ ഭർത്താവുദ്യോഗസ്ഥന്മാരുടേതുപോലെ തന്നെ. ശമ്പളസ്കെയിൽ അജഗജാന്തരമെന്നുമാത്രം.

—0—

# പൂക്കളം

—പൊറവങ്കര—

പറന്ന പറവകൾ വിഷുവിൻ വിളക്കേന്തി
നിരന്ന നിറപറ വാനിൻെറ മദ്ധ്യത്തിങ്കൽ
അരുണൻ ചമച്ചോരാക്കാവ്യങ്ങളെല്ലാംതന്നെ
തിരുത്താൻ തുടങ്ങുന്നു പാർവ്വണശശിബിംബം.
ആ വെള്ളിത്തൂവൽകൊണ്ടു ഭാവിക്കു രൂപംകൊടു–
ത്താവോളം വർണ്ണിക്കുവാൻ ഭാവിക്കയാവാം മെല്ലെ.
അല്ലെങ്കിലെഴുതലും തിരുത്തിവരക്കലു
മല്ലാതെ മറെറന്തുണ്ടീ ജീവിതത്തുടിപ്പിങ്കൽ
അന്തിതൻ മൂക്കുത്തിയും താലിയുമണിഞ്ഞതാ
ചന്തത്തിൽ നിശാദേവി നർത്തനമാരംഭിപ്പൂ
കായ്കളും കനികളും ചുമന്നു പ്രകൃത്യംബ
വാശ്ശൃരവയ്യമിട്ട ചാഞ്ചാടി വരുന്നിതാ
വരണ്ട വയലിങ്കൽ പുന്നാരം ചാർത്തിടാനാ–
യിരമ്പംമുഴക്കുന്ന മേഘങ്ങൾ കൂട്ടത്തോടെ
ഇടവപ്പാതിക്കെത്തു സന്തോഷം പനിനീരാ–
ലിടയിൽ മേടച്ചൂടിൻ ദാഹത്തെ ശമിപ്പിപ്പാൻ
എത്തിയപ്പെരുമ്പറ തോളിലായ് കെട്ടിത്തൂക്കി
മൂർത്തിയാം മിഥുനവും തായമ്പകൊട്ടിപ്പാടാൻ
കൂട്ടിനു കരാളമാം കർക്കിടം പാഞ്ഞിങ്ങെത്തി
ചേട്ടതൻമാറാപ്പേററി പഞ്ഞത്തിൻപാട്ടുംപാടി
വിടരും ചിങ്ങത്താരു കണ്ടു പുഞ്ചിരിക്കൊണ്ടു
വിടർന്നു പിച്ചിപ്പൂവും തുമ്പയുമാമ്പൽപ്പൂവും
ചെമ്പകം ചിരിച്ചോതി മല്ലികപ്പെണ്ണോടായി
അമ്പട! ചോരക്കണ്ണൻ തെച്ചിയിങ്ങെത്തിപ്പോയി
അക്കരത്തോപ്പിൽപ്പാർക്കും ചേമന്തിക്കെവിടുന്നോ
തക്കത്തിൽ ചെറുതാലികെട്ടുവാനൊരാളെത്തി
അത്തവും പത്താംനാളിലോണവും വരുന്നെന്ന
സത്യത്തെ വിളിച്ചാർത്തു പുത്തനാം കൊന്നപ്പൂക്കൾ
വൃത്തത്തിലെല്ലാപേരുംനിന്നുകൊണ്ടതിരൂപ
മത്തൻെറ മലരിനെ മദ്ധ്യത്തിലാക്കിച്ചതാ
അത്തമാം സുദിനത്തിൽ പൂക്കളം നിർമ്മിക്കുവാൻ
മത്തരായ് മധുരചിത്തരായത്താരുകൾ.

ഹാസ്യ നാടകം

# മല്ലൻപിള്ള

—എൻ. സി. കട്ടേൽ

(സിംഗപ്പൂർ പട്ടണത്തിലുള്ള മഹിളാസമാജമാണ് സ്ഥലം. മന്ദിരത്തിന്റെ മുൻവശത്ത് "മലയാള മഹിളാ സമാജം" എന്ന ബോർഡ് തൂങ്ങുന്നതു കാണാം. ഭാരതിയമ്മ, ശോശാമ്മ, അമീന, തങ്കമ്മ എന്നിവർക്ക് യഥാക്രമം നാല്പതിന്നും ഇരുപത്തഞ്ചിന്നും ഇടയ്ക്കുള്ള വയസ്സ്. തങ്കമ്മയുടെ ഭർത്താവാണ് മല്ലൻപിള്ള. ഭാര്യയോട് സ്നേഹമുണ്ട്. എങ്കിലും സംശയിക്കുന്ന പ്രകൃതം. ബാലൻ—അവന് പന്ത്രണ്ട് വയസ്സിൽ കുറവല്ല. കർട്ടനുയരുമ്പോൾ ഭാരതി, അമീന, ശോശാമ്മ എന്നിവർ മാത്രമെ രംഗത്തുള്ളൂ.)

ഭാരതി: (റിസ്റ്റ്‌വാച്ചിൽ നോക്കിയ ശേഷം) ഓ....നേരം കുറെയുണ്ടായി. നമ്മുടെ പ്രസിഡൻറ് സാർ ഇനിയും എഴുന്നള്ളിയില്ല.

ശോശാമ്മ: ആട്ടത്തിലെ ഗോപാവേഷംപോലാ പുള്ളിക്കാരത്തി. ഏതിന്നും വെളുപ്പാംകാലത്തേ എഴുന്നെള്ളൂ. അമീന ഒന്നു വിളിക്കു ഫോണിൽ.

അമീന: എനിക്കുവയ്യാപ്പനെ. അവരുടെ ഭർത്താവു മല്ലൻപിള്ള ആ പാവത്തിനെ സംശയിക്കും. ആരു് ഫോൺചെയ്തു, എന്തിനു ഫോൺചെയ്തു, എപ്പോൾ കാണാമെന്നു പറഞ്ഞു? ഇങ്ങനെ തോട്ട് ക്രാസ്സായി വഴക്കാകും. എന്തു മനുഷ്യനോ!

ഭാരതി: ഒരു ലേഡീ ഡോക്ടറെ ഇങ്ങനെയും സംശയിക്കാമോ. അതും തങ്കമ്മയെപ്പോലൊരു പാവത്തിനെ. ഇന്നു് ഒന്നു് രണ്ടു് പ്രസവക്കേസുണ്ടു്. അതു കഴിഞ്ഞിട്ടേ വരൂ എന്നു് തങ്കമ്മ എന്നോടു് പറഞ്ഞിരുന്നു.

അമീന: ഡോക്ടർമാരുക്കിപ്പോൾ പ്രസവക്കേസാണു് കൂടുതൽ. പെണ്ണുങ്ങൾക്കിതൊരു നിസ്സാര തൊഴിലായിരിക്കുയാണു്. സിങ്കപ്പൂരിൽ മേലോട്ടു് മേലോട്ടു് വീടു് കെട്ടുന്നു. പെണ്ണുങ്ങൾ അവിടെയെല്ലാം പെററുകൂട്ടുന്നു. ഇങ്ങനായാലെന്താ അവസാനം!

ശോശാമ്മ: നീയെന്തിനു് അമീനാ, പെണ്ണുങ്ങളെമാത്രം കുററപ്പെടുത്തുന്നു. ആണുങ്ങൾക്കിതിൽ പങ്കില്ലേ?

അമീന: ഇല്ലെന്നാരു പറഞ്ഞു? കണ്ടാൽ സന്യാസികൾ, വിശ്വാമിത്രന്മാർ. കാര്യം വരുമ്പം കാമദേവന്മാരല്ലെയീ ആണുങ്ങൾ.

ഭാരതി: എന്തായാലും രണ്ടുകൂട്ടരുംകൂടി ഇതൊന്നു് നിയന്ത്രിച്ചില്ലെങ്കിൽ സിങ്കപ്പൂരിലിനിയും കടൽ നികത്തേണ്ടിവരും.

ശോശാമ്മ: വല്ലതും അത്താഴത്തിനു് തിന്നാലെ, മിണ്ടാതെ കെടന്നങ്ങ് ഉറങ്ങിക്കൂടേന്നാണു് ഞാൻ ചോദിക്കുന്നതു്?

ഭാരതി: ചോദിക്കുന്ന ആളു് കൊറേ ഒറങ്ങുന്നവളാ! ഇപ്പം എത്ര മക്കളായി?

ശോശാമ്മ: എന്തായാലും ഭാരതിച്ചേച്ചിയേക്കാൾ ഒന്നു് കുറവാണല്ലോ.

അമീന: ചില ആണുങ്ങൾക്കു് വീണ്ടുവിചാരമില്ല. ഒരു വെപ്രാളമാ. ചില സ്ത്രീകൾക്കാണെങ്കിൽ പുരുഷനൊന്നു് തുമ്മിയാൽ മതി ഛർദ്ദി, മനംമറിപ്പു്, പ്രസവം. കൊല്ലം തോറും വാർഷികപ്പതിപ്പു്.

ശോശാമ്മ: പതിനഞ്ചു പ്രസവിച്ച ഒരുത്തിയെ എനിക്കറിയാം. ഇന്നു് കണ്ടാലൊ—പന്തയക്കുതിരയെപ്പോലെയാണു്നില. "എന്നെ തൊടരുതു്. തൊട്ടാൽ ഞാൻ പെറും." എന്നാണു് ഭാവം.

ഭാരതി: എന്നിട്ടാ പതിനഞ്ചും ഒണ്ടോ മക്കളു്?

ശോശാമ്മ: അതല്ലെ കഷ്ടം. ഒരെണ്ണം പോലും ചിത്തിയില്ലെന്നു്. ആ വീട്ടിലെന്നാലു് എലിവാണംവിട്ട കണക്കാണു് ഓട്ടവും ബഹളവും. ഒന്നിരിക്കാനിടമില്ലെന്നേ! കൂനിന്നാണു് കുളിയും മൂത്രമൊഴിപ്പും ഒക്കെ.

അമീന: അവർക്കു് ബർത്തു് കൺട്രോൾ എടുത്തുകൂടെ?

ഭാരതി; ചോദിച്ചാൽ പറയും ദൈവം കൊടുത്തതാണെന്നു്. ദൈവമല്ലേ പിന്നെ രാവും പകലും....

ശോശാമ്മ; അവളെ വെട്ടണം. നാണം കെട്ട കൂട്ടം.

ഭാരതി: അവളെയല്ല, ഭർത്താവിനെ തൂണിൽ കെട്ടിയിടണം. പെണ്ണുങ്ങളെന്തുചെയ്യും, പുരുഷന്മാരു് കതകു് ചവിട്ടിപ്പൊളിക്കാൻ നിന്നാലോന്നേയ്.

അമീന: രണ്ടു കുട്ടികളാണോ, സംതൃപ്ത കുടുംബമായി എന്ന പക്ഷക്കാരിയാണു് ഞാൻ.

ശോശാമ്മ: അതിനെ ആരും എതിർക്കുന്നില്ല. പക്ഷേലു്, ആ തങ്കമ്മേടെ കെട്ടിയോൻ മല്ലൻപിള്ളയെപ്പോലെ സമ്പാദിച്ചശേഷം മതി 'മക്കൾ കൃഷി' എന്നു കരുതുന്നതും ശരിയല്ല.

ഭാരതി; പാവം, സാധുമനുഷ്യൻ. ഇപ്പോഴും കുറെ ഗുളികേം വിഴുങ്ങി നടക്കുയാ, രാവും പകലും.

അമീന; എന്തു ഗുളികയാ ഭാരതി ചേച്ചി?

ഭാരതി: തങ്കമ്മയ്ക്കൊരമ്മയാകണം. മല്ലൻപിള്ള പറയുന്നതു് ഒരു ലക്ഷം വെള്ളി ബാങ്കിൽ ഇട്ടശേഷം പ്രസവിച്ചാൽ മതിയെന്നാണു്. ഒരാം ബർത്തു് കൺട്രോൾ പിൽസ് കഴിക്കണം. അയാൾ തന്നെ സേവിക്കാമെന്നായി. തങ്കമ്മ വാങ്ങികൊടുത്തതാകട്ടെ കുറേ വിററാമിൻ പിൽസായിരുന്നു. കൊള്ളാമോ സംഗതി?

ശോശാമ്മ: എന്നിട്ടിപ്പം പുള്ളിക്കാരത്തിക്കു് നാലാണു് മാസം.

അമീന: എന്നിട്ടു്, മല്ലൻ പിള്ള അറിഞ്ഞില്ലെ ഭാര്യ ഗർഭിണിയാണെന്നു്? അല്ലെങ്കിലേ സംശയക്കാരൻ!

ഭാരതി: അയാളറിഞ്ഞാൽ കൊല നടക്കും; കൊല!

ശോശാമ്മ: തവള കരഞ്ഞാൽ മതി, ആരെടി വിളിക്കുന്നെന്നു് ചോദ്യമാവും. പോസ്റ്റു്മാനോ ഐസ്ക്രീംകാരനോ കടന്നുപോയാൽ, എന്തിനിങ്ങോട്ടു് നോക്കി, നീ എത്ര തവണ നോക്കി, എന്നൊക്കെയാണു് ചോദ്യം.

അമീന: നമ്മുടെ മഹിളാ സമാജം വഴി ഭർത്താക്കന്മാരെ മര്യാദ പഠിപ്പിക്കണം. ഭാര്യമാരെ രക്ഷിക്കണം. (ഒരു വശത്തേക്കു് നോക്കിയിട്ടു്) അതാ തങ്കമ്മയാണെന്നു് തോന്നുന്നു വരുന്നതു്. ഇന്നു് അത്ര താമസിച്ചില്ല.

ഭാരതി: അപ്പോൾ ശോശാമ്മ പോയിട്ടുവാ. പിന്നെ നിൻെറ മിടുക്കിലാണു് നമ്മുടെ വിജയം. കേട്ടോ?

ശോശാമ്മ: എൻെറ ഭാഗം 'ഓക്കെ'യാണു്. നോക്കിക്കോ ഹോളിവുഡ് സ്റ്റാർ ആയി മാറും ശോശാമ്മ.

(ശോശാമ്മ നടന്നു മറഞ്ഞു.)

അമീന; ഈ മല്ലൻപിള്ളയ്ക്കെന്താ നല്ല ഭർത്താക്കന്മാരെ കണ്ടു് പഠിച്ചാലു്. മഹാകഷ്ടമാണു തങ്കമ്മേടെ കാര്യം. അയാളു് തങ്കമ്മേടെ തലയിണ വരെ എടുത്തു് കുടഞ്ഞ്നോക്കുമത്രേ അതിന്നകത്തു് പുരുഷനിരിപ്പൊണ്ടോന്നു്.

ഭാരതി: നീ നോക്കിക്കോ അമീന മല്ലൻപിള്ളയെ പഠിപ്പിക്കാൻ പോകുന്ന പാഠം. അല്ലേ പിന്നെന്തിനാ ഈ മഹിളാ സമാജം?
(തങ്കമ്മ സംഭ്രമത്തോടെ രംഗത്തേക്കു വരുന്നു)

തങ്കമ്മ: എൻെറ പൊന്നു ചേച്ചീ, ഞാനാമനുഷ്യനെക്കൊണ്ടു് തോററു. ഇപ്പോഴും ഒരു വഴക്കു കഴിഞ്ഞിട്ടു് വരികയാ.

അമീന: എന്താ ഓണമായിട്ടു്നിന്നെയും മാവേലിയേയും കൂടെ ബെഡ്റൂമിൽവച്ചു് മല്ലൻപിള്ള കണ്ടുമുട്ടിയോ?

ഭാരതി: നീ ചുമ്മാണ്ടിരി പെണ്ണേ. (തങ്കമ്മയോടു്) പറയൂ തങ്കമ്മ എന്തുണ്ടായി അപകടം?

തങ്കമ്മ: വന്നിങ്ങോട്ടു് കയറി. ഞാൻ ചായയും ബിസ്കററും കൊണ്ടുവച്ചു. മുടിതൊട്ടു് അടിവരെ എന്നെയൊന്നു് സൂക്ഷിച്ചുനോക്കി.

ന്നെ പെരുമാറും.

തങ്കമ്മ: ശമ്പളം കിട്ടിയാലെന്തുചെയ്യും?

മ: പിള്ള: കവറു പൊട്ടിക്കാതെ നിന്റെ കാല്ക്കൽവച്ച് കുമ്പിടും.

തങ്കമ്മ: അണ്ടർ സ്റ്റാൻറിൽ കഴിയാമോ?

മ: പിള്ള: ഇനി അങ്ങനെയേ ഉള്ളൂ, തങ്കം.

ബാലൻ: ഞാൻ അമ്മയേ ഇങ്ങോട്ട് വിളിക്കും.

മ: പിള്ള: നിന്റെ അമ്മേടെ തലയിങ്ങോട്ട് കൊണ്ടുവാ....ഛെ!

ശോശാമ്മ: എന്താ തങ്കമ്മെ, നീ വീണ്ടും ഈ കൊമരൻ പിള്ളേടെ പക്ഷത്ത് ചേരുന്ന മട്ടാണോ?

തങ്കമ്മ: പിന്നെ ഞാൻ വേറൊരു സ്ത്രീയുടെ ഭാര്യയാകാനൊക്കുമോ. (ശോശാമ്മ, തലയിൽകെട്ടും മീശയും എടുത്തുമാറ്റുന്നു.)

മ: പിള്ള: (അത്ഭുതത്തോടെ) അല്ല, ഇതു നമ്മുടെ മിസ്സിസ് വർഗ്ഗീസല്ലെ? നിങ്ങളെന്തിനാ എന്നെയിട്ടീ കുരങ്ങുകളിപ്പിച്ചെ? ഇതെന്ത് വേലയാ?

ശോശാമ്മ: ആണുങ്ങള് കുരങ്ങായാ പിന്നെ കുരങ്ങ്കളിപ്പിക്കാണ്ട് പറ്റുമോ? അനങ്ങിപ്പോയാൽ നിങ്ങൾക്ക് സംശയമായി. പെണ്ണുങ്ങടെ ബർത്ത് കൺട്രോൾ പിൽസുംകഴിച്ച നടന്നാൽ മതിയോ സാറെ?

മ: പിള്ള: അപ്പോൾ ഞാൻ തിന്നതൊക്കെ?

(മറവിൽനിന്ന് ഭാരതിയമ്മയും അമീനയും ഇറങ്ങി രംഗത്തേയ്ക്ക് വന്നു.)

ഭാരതി: തിന്നതൊക്കെ വിററാമിൻ പിൽസായിരുന്നു. ഇനി തങ്കമ്മയെ നല്ലപോലെ സൂക്ഷിക്കണം. ആറുമാസംകൂടി കഴിഞ്ഞാൽ അവളൊരമ്മയാകും.

അമീന: ഈ ബർത്ത് കൺട്രോളൊക്കെ മക്കളധികമുള്ളോർക്കാ. തങ്കമ്മയ്ക്കൊരമ്മയാകണം. സ്ത്രീയുടെ ജന്മാവകാശമാണത്.

മ: പിള്ള: (ബാലനെ നോക്കിയിട്ട്) ഹെടാ, നീ പിന്നേം ഇവിടെ നില്ക്കുന്നൊ. ഓടെട, നിന്റെ ഒരമ്മ!

(ബാലൻ ഭാരതിയെ കെട്ടിപ്പിടിക്കുന്നു.)

ഭാരതി: അവനെവിടെ ഓടാൻ. അവന്റെ അമ്മ ഞാനാണ്. അച്ഛൻ വീട്ടിലുമുണ്ട്.

മ: പിള്ള: അപ്പോൾ നിങ്ങളെല്ലാംചേർന്ന് ഇങ്ങനൊരു വലിയ പ്ലോട്ടായിരുന്നു അല്ലെ?

ശോശാമ്മ: നിങ്ങളെ ഒന്ന് ശുദ്ധിചെയ്ത് എടുക്കണമെന്ന് മഹിളാ സമാജം തീരുമാനിച്ചിരുന്നതാണ്.

തങ്കമ്മ: ഞാനിതൊക്കെ ചെയ്തത് ക്ഷമിക്കണം.

മ: പിള്ള: എന്റെ കണ്ണ് തെളിച്ചതിന് ഞാൻ എല്ലാവർക്കും നന്ദിപറയണം. ഈ ബാലനുപോലും.

ബാലൻ: (ഉറക്കെ) അച്ഛാ— — —

(എല്ലാവരും പൊട്ടിച്ചിരി)

കർട്ടൻ

(അവകാശം രചയിതാവിന്)

—0—

സിംഗപ്പൂർ മലയാളികൾക്ക് ഞങ്ങളുടെ
ഓണാശംസകൾ !

രുചികരമായ കേരള രീതിയിലുള്ള
ഭക്ഷണ പദാർത്ഥങ്ങൾക്ക് ഞങ്ങളെ
സമീപിക്കുക

**കെ. നടേശൻ**

പി. എസ്. എ. ബ്ലോക്ക് 2,
ഷാപ്പ്-ബി., തഞ്ചോംഗ് പഗാർ,
സിംഗപ്പൂർ-2.

യിരും കൊണ്ടിരിക്കുന്ന എന്നെ ഉപദ്രവിക്കാതെ പോകാനാ പറഞ്ഞതു്.

മ: പിള്ള: ഈശ്വരാ, ഒരു ഉയിരായിട്ട് എനിക്കു് ജീവിക്കവയ്യാ. തങ്കമ്മെ നിനക്കെന്താ ഇപ്പോ രണ്ടുയിരോ?

ശോശാമ്മ: എടോ കിറുക്കാ, എന്റെ തങ്കം ഗർഭിണിയായി. പോയില്ലെങ്കിൽ ക്ഷമ നശിക്കും. ഞാൻ തന്നെ ഇടിച്ചു തള്ളും.

മ: പിള്ള: ഗുരുവായൂരപ്പാ, ഇവരം ഗർഭിണിയാണോ. ഞാനീ കൺട്രോരം പിൽസെല്ലാം ആറുമാസംകൊണ്ടു് തിന്നുന്നല്ലോ. എടീ തങ്കമ്മെ, ഞാനെന്താണീ കേരംക്കുന്നതു്?

തങ്കമ്മ: ഓപ്പൺ ഫാക്ററു്!

ശോശാമ്മ: ഇയാളെ പേപ്പട്ടി കടിച്ചാണോ കിറുക്കിളകിയതു്. എന്താ തങ്കം, വായിക്കൂടെ പതവരുന്നല്ലോ? (മല്ലൻപിള്ള വായ് തടവി നോക്കിയശേഷം)

മ: പിള്ള: എടാ മാടമ്പി മല്ലൻപിള്ളയെ ആന കടിക്കത്തില്ല, പിന്നല്ലേ പേപ്പട്ടി. എടീ തങ്കമ്മെ, നീ വാ. നമുക്കു് വീട്ടിൽപോകാം, നിന്നെ ഞാൻ ചികിത്സിക്കാം. (ഒരു വശത്തുകൂടി "ബാലൻ" പ്രവേശിച്ചു് മല്ലൻ പിള്ളയുടെ ഷർട്ടിൽ കടന്നുപിടിക്കുന്നു.)

ബാലൻ: അച്ഛാ, അമ്മ വിളിക്കുന്നു. വീട്ടിലേക്കു് വരാൻ. (തങ്കമ്മയും ശോശാമ്മയും ചിരിയടക്കുന്നു.)

മ: പിള്ള: (അമ്പരപ്പോടെ ബാലന്റെ കൈ തട്ടിമാററിയശേഷം) ച്ഛെ. വിടെടാ, ഹല്ലേ, ഇതെന്തു് ശല്യം. എടാ ചെറുക്കാ നിനക്കു് ആളു് മാറിപ്പോയി. പോടാ. പോയി നിന്റെ തന്തയെ തേടു്....

ബാലൻ: അല്ലേ, അച്ഛനു് കിറുക്കോ, വാ അച്ഛാ, വീട്ടിൽ വരാൻ. അരീം സാമാനോം വാങ്ങണം. എളപ്പം....

മ: പിള്ള: വഴിയേ പോകുന്ന ആരെയെങ്കിലും അച്ഛാന്നു് വിളിക്കുകയാ നിന്റെ തൊഴിൽ? എടാ ഇനി എന്നെക്കേറി അച്ഛാന്നു് വിളിച്ചാ നിന്റെ നാക്കു് ഞാൻ പിഴുതെടുക്കും.

തങ്കമ്മ: ഇയിടെ വേറെ ഭാര്യയും മക്കളും ണ്ടു്. അതു് മറയ്ക്കാനാണു് എന്നെക്കേറിയങ്ങു് സംശയിച്ചതു്. അല്ലേ?

മ: പിള്ള: ഈശ്വരനാണെ സത്യം ഇവനെ ഞാൻ മുമ്പു് കണ്ടിട്ടില്ല. തങ്കമ്മെ, ഇവന്റെ അമ്മയെ സ്വപ്നത്തിൽപോലും കണ്ടിട്ടില്ല.

ശോശാമ്മ: തന്തേം മോനേം ഒരച്ചിലിട്ടെടുത്തമാതിരിയല്ലെ. എന്നിട്ടും പറയുന്നതു് കേട്ടോ. പച്ചക്കള്ളം. തന്തയല്ലപോലും.

തങ്കമ്മ: ആ ചെറുക്കന്റെ കൂടെ പൊയ്ക്കോ. രഹസ്യഭാര്യയുടെ പൂച്ച പുറത്തു ചാടീല്ലെ. ഞങ്ങളും പോന്നു. വാ പ്രാണനാഥാ (ശോശാമ്മയുടെ കൈ പിടിച്ചു് പോകാൻ തുടങ്ങുന്നു. മല്ലൻപിള്ള അഭ്യർത്ഥനാരൂപത്തിൽ തടഞ്ഞുകൊണ്ടു്)

മ: പിള്ള: തങ്കമ്മെ, നീ എന്റെ ജീവനാ; എന്നെ വിട്ടുപോയാൽ ഞാൻ ചാകും. എനിക്കു് വേറെ ആരുമില്ല. വാ നിന്നെ ഞാൻ സംശയിക്കത്തില്ല മേലിൽ. ഒന്നും ഉപദ്രവിക്കത്തില്ല—വാ——ഈ മന്ത്രക്കാരനെ ഓടിച്ചിട്ടുവാ. എവൻ പെണ്ണുകള്ളനാ.

തങ്കമ്മ: അപ്പോരം ഈ ചെറുക്കനും അവന്റെ തള്ളേം?

മ: പിള്ള: എടാ എരപ്പാളിച്ചെറുക്കാ, പോയി നിന്റെ അമ്മയോടു് പറ നിനക്കൊരച്ഛനെ പിടിച്ചുതരാൻ. വൃ, മാടമ്പി മല്ലൻ പിള്ളയുടെ മകൻപോലും. നോക്കടാ അവന്റെ പടുതി. ഓടെടാ പട്ടി! തങ്കമ്മെ, നീ എന്നെ കൈവിടരുതു്. വാ, പോകാം.

ശോശാമ്മ: തങ്കത്തിനെ തന്നാൽ എനിക്കെന്തു് തരും?

മ: പിള്ള: തനിക്കു് ഞാനൊരു ചവിട്ടു തരും. എന്റെ ഭാര്യയെ വശീകരിക്കാൻ ശ്രമിച്ചതുംപോര; എന്റെ രക്തം തെളച്ചാലൊണ്ടല്ലു്....

തങ്കമ്മ: എന്നെ ഇനിമേൽ സംശയിക്കുമോ.

മ; പിള്ള: ഗുരുവായൂരപ്പനാണെ സംശയിക്കത്തില്ല.

തങ്കമ്മ: ആണത്തമായിട്ടു് പെരുമാറാമോ?

മ: പിള്ള: അസൽ പുരുഷനായിട്ടു്ത

എൻറാസ്റ്റെയിൻചസ് സ്റ്റീച്ചാണ് നീ, നീ ചത്താൽ അറുപത്തു കോടി ജനം ചാവുന്നതിനെക്കാറം സങ്കടമാണെനിക്കു്. ഒരു കാര്യം ചെയ്യു്. ഇപ്പോറം നമുക്കു് എവിടേക്കെങ്കിലും ഓടിപ്പോകാം. മല്ലൻപിള്ളയെ തട്ടിയ ശേഷം പുറകെ നമുക്കു് സ്വയ്രമായി കഴിയാം. എന്താ, ഓടാമോ?

തങ്കമ്മ: എത്ര മൈലും ഓടാം. ഈ ദുഷ്ടനിൽനിന്നു് രക്ഷപ്പെട്ടാൽ മതി. വാ ഓടാം. നെട്ടോട്ടം ഓടാം.

(അവർ ഓടാൻ തുടങ്ങി. മല്ലൻപിള്ള തുള്ളിച്ചാടി രംഗത്തേക്കു് വന്നു)

മല്ലൻപിള്ള: ഓടരുതു്, അനങ്ങിപ്പോയാൽ കിളിയെ എറിഞ്ഞിടുന്നപോലെ രണ്ടിനേം ഞാൻ താഴത്തിടും—തങ്കമ്മപോലും! ഭദ്രകാളി. എടാ കാമുകാ, നിന്നെ ഞാൻ കൊല്ലും

(ശോശാമ്മ ധൈര്യപൂർവം മീശയും പിരിച്ചു നിൽക്കുകയാണു്. മല്ലൻപിള്ള ശോശാമ്മയെന്ന പുരുഷനെ അടിമുടി സൂക്ഷിച്ചുനോക്കുന്നു)

ശോശാമ്മ; ച്ഛെ, മാറിനില്ലെടാ. ഒരു നോട്ടം. ആണുങ്ങളെ കണ്ടിട്ടില്ലാത്തപോലെ.

മ: പിള്ള: (ഞെട്ടി പുറകോട്ടു് മാറി) ഹെടാ, കട്ടറായെ കിട്ടവാ പിടിക്കുമോ സിങ്കപ്പൂരിൽ. എടീ തങ്കമ്മെ!

തങ്കമ്മ: പ്രാണനാഥാ, ഈ കിറുക്കനെ ഓടിക്കു. എനിക്കിത്തിരി ഛർദ്ദിക്കണം.

ശോശാമ്മ: ഓമനെ, നീ എൻെറ കുഞ്ഞിൻെറ അമ്മയാകാൻ ഉള്ള ലക്ഷണമാ, (മല്ലൻപിള്ളയോടു്) എടോ ഭ്രാന്താ ഒന്നു് മാറിനില്ലു്. എൻെറ ഭാര്യ ഛർദ്ദിക്കും.

മ: പിള്ള; ഹല്ലാ, ഇവറം ഗർഭിണിയുമാണോ. അല്ലേ, ഇതു് തങ്കമ്മയല്ലിയോ (സൂക്ഷിച്ചു നോക്കി) സാക്ഷാൽ തങ്കമ്മ. എടീ തങ്കമ്മെ, നിനക്കെന്തു് പററി? നീ ആരെടെയോ മന്ത്രത്തിൽ കുരുങ്ങിയോ—എൻെറ ഭഗവാനെ....

ശോശാമ്മ: ഓമനെ, തങ്കം ഈ കിറുക്കനെ അറിയുമോ?

തങ്കമ്മ: അറിയും എൻെറ അഞ്ചാമത്തെ ഭർത്താവാണു്. ഇപ്പോറം പിരിലൂസുമാണു്. ഡൈവോഴ്സ് ചെയ്തു.

മ: പിള്ള; തങ്കമ്മെ, നിന്നെ ഇയാറം മന്ത്രത്തിൽ മയക്കിയിരിക്കയാണു്. വാ നമുക്കു വീട്ടിൽ പോയി മരുന്നു് ചെയ്യാം,

തങ്കമ്മ: നിങ്ങറംക്കു് നിക്കാഹ്. നിങ്ങളെ പത്തു വർഷം മുമ്പേ ഞാൻ തള്ളിയിരിക്കുന്നു. പോ ഇവിടുന്നു്.

ശോശാമ്മ: പോയില്ലെങ്കിൽ സമരം, സന്ധിയില്ലാത്ത സമരം.

തങ്കമ്മ: ഞങ്ങളെന്നേ ഗാന്ധർവ വിവാഹത്തിലാ. അതിപ്പം പിരിമുറുകിയിരിക്കുകയാ. നല്ലതിനു് പോ!

മ: പിള്ള: എടാ മന്ത്രക്കാരാ, ഞാനിപ്പം പോലീസിനെ വിളിക്കും. തങ്കമ്മെ, വാ വീട്ടിൽ പോകാം വാ....

ശോശാമ്മ: ഞാനാണു് പോലീസിനെ വിളിക്കുക. കിറുക്കൻ വന്നു് ഞങ്ങളുടെ മധുവിധു തകർക്കുന്നതിനു്.

മ: പിള്ള: ഹെടാ—ശപ്പാ. ജീവനൊണ്ടെങ്കിൽ ഞാൻ തങ്കമ്മേ തരത്തില്ല. തങ്കമ്മേ—നീ വാ—വീട്ടിൽ പോയി വല്ല കരിക്കും പന്തവും ഒക്കെ ഒഴിയാം വാ....

തങ്കമ്മ: നിങ്ങറംക്കു് ഗുഡ്ബൈ. രണ്ടു


**S. Balakrishna Book Depot**

ESTD: 1953

News Agents, Book Sellers & Stationers

Obtainable :-

**FEMINA, ILLUSTRATED WEEKLY**

**FILM FARE, STAR DUST**

**STAR AND STYLE**

മാതൃഭൂമി, മനോരമ, സിനിമാ മാസിക

മൊത്തമായും ചില്ലറയായും വിതരണം

ചെയ്യുന്ന ഏക സ്ഥലം:

3, Kerbau Road. Singapore-8.

Tel: 322468

വല്ലോരും എന്നെ തൊട്ട അടയാളം വല്ലതുമുണ്ടോയെന്ന് പരിശോധിക്കയായിരുന്നു. ചായക്കപ്പ് കൈയിലെടുത്തപ്പോൾ മുറിക്കകത്തൊരു ശബ്ദം. ഓടിപുറത്തിറങ്ങി കണ്ണി നിവർത്തി. എന്നിട്ടങ്ങലറാൻ തുടങ്ങി. (അതുപോലെ അഭിനയിച്ച് കാണിച്ചുകൊണ്ട്) "കാത്തിരുന്ന് കാത്തിരുന്ന് കിട്ടിയെടാ നിന്നെ. മാടമ്പിയുടെ മകനെടാ ഞാൻ. കൊല്ലും കൊലയും നടത്തിയിരുന്നവനെടാ–മിണ്ടാതിറങ്ങിവാ – –വാടാ വെളിക്ക് മിണ്ടാതെ. മര്യാദയ്ക്ക് സറണ്ടർ". (സ്വരം മാററി)

ഒരു പോത്തൻ എലി എടുത്തൊരു ചാട്ടം പുറകെ ഒരു കുന്നൻ പൂച്ചയും. മാടമ്പിക്കു സമാധാനമായി. ഞാനങ്ങ് ചിരിച്ചുപോയി. (എല്ലാവരും ചിരിച്ചു)

അമീന: എന്നിട്ട്, ഇന്നെന്തുണ്ടായി? അയാൾക്ക് വരട്ടു ചൊറി!

തങ്കമ്മ: ഇന്നോ? ഇന്ന് വെള്ളത്തിന്റെയും ലൈററിന്റെയും മീററർ റീഡർ വന്നു കയറി. പുറകെ ശ്രീമാൻ മല്ലൻപിള്ളയും വന്നു. (രണ്ടു ഭാഗവും അഭിനയിച്ചുകൊണ്ട്) ചോദ്യമായി. താനാരാടോ? ഉത്തരം, മീററർ റീഡർ. ചോദ്യം, താൻ ആണോ പെണ്ണോന്നാ ചോദിച്ചത്? തന്റെ കണ്ണിൽ ഉരുളക്കിഴങ്ങാണോ. കണ്ടാലറിഞ്ഞൂടെ–ഉത്തരം. അങ്ങനായാല് ഞാനുള്ളപ്പോൾ മാത്രമേ മേലിൽ ഇവിടെ വരാവൂ: എന്നായി വീട്ടുകാരൻ. മീററർ റീഡർ മറുപടി കൊടുത്തു: കണ്ടാൽ ആണത്തമില്ലാത്തവനാണ് താനെന്നു മനസ്സിലായി. ഇനി തന്റെ ബ്രെയിൻ റീഡറായിട്ടായിരിക്കും ഞാനിവിടെ വരിക. ഫ, പെങ്കോന്തനെന്ന് താററിയിട്ട് അയാൾ ഇറങ്ങിപ്പോയി.

ഭാരതി: ആ മീററർ റീഡർക്ക് ചായ വാങ്ങിക്കൊടുക്കണം.

അമീന: അല്ല, ശോശാമ്മ മടങ്ങിവന്നല്ലോ.

ഭാരതി: തങ്കമ്മ, മല്ലൻപിള്ള അരമണിക്കൂറിനകം എത്തുമല്ലോ. ഞങ്ങൾ ഈ വശത്തുകൂടി പോകാം. അഭിനയം നാച്ചുറലായിരിക്കണം. വിഷ് യൂ ഗുഡ് ലക്ക്! (ഭാരതിയും അമീനയും നടന്നു മറഞ്ഞു. മറുവശത്തുകൂടി പുരുഷവേഷത്തിൽ ശോശാമ്മ ഇറങ്ങിവന്നു. തലേൽക്കെട്ടും മേൽമീശയും ഷർട്ടും മററുമാണ് വേഷം)

ശോശാമ്മ: ഓമനേ, തങ്കം!

തങ്കമ്മ: പ്രാണനാഥാ! എന്റെ ഭർത്താവ് പിറകെ വരുന്നുണ്ട്. സൂക്ഷിക്കണം.

ശോശാമ്മ: തങ്കക്കുടം ഭയപ്പെടാതിരിക്കൂ. മല്ലൻപിള്ളയല്ല–സാക്ഷാൽ കേസരിപ്പിള്ള വന്നാലും ഒരു മന്ത്രം ചെയ്തു നമുക്കോടിക്കാം. (രണ്ടാളും ചിരിക്കുന്നു)

(മല്ലൻപിള്ള വന്ന് മറഞ്ഞു നിൽക്കുന്നു. അത് എല്ലാവർക്കും കാണാവുന്ന രീതിയിലാണ്. തങ്കമ്മയും ശോശാമ്മയും അയാളെ കണ്ടതായി ഭാവിക്കുന്നില്ല.)

തങ്കമ്മ: നമുക്കിനി പിരിഞ്ഞിരിക്ക വയ്യാ. ഒരേ കയറിൽ തൂങ്ങിമരിക്കാം. അല്ലെങ്കിൽ എടുത്തുചാടി ചാവാം. ഹൃദയേശ്വരൻ എന്തു പറയുന്നു?

ശോശാമ്മ: മരിച്ചുകൂടാ. ജീവിച്ചിരുന്നു മധുവിധു കൊള്ളാനാണ് ജന്മം. അത് നാം സ്വയം നശിപ്പിച്ചുകൂടാ. അഥവാ മരിക്കുന്നെങ്കിൽ തന്നെ ഏതെങ്കിലും പുതിയ മോഡൽ മരണമായിരിക്കണം. പിന്നെ, ഞാനയച്ച പ്രേമലേഖനങ്ങൾ എല്ലാം ഭവതി എന്തുചെയ്തിരിക്കയാണ്? പൊണ്ണൻപിള്ള കണ്ടോ?

തങ്കമ്മ: ഒരു ടിന്നിലിട്ട് കുഴിച്ചിട്ടിരിക്കയാണ്. ആ കാലൻ കാണാതെ മുകളിൽ സിമന്റിട്ടിട്ടുണ്ട്. മാന്തിനോക്കുമോ എന്തോ.

ശോശാമ്മ; ഓമനെ, തങ്കമണി, എന്റെ ചിന്താമണി യിങ്ങ് അടുത്തുവാ. നിന്നെ തൊടുമ്പോൾ ഞാനങ്ങ് സ്വർഗ്ഗത്തേക്ക് പറക്കുന്ന മട്ടാണ്. (പിടിക്കുന്നു) ഹാ! എന്തു സുഖം!

(ഒളിഞ്ഞുനിൽക്കുന്ന മല്ലൻപിള്ള അരിശം കൊണ്ട് കൈ ഞെരിക്കുന്നു)

തങ്കമ്മ; പ്രാണനാഥാ; വയ്യ; ഇനി ഒളിച്ചുകളി വയ്യ. എനിക്ക് എപ്പോഴും കാണണം. എപ്പോഴും ഈ മീശയിൽ തൊടണം. ആലിംഗനത്തിൽ അലിയണം. നമ്മൾ ഇനി പിരിഞ്ഞാൽ എന്റെ വയറും മനസ്സും ഇളകിമറിഞ്ഞ് വയറിളകി ഞാൻ ചത്തുപോകും. ചത്തുപോയാൽ പിന്നെ... ഹൃദയേശ്വരന് ആരുമില്ല....

ശോശാമ്മ: ചാവണ്ടാ–എന്റെ തങ്കം–

ചെറുകഥ

# പ്രതികാരം

— കല്ലറ മുഹമ്മദ് കുഞ്ഞ്, ഹൈദരബാദ് —

അകലെ കാണുന്ന മൊട്ടക്കുന്നുകളും, പച്ചക്കാടുകളും, ഫാക്ടറിയുടെ ഉയർന്നു നില്ക്കുന്ന പുകക്കുഴലുകളും, നരച്ച വെളുത്ത ആകാശത്തെ നോക്കി പരിഹസിക്കുകയല്ലെ—മരിച്ചു വീണ ഇന്നലെയുടെ മാളത്തിൽ അനുഭൂതികളും സ്വപ്നങ്ങളും വിരാമമിട്ടു. ഇന്നിന്റെ നൈരാശ്യം ചൂഴ്ന്നിറങ്ങിയ ചുഴിയിൽ നാളെയുടെ രൂപമില്ലായ്മ വിശ്രമിക്കുന്നു. ചേതോ വികാരങ്ങളിൽക്കൂടി ജീവിതത്തിന് നിറഭേദങ്ങളുണ്ടായപ്പോൾ മറ്റൊരു ലോകത്തേക്കു മയങ്ങിയിറങ്ങിച്ചെന്നു. സൗന്ദര്യത്തിന്റെ തങ്കരശ്മികൾ വീശിയ രൂപത്തിനു പിന്നാലെ പാഞ്ഞ മനസ്സിന്റെ അനിയന്ത്രിതാവസ്ഥയിലേക്ക് തന്നെ വലിച്ചിഴക്കാൻ കെല്പുററ ആ ശപിക്കപ്പെട്ട നിമിഷം ഏതായിരുന്നു—



നടക്കുമ്പോൾ ഒരു ലക്ഷ്യവും മുന്നിലില്ലായിരുന്നെങ്കിലും കൊണ്ടെത്തിച്ചത് താൻ ജോലി ചെയ്തിരുന്ന ഫാക്ടറിയുടെ മുൻവശത്തായിരുന്നു. വീതിയുള്ള റോഡിൽക്കൂടി വാഹനങ്ങൾ ഇരച്ചുപാഞ്ഞു പോകുന്നു. ഇളംവെയിൽ. ജോലി കഴിഞ്ഞിറങ്ങാനുള്ള സൈറൺ മുഴങ്ങിക്കേട്ടു, തന്നോടൊത്തു ജോലിചെയ്തിരുന്നവർ സൈക്കിളുകളിലും കാൽനടയായും തന്നെ കടന്നുപോകുന്നു. ഓഫീസർമാർ കാറിലും സ്കൂട്ടറിലും ഇടംവലം നോക്കാതെ പാഞ്ഞുപോയി. പലരും ശ്രദ്ധിച്ചില്ല. ചിലർ ഒന്നു മന്ദഹസിക്കാൻ ശ്രമിച്ചതു പോലെ തോന്നിയെങ്കിലും ഒരു നിമിഷം നിന്ന് ഒരു വാക്കു സംസാരിക്കാതെ സങ്കേതങ്ങളിലേക്കു തിരക്കിട്ടു കടന്നുപോയി. അവരുടെ മന്ദഹാസം പരിഹാസം കലർന്നതായിരുന്നില്ലെ? ഒരു നിമിഷത്തിൽ ദുർബ്ബലഫാക്ടറിയിലെ ജോലിയെടുത്തെറിഞ്ഞ തന്റെ നേരെ എല്ലാവർക്കും പരിഹാസമായിരിക്കും. ഗേററിൽ കാവൽ നിൽക്കുന്ന ഗൂർഖ തന്നെക്കാണുമ്പോൾ എന്നും സലാം ചെയ്യുന്നതാണ്. ഇപ്പോളവനും കണ്ടഭാവം നടിക്കുന്നില്ല. മനുഷ്യനിലും സമൂഹത്തിലും ചരാചരങ്ങളിലും ഒററപ്പെട്ടവനെപ്പോലെ നിൽക്കുമ്പോൾ ഈ അവസ്ഥയിൽ കൊണ്ടെത്തിച്ച കാരണങ്ങളെക്കുറിച്ചോർത്തു—

ചലനം മുററിയ നഗരത്തിൽ ബസ്സ് നില്ക്കുന്നതിനുമുമ്പ് ചാടിക്കയറിയ താൻ അവളുടെ പുറത്തൊന്നു മുട്ടിപ്പോയതാണു കാരണം.

സംഭവ വികാസങ്ങളിലൂടെ നിന്നുമാണുണ്ടായത്. താൻ മാപ്പുചോദിച്ചെങ്കിലും അവരുടെ ഈർഷ്യയും ശകാരവും നിർത്തിയില്ല, പശ്ചാത്താപത്തോടെ നടന്നു നീങ്ങിയപ്പോൾ അവളും പിന്നിലുണ്ടെന്നു തോന്നി. തിരിഞ്ഞു നോക്കാൻ ധൈര്യമില്ലാതിരുന്ന താൻ ജനത്തിരക്കിൽക്കൂടി കുറെ ദൂരം നടന്നതിനുശേഷം തിരിഞ്ഞുനോക്കി. അവളെ കാണാതിരുന്നപ്പോൾ ഏതോ അപകടത്തിൽനിന്നും രക്ഷപ്പെട്ട അനുഭവമാണുണ്ടായത്.

നഗരത്തിൻെറ കോണിൽ അഹങ്കാരത്തോടെ തലയുയർത്തി നിൽക്കുന്ന വിമൻസ് കോളേജിൻെറ മുമ്പിൽ വെച്ച് വീണ്ടുമവളെ കണ്ടുമുട്ടിയതെന്തിനാണ്? മാൻപേടയുടെ ചലനമുള്ള കണ്ണുകൾകൊണ്ട് അവളെന്നെ തുറിച്ചുനോക്കിയപ്പോൾ തൻെറ മനസ്സിൽ ഭയത്തിൻെറ അലകൾ മെല്ലെ ഇളകിയെങ്കിലും ആ കണ്ണുകൾ തന്നെ കുടുക്കിക്കളഞ്ഞതായി തോന്നി. ഉരുണ്ട നാസികയും, കുറുനിരകൾ വീണുകിടക്കുന്ന നെററിത്തടവും, വിടർന്നുവരുന്ന റോസാപ്പൂവിൻെറ ഓർമ്മയിലെത്തിക്കുന്ന അധരങ്ങളും, ശരീരത്തിൻെറ ഘടനയും എല്ലാം അവളുടെ സൗന്ദര്യത്തിൻെറ പ്രതീകങ്ങളായിരുന്നു. താൻ ആ ഭംഗിയുള്ള രൂപത്തിൽ നോട്ടമയച്ചു നിന്നപ്പോൾ, അവളിൽ ക്രോധമായിരുന്നോ പുച്ഛമായിരുന്നോ അതോ ലജ്ജയായിരുന്നോ എന്നറിയാൻ കഴിഞ്ഞില്ല.

ആകർഷിക്കപ്പെട്ട താൻ നിമിഷങ്ങളിൽ പുളകമണിഞ്ഞു നിന്നപ്പോൾ മനസ്സു പറഞ്ഞു—

'കോളേജു കുമാരിയായ അപ്സരസ്സേ നിന്നെ ഞാൻ വീണ്ടുംകണ്ടുമുട്ടിയിരിക്കുന്നു!—ഞാൻ നിന്നെ സ്നേഹിക്കുന്നു.'

പിന്നെ അവളെ എൻെറ സ്നേഹമറിയിക്കാൻ, അവളുമായി ഒന്നു സംസാരിക്കാൻ ഓരോ ദിവസവും കാത്തു നിന്നു. കൂട്ടുകാരികളുടെ മദ്ധ്യത്തുവെച്ച് അവളോടൊന്നു മിണ്ടാൻ കഴിയാതെ മടങ്ങി. അവളെ കാണാൻപോകുന്ന ദിവസങ്ങളിലെല്ലാം ലീവെടുക്കുകയായിരുന്നു.

വെയിൽ മങ്ങിത്തെളിഞ്ഞുകൊണ്ടിരുന്നു. ഒരു മദ്ധ്യാഹ്നത്തിൽ ഒററയ്ക്കുവളെ കണ്ടുമുട്ടിയപ്പോൾ തൻെറ മനോവികാരങ്ങൾ തുറന്നു പറഞ്ഞു. അവജ്ഞ നിറഞ്ഞ ഒരു നോട്ടംഅവൾതനിക്കുസമ്മാനിക്കുകയാണുചെയ്തത്. അവളിൽ ഭ്രമിച്ച താൻ വീണ്ടും വീണ്ടും പിന്നാലെ നടന്നു. അസഹ്യമായി തോന്നിയിട്ടായിരിക്കണം അവളൊടുവിൽ ചോദിച്ചു—

"നിങ്ങളെന്നെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നൊ?"

"അതെ! തീർച്ചയായും—"

"എങ്കിൽ ഡാഡിയുമായി സംസാരിക്കു—"

.......മനോഹരമായ ബംഗ്ലാവ്. മുന്നിൽ ചെറിയ പൂന്തോട്ടം. പോർട്ടിക്കോയിൽ നിരത്തിവച്ചിരിക്കുന്ന ഭംഗിയുള്ള പൂച്ചട്ടികൾ. വിടർന്ന പൂക്കളുടെ പരിമളം. അവളുടെ കൂടെത്തന്നെയാണു വീട്ടിലേക്കു പോയത്. പൂമുഖത്തിരുന്ന കണ്ണടവച്ച കഷണ്ടി കയറി നരച്ച ആ മനുഷ്യൻ എല്ലാമറിഞ്ഞ ഭാവത്തിൽ തങ്ങളെ പ്രതീക്ഷിച്ചിരുന്നതുപോലെ കാണപ്പെട്ടു. അവളുടെ അച്ഛനായിരിക്കണമത്. അദ്ദേഹത്തിൻെറ മുഖത്തപ്പോൾ മന്ദഹാസത്തിൻെറ വെളിച്ചമല്ലെ കണ്ടിരുന്നത്.

—ഉയർന്ന ഉദ്യോഗസ്ഥനായ അദ്ദേഹത്തിനു് അതിശയോക്തിപോലെ വിനയം ധാരാളമുണ്ടായിരുന്നു. തൻെറ ചുററുപാടെല്ലാം ചോദിച്ചു മനസ്സിലാക്കിയ അദ്ദേഹം കസേരയിൽ നിവർന്നിരുന്നിട്ടു പറഞ്ഞതെന്താണ്—

"സമ്മതമാണു്; പക്ഷെ—"

പെട്ടെന്നു ഞാൻ എന്നെത്തന്നെ മറന്നതുപോലെ തോന്നി. ആനന്ദപുളകിതനായതാൻ ഉയർന്നുയർന്നു പോയി. പിന്നെയാണോർത്തതു്; എന്താണീ പക്ഷെ? അതിലടങ്ങിയിരിക്കുന്ന അർത്ഥമെന്താണ്? പക്ഷെ—അപ്പുറം അദ്ദേഹം പറയാൻപോകുന്നതെന്താണെന്നറിയാൻ ജിജ്ഞാസുവായി—

"നിങ്ങളുടെ ഈ ജോലികൊണ്ടു കിട്ടുന്ന ശമ്പളം ഒരു കുടുംബജീവിതം നയിക്കാൻ മതിയാവുകയില്ല." തനിക്കു പ്രമോഷനു ചാൻസുണ്ടെന്നും അപ്പോൾ ശമ്പളം കൂട്ടിക്കിട്ടുമെ

ന്നും അറിയിച്ചപ്പോൾ പറഞ്ഞു—

"പ്രമോഷനായാലും ഇരുപതോ ഇരുപത്തഞ്ചോ കൂടുതൽകിട്ടുമായിരിക്കും. അതുകൊണ്ടെന്താകാനാണ്?" അടുത്തതെന്താണു പറയേണ്ടതെന്നറിയാതെ പരിഭ്രമിച്ചു നിന്നപ്പോൾ അദ്ദേഹംതന്നെ തുടർന്നു—

"പരിഭ്രമിക്കേണ്ട. നല്ലൊരു ജോലി ഞാൻ വാങ്ങിത്തരാം."

എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ജോലിയും വാങ്ങിത്തന്ന് സൗന്ദര്യദേവതയായ മകളെയും വിവാഹംകഴിച്ചുതരുകയോ! താൻ നിർവ്വികാരനായി നിമിഷങ്ങളെണ്ണിയപ്പോൾ—"സന്തോഷമല്ലെ—" എന്ന ചോദ്യത്തിനു മുമ്പിൽ അത്ഭുതംനിറഞ്ഞ കണ്ണുകൾ തുറിച്ചുപോയി......

നല്ല ശമ്പളമുള്ള പുതിയ ജോലിക്കുവേണ്ടി താൻ ജോലിചെയ്തിരുന്ന കമ്പനിയിലെ ഡിസ്ചാർജ്ജ് സർട്ടിഫിക്കററാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഒരു ദിവസം പോലും താമസിക്കാൻ പാടില്ലെന്ന വിചാരത്താൽ പിറേറദിവസം രാവിലെതന്നെ റെസിഗ്നേഷൻ എഴുതികൊടുത്തു.

താമസിയാതെ കൂടുതൽ ശമ്പളമുള്ള ഒരു ജോലി, സുന്ദരിയായ ഒരു പെൺകുട്ടി—തനിക്കു ലഭിക്കാൻപോകുന്ന നിധികളാണ്. എന്റെ ഭാഗ്യത്തിൽ മനസ്സു ചിരിച്ചു. കുയിലുകൾ പാടി. തേനരുവികൾ മുത്തുകൾ വാരിവിതറി. ആകാശത്തു മഴവില്ലുകൾ തെളിഞ്ഞു. പ്രകൃതിയെ പല വർണ്ണ പൂക്കൾ ഹൃദയഹാരിയാക്കി. വിശാലമായ ലോകത്തിന്റെ അനന്തവിഹായസ്സിൽ സഞ്ചരിക്കുകയായിരുന്നു—

സ്വപ്നങ്ങളിൽ മയങ്ങിയ താൻ വിജയാഹ്ലാദനായി. ഡിസ്ചാർജ്ജ് സർട്ടിഫിക്കററുംകൊണ്ട് ബംഗ്ലാവിലേയ്ക്കു കയറിച്ചെന്ന തന്റെ കണ്ണുകൾ ആധികാരികമായിത്തന്നെ അവിടെയെല്ലാം പരതിനടന്നതിനുശേഷം അരണ്ട ഉള്ളറയിലെ വെളിച്ചത്തിൽ അവളുടെ മുഖത്തു ചെന്നുപതിച്ചു. അവളവിടെനിന്നും തെന്നിമാറിയ നിമിഷം അല്പം നിരാശ മനസ്സിൽകൂടി ഓടി മറഞ്ഞെങ്കിലും ഭാവിയിൽ അവളെ സ്വന്തമാക്കുന്ന രംഗത്തെക്കുറിച്ചോർത്തുകൊണ്ട്, പൂമുഖത്തിട്ടിരുന്ന സോഫാസെററിന്റെ ഒരററത്ത് ഇല്ലസ്ട്രേററഡ് വീക്കിലി മറിച്ചുനോക്കിക്കൊണ്ടിരുന്നപ്പോൾ ഗയ്ററിൽ കാറിന്റെ ശബ്ദംകേട്ടു. അദ്ദേഹമകത്തുകടന്നപ്പോൾ താനെഴുന്നേററു. ഭാവപ്രകടനങ്ങളൊന്നുംകൂടാതെ ഇരിക്കാൻ പറഞ്ഞു.

ഡിസ്ചാർജ്ജ് സർട്ടിഫിക്കററ് അദ്ദേഹത്തിന്റെ നേരെ നീട്ടി. അദ്ദേഹമതു വാങ്ങിനോക്കിയിട്ടു തിരിച്ചുതന്നു. കുറച്ചുനേരത്തേക്കൊന്നും സംസാരിച്ചില്ല. പിന്നെ പറഞ്ഞതെന്താണ്? തനിക്കുവേണ്ടി കണ്ടുവെച്ചിരുന്ന ജോലിയിൽ വേറെ ആളെ എടുത്തുപോയെന്ന്. എന്നാലും മറെറവിടെയെങ്കിലും ശ്രമിക്കാമെന്ന്.

ഞാൻ വിവാഹത്തെക്കുറിച്ചു പറഞ്ഞപ്പോൾ മറുപടിയുണ്ടായതിങ്ങനെയാണ്—

"അവൾ പഠിക്കുകയല്ലെ? ഇനി ഏതായാലും എക്സാമിനേഷൻവരെ ക്ഷമിക്കു—"

തന്റെ രണ്ടു മോഹനപ്രതീക്ഷകൾക്കും ഈ രണ്ടുത്തരങ്ങൾ കിട്ടിയപ്പോൾ തനിക്കവളുടെ മുഖത്തെ ഭാവരസം വ്യക്തമായി ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. പരിഹാസദ്യോതകമായ ഒരു ഭാവം അവിടെ ദൃശ്യമായിരുന്നു. അപ്പോൾ താനോർത്തുപോയി—തന്നെ നയപരമായി വഞ്ചിക്കുകയായിരുന്നു. മകളെ ആഗ്രഹിച്ചുപോയതുകൊണ്ടു ശിക്ഷിക്കുകയായിരുന്നു. പൊടുന്നനെ തന്റെ ജോലിപ്പോക്കു വന്ന മുമ്പിൽ തലപൊക്കിയതു്. താൻ വീണ്ടും ആ മനുഷ്യനെ നോക്കി. അദ്ദേഹമകത്തേയ്ക്കു പോകാനെഴുന്നേററു.

തന്റെ മനസ്സാന്നിദ്ധ്യം നഷ്ടപ്പെടുകയാണോ? ശരീരത്തിന്റെ പേശികൾക്കുറപ്പുപോരാത്തതുപോലെ തോന്നി.

ജോലിക്കു ശ്രമിക്കുന്നുണ്ടെന്നും വിവാഹം പിറകെ ആകാമെന്നും അദ്ദേഹം വീണ്ടും പറഞ്ഞതു തന്നെ താൽകാലികമായി സമാധാനിപ്പിക്കാനായിരുന്നില്ലെ? താനവിടെനിന്നും ഇറങ്ങി നടക്കുമ്പോഴും അന്തരംഗത്തിൽ ഒരു വഞ്ചനയുടെയും ഒരു പകപോക്കലിന്റേയും ധ്വനി മുഴങ്ങിക്കൊണ്ടിരുന്നു....

ഉണ്ടായിരുന്ന ജോലിയും നഷ്ടപ്പെട്ട് രൂപയും തീർന്ന് വീണ്ടുമവിടെ ചെന്നപ്പോൾ പറഞ്ഞ വാചകത്തിൽനിന്നും മുമ്പു താനൂഹി

ച്ചിരുന്ന എല്ലാം ശരിയാണെന്നു മനസ്സിലായി. പിന്നെ ആ ബംഗ്ലാവിന്റെ ഗേററ് കടക്കാൻ പോലും തന്നെ അനുവദിച്ചിരുന്നില്ല. അവൾ യാദൃശ്ചികമായി തന്നെ കണ്ടാൽ ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോളവൾ നടന്നു കോളേജിൽ പോകാറില്ല. തവിട്ട നിറത്തിലുള്ള ഒരു ഫിയററുകാർ അവളെയും വഹിച്ചുകൊണ്ട് ജനങ്ങളെ ചികഞ്ഞുമാററി ഒഴുകിപ്പോകുന്നതു കണ്ടിട്ടുണ്ട്.

നഗരത്തിൽ അലഞ്ഞു നടന്ന് പരിക്ഷീണനായി, മുഷിഞ്ഞ വേഷധാരിയായി, ശൂന്യത നിറഞ്ഞ മനസ്സുമായി. ജോലിചെയ്തിരുന്ന കമ്പനിയുടെ പടിവാതുക്കലെത്തിയപ്പോൾ തനിക്കു പ്രതിഫലമായി കിട്ടിയതു് സഹപ്രവർത്തകരുടെ പരിഹാസത്തിലമർന്ന നോട്ടമായിരുന്നു. എപ്പോഴും കണ്ടുകണ്ട് പിന്നെ ശ്രദ്ധിക്കപ്പെടാതിരുന്ന ഗേററിന്റെ തൊട്ടടുത്തു് കമ്പനിയുടെ പേരെഴുതിയ ബോർഡിൽ ഒരപരിചിതനെപ്പോലെ നോക്കിനിന്നു.

ജോലി കഴിഞ്ഞു് എല്ലാവരും പോയിക്കഴിഞ്ഞിരുന്നു. ഗൂർഖ ഗേററടച്ചു, താനവിടെനിന്നും നടന്നു നീങ്ങുമ്പോൾ ഒരുറച്ച തീരുമാനം മനസ്സിൽ കട്ടിപിടിച്ചു കിടന്നിരുന്നു. തന്റെ യാത്രയ്ക്കിപ്പോൾ ഒരു ലക്ഷ്യമുള്ളതുപോലെ തോന്നി. പ്രേമനൈരാശ്യത്തിൽ മുങ്ങിയവനും ജോലി നഷ്ടപ്പെട്ടവനുമായ തനിക്ക് പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ടിരിക്കുമ്പോൾ എന്തും പ്രവർത്തിക്കാം, ആരെയും ഭയപ്പെടാനില്ല. തന്നോടു പ്രവർത്തിച്ചതിനു പ്രതികാരം ചെയ്തതന്നെയാകണം. ഇന്ന്! അതെ ഇന്നുരാത്രി. ആ ബംഗ്ലാവിന്റെ മതിൽ ചാടിക്കടക്കണം. തെക്കു ഭാഗത്തുള്ള അവൾ കിടക്കുന്ന മുറി നിശ്ചയമാണല്ലോ—

---

# Acknowledgements

THE President and Management Committee of the Singapore Kerala Association wish to record their thanks to:—

The Honourable Minister for Culture for his valuable message.

Dr. Lee Chiaw Meng for his kind presence at the Tenth Anniversary Celebration of the Republic of Singapore.

Mr. Elias Pereira, Director of Stamford College, our guest of honour for Onam Night and as patron for 10th Anniversary Republic Day.

Mrs. M. C. Elias Pereira for her generous consent to be the guest of honour in giving away the prizes on Onam Sports Day.

The Indian Fine Arts Society, the USSR Choir Group, H. M. S. Yuvajana Sangam, Srivana Party, People's Association, Mrs. Jaya Nair, Selvalakshmi Thambaya, Mrs. Sarojini, Mr. Janardhanan and other individual artistes for their contributions and co-operation.

Miss Santha Balakrishnan our dance teacher and Mr. S. R. Chandran our Art Director.

Mr. K. T. Samuel, Mr. M. P. D. Nair and Mr. George Lim Seng Soon for their generous donation of Challenge Trophies.

All donors for their generous contributions in cash and in kind.

All advertisers for their generosity in helping to make the Onam souvenir programme possible.

Mr. Gopalakrishnan, Mr. Achutan Nair our Masters of Ceremony.

The Malaysia Malayalee, The Straits Times, Tamil Murasu and the Sin Chew Jit Poh for their kind publicity.

Mr. George Netto our Malayalee Teacher and Miss Chan our Mandarin Teacher.

Mr. J. M. Alexander Convenor of Sports and all volunteers who helped us in one way or other on sports day.

Mr. S. M. Haniffa for providing transport.

The Management of the National Theatre.

The various Embassy representatives for their kind attendance.

All those who have in one way or other helped to produce the show.

Finally, you the audience for making this occasion a success.

*Note:* The Vice-President Mr. M. Vasudevan and the Cultural Committee regret any inadvertent omissions in the above list.

*Cover Design by* Georgeson Mathews

FOR EVERYONE'S ELECTRICAL AND MARINE NEEDS




Lim Seng Soon ELECTRIC CO. PTE. LTD.

*Office:* 80, Teck Guan Street, Singapore-9.

64-66, 71, Kanisha Marican Road, Singapore-9.
Tel: 372903/370542


Printed at Stamford College Press (Pte) Ltd., Singapore-15.